32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

March 01, 2024 | Vol. XXXII No. 09 | Periodicals Postage Paid

4 സർക്കാർ പട്ടിക ഗവർണർ തിരിച്ചയച്ചു

6 നീതിന്യായ വ്യവസ്ഥയുടെ മനഃസാക്ഷി സൂക്ഷിപ്പുകാരൻ

7 ഇന്ത്യാ പ്രസ്ക്ലബ് പ്രവർത്തനോദ്ഘാടനം

13 തനി കാവ്യയോഗിയായ പ്രൊഫ. കോശി തലയ്ക്കൽ

15 ധനം നമുക്കൊരു ഇന്ധനം മാത്രം

## 'ഇന്ത്യ' മുന്നണിക്ക് 400–450 പൊതുസ്ഥാനാർത്ഥികൾ

ന്യൂഡൽഹി: അഖിലേഷ് യാദവ് (സമാജ്‌വാദി പാർട്ടി), അരവിന്ദ് കേജരിവാൾ (ആംആദ്മി പാർട്ടി) അടക്കമുള്ളവർ കോൺഗ്രസുമായി കൈകോർത്തതോടെ, ലോക്സഭാ തെരഞ്ഞെടുപ്പിൽ 400 – 450 സീറ്റിൽ പൊതുസ്ഥാനാർത്ഥിയെ നിർത്താനുള്ള നീക്കവുമായി 'ഇന്ത്യ' മുന്നണി മുന്നോട്ട്.



ഭാരത് ജോഡോ ന്യായ് യാത്രയിൽ പങ്കുചേർന്ന അഖിലേഷ് യാദവിനൊപ്പം സെൽഫിയെടുക്കുന്ന രാഹുൽ ഗാന്ധി

എന്നാൽ, ബംഗാളിൽ കോൺഗ്രസുമായി സഖ്യമുണ്ടാക്കില്ലെന്നും ഒറ്റയ്ക്കു മത്സരിക്കുമെന്നും തൃണമൂൽ നേതാവ് അഭിഷേക് ബാനർജി വ്യക്തമാക്കിയതു തിരിച്ചടിയായി. തൃണമൂലിനെ അനുനയിപ്പിക്കാൻ ശരദ് പവാർ അടക്കം പ്രതിപക്ഷത്തെ മുതിർന്ന നേതാക്കൾ ഇടപെട്ടേക്കും.

നിലവിലെ സാഹചര്യത്തിൽ കേരളം, പഞ്ചാബ്, ബംഗാൾ, ജമ്മു കശ്മീർ എന്നിവയൊഴികെയുള്ള സംസ്ഥാനങ്ങളിൽ പൊതു സ്ഥാനാർത്ഥിയെ നിർത്താൻ ധാരണയായിട്ടുണ്ട്. ബംഗാളിലും ജമ്മു കശ്മീരിലും ചർച്ചകൾ തുടരുമെന്നു കോൺഗ്രസ് വൃത്തങ്ങൾ പറഞ്ഞു. ബംഗാളിനു പുറമേ മേഘാലയയിലും തൃണമൂലുമായി ധാരണയുണ്ടാക്കുന്നതു കോൺഗ്രസ് പരിഗണിക്കുന്നു.

എൻ.ഡി.എയും ഇന്ത്യ മുന്നണിയും നേർക്കുനേർ പോരാടുന്ന സംസ്ഥാനങ്ങൾ: ഹരിയാന, ഗുജറാത്ത്, അസം, കർണാടക, മധ്യപ്രദേശ്, ഛത്തീസ്ഗഡ്, മഹാരാഷ്ട്ര, ബീഹാർ, രാജസ്ഥാൻ, ഡൽഹി, ഉത്തരാഖണ്ഡ്, ഹിമാചൽ, ജാർഖണ്ഡ്, ഗോവ. ആകെ 263 സീറ്റ്. ഇതിൽ, മഹാരാഷ്ട്ര, ബീഹാർ എന്നിവിടങ്ങളിൽ ഇന്ത്യ മുന്നണിയിലെ സീറ്റ് വിഭജന ചർച്ച പൂർത്തിയായിട്ടില്ല.

ഇന്ത്യ മുന്നണി, എൻ.ഡി.എ., പ്രാദേശിക കക്ഷി എന്നിവ അണിനിരക്കുന്ന ത്രികോണ പോരാട്ട സംസ്ഥാനങ്ങൾ- യു.പി., തമിഴ്നാട്, തെലങ്കാന, ആന്ധ്ര, ഒഡീഷ. 183 സീറ്റ്.

ബംഗാളിൽ തൃണമൂലുമായി സഖ്യമുണ്ടാക്കാൻ കഴിഞ്ഞില്ലെങ്കിലും സംസ്ഥാനത്തുടനീളം കോൺഗ്രസ് സ്ഥാനാർത്ഥികളെ നിർത്തില്ല. പാർട്ടിക്കു സ്വാധീനമുള്ള (ശേഷം 24-ാം പേജിൽ)

## ആറ് ഘട്ടമായി ലോക്സഭാതെരഞ്ഞെടുപ്പ്

ന്യൂഡൽഹി: ലോക്സഭാ തെരഞ്ഞെടുപ്പ് ഏപ്രിൽ, മെയ് മാസങ്ങളിൽ ആറ് ഘട്ടമായി നടത്താൻ തെരഞ്ഞെടുപ്പ് കമ്മീഷൻ ആലോചിക്കുന്നു. സ്കൂൾ, കോളജ് പരീക്ഷകളും ഓരോ സംസ്ഥാനത്തെയും ആഘോഷദിനങ്ങളും കണക്കാക്കി കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെ പോളിംഗ് തീയതി നിശ്ചയിക്കുക, വോട്ടെടുപ്പ് തീയതികളും നിലവിലുള്ള പരീക്ഷാ തീയതികളും ഒന്നിച്ചുവരികയാണെങ്കിൽ ചാർട്ടേഡ് അക്കൗണ്ടൻസിയുടെ ഫൗണ്ടേഷൻ, ഇന്റർമീഡിയറ്റ്, ഫൈനൽ പരീക്ഷകളുടെ തീയതി മാറ്റിയേക്കുമെന്ന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ അറിയിച്ചു. കേരളമടക്കം കാര്യമായ സുരക്ഷാപ്രശ്നങ്ങൾ ഇല്ലാത്ത ചെറിയ സംസ്ഥാനങ്ങളിൽ വോട്ടെടുപ്പ് ഒറ്റദിവസംകൊണ്ട് പൂർത്തിയാക്കും. എന്നാൽ യുപി, ബിഹാർ, മധ്യപ്രദേശ്, പ. ബംഗാൾ, ഛത്തീസ്ഗഢ്, ആന്ധ്രാപ്രദേശ് അടക്കമുള്ള സംസ്ഥാനങ്ങളിൽ വിവിധ ഘട്ടങ്ങളിലായി പോളിംഗ് പൂർത്തിയാക്കാനാണ് കമ്മീഷൻ തയ്യാറെടുക്കുന്നത്. പോലീസ് അർദ്ധസൈനിക വിഭാഗം അടക്കമുള്ള സുരക്ഷാ ഉദ്യോഗസ്ഥരുടെ ക്രമീകരണങ്ങൾ, വോട്ടെടുപ്പിനുള്ള യന്ത്രങ്ങൾ, വിവിപാറ്റ് മെഷീനുകൾ എന്നിവയുടെയെല്ലാം ലഭ്യത ഉറപ്പാക്കിയാവും ഓരോ സംസ്ഥാനത്തെയും തീയതി നിശ്ചയിക്കുക. വോട്ടെടുപ്പ് പൂർത്തിയാക്കി മൂന്നാം ദിവസമാകും രാജ്യത്തൊട്ടാകെ വോട്ടെണ്ണലും ഫലപ്രഖ്യാപനവും നടത്തി മെയ് മാസത്തിൽ തന്നെ പുതിയ സർക്കാർ രൂപീകരണത്തിന് വഴിയൊരുക്കാനാകും പരിശ്രമിക്കുക.

## ലീഗിന് മൂന്നാം സീറ്റില്ല, പകരം രാജ്യസഭ

കൊച്ചി: ലോക്സഭാ തെരഞ്ഞെടുപ്പിൽ മൂന്നാമത്തെ സീറ്റെന്ന മുസ്ലീംലീഗ് ആവശ്യം തള്ളി കോൺഗ്രസ്. മൂന്നാം ലോക്സഭാ സീറ്റ് നൽകാനാകില്ലെന്ന് അറിയിച്ച കോൺഗ്രസ്, രാജ്യസഭാസീറ്റ് എന്ന നിർദേശം ഫെബ്രുവരി 25-ന് ആലുവയിൽ നടന്ന ഉഭയകക്ഷി യോഗത്തിൽ മുന്നോട്ടുവെച്ചു. 27-ന് മലപ്പുറത്ത് നടക്കുന്ന ലീഗ് യോഗം കോൺഗ്രസ് നിർദേശം ചർച്ചചെയ്യും. രാജ്യസഭാ സീറ്റെന്ന വാഗ്ദാനം ലീഗിനു മുന്നിൽ വെച്ചകാര്യം കോൺഗ്രസ് സംസ്ഥാന നേതൃത്വം എ.ഐ.സി.സിയേയും അറിയിക്കും.

നിലവിലെ സാഹചര്യത്തിൽ ലീഗിനു മൂന്നാം സീറ്റ് കിട്ടിയേക്കില്ല. എന്നിരുന്നാലും 'പോസിറ്റീവ്' എന്നായിരുന്നു യോഗത്തിനു ശേഷം ലീഗ് നിയമസഭാകക്ഷി നേതാവ് പി.കെ. കുഞ്ഞാലിക്കുട്ടിയുടെ പ്രതികരണം. 27-ലെ നേതൃയോഗത്തിനുശേഷം വ്യക്തത വരുത്താമെന്നും കുഞ്ഞാലിക്കുട്ടി പറഞ്ഞു.

ലീഗിനായി പി.കെ. കുഞ്ഞാലിക്കുട്ടി, ഇ.ടി. മുഹമ്മദ് ബഷീർ, എം.കെ. മുനീർ, പി.എം.എ. സലാം, കെ.പി.എ. മജീദ് എന്നിവർ പങ്കെടുത്തു. കോൺഗ്രസിനായി കെ.പി.സി.സി. അധ്യക്ഷൻ കെ. സുധാകരൻ, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, രമേശ് ചെന്നിത്തല, എം.എം. ഹസൻ എന്നിവരും യോഗത്തിൽ പങ്കെടുത്തു. നിലവിൽ മത്സരിക്കുന്ന മലപ്പുറം, പൊന്നാനി സീറ്റുകൾക്കു പുറമേ ഒരു സീറ്റ് കൂടി ലോക്സഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ വേണമെന്നതാണു ലീഗിന്റെ ആവശ്യം. (ശേഷം 24-ാം പേജിൽ)

## മലങ്കര സഭയുടെ ശക്തി വിളിച്ചോതി മാർത്തോമ്മൻ പൈതൃക സംഗമം




മലങ്കര ഓർത്തഡോക്സ് സഭയുടെ മാർത്തോമ്മൻ പൈതൃകസംഗമത്തിന് മുന്നോടിയായി കോട്ടയത്ത് നടന്ന പൈതൃക ഘോഷയാത്ര

കോട്ടയം: അക്ഷരാർഥത്തിൽ കോട്ടയം നഗരത്തിൽ അലകടൽ തീർക്കുകയായിരുന്നു മാർത്തോമ്മൻ പൈതൃകസംഗമം. നാടിന്റെ നാനാ ഭാഗത്തുനിന്നു വിശ്വാസികൾ സംഗമത്തിനെത്തി. ഇന്ത്യയിലും വിദേശത്തുമായുള്ള, മലങ്കര ഓർത്തഡോക്സ് സഭയുടെ 30 ഭദ്രാസനങ്ങളിൽനിന്നും വിശ്വാസികൾ കോട്ടയം പട്ടണത്തിലേക്കെത്തി. വടക്കൻ മേഖലകളിലെ പള്ളികളിൽനിന്നുള്ള വിശ്വാസികൾ ഫെബ്രുവരി 25-ന് ഞായറാഴ്ച രാവിലെ തന്നെ എത്തിയിരുന്നു. തെക്കൻ മേഖലകളിലെ വിശ്വാസികൾ ഉച്ചയോടെ എത്തി. ഇതോടെ കോട്ടയം ജനസാഗരമായി. വിശ്വാസികൾ കോട്ടയം മാർ ഏലിയാ കത്തീഡ്രലിന് സമീപത്തുള്ള എം.ഡി. സ്കൂൾ മൈതാനത്താണ് ഒത്തുകൂടിയത്. (ശേഷം 24-ാം പേജിൽ)

# KUNNATHA INJURY LAWYERS

**Free Consultation/Case Evaluation** ATLANTA : 404 633 4200 / CHICAGO: 312 757 4700

**EXPERIENCE PERSONAL ATTENTION RESULTS**



Salu K. Kunnatha · Reena Emmanuel · Joshua Opdycke

Dedicated Lawyers Handling Serious Injuries and Wrongful Death Cases

Over 50 years of Combined Experience

No legal fees until we collect compensation for you

Millions recovered for our clients each year!

**ATLANTA**

1800 Century Boulevard NE,
Suite 1750
Atlanta, GA 30345
Ph: 404 633 4200

**CHICAGO**

708 Church St,
Suite 235
Evanston, IL 60201
Ph: 312 757 4700

www.kunnathalaw.com

# nella CONSULTING

ACCOUNTING | TAX | CONSULTING

TAX



**FOR ALL YOUR PERSONAL AND BUSINESS TAX SERVICES**



**TOMY NELLAMATTAM, E.A.**
**Enrolled to Practice Before IRS**
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
**(847) 486-4112 (Office)**
**(847) 302-8556 (cell)**

*FREE ELECTRONIC FILING*
*FULL TIME IN ACCOUNTING & TAX SERVICES*

Partner
**ALVIN NELLA, CPA, MBA**


JAIBU MATHEW KULANGARA
& ASSOCIATES
For Personal & Business
TAX SERVICE
Jaibu Mathew Kulangara, E.A.
Entrolled to Practice before IRS
Christine Mathew
Lead Associate
7215 W.Touhy,
Suite 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
E-mail:tax@jaibu.com
Web:www.jaibu.com
TAX
Free Electronic Filing


Michael Crifase
Steve Crifase
LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™
Trusted Representation
Achieves Aggressive Financial Results
★Over $ 50M Recovered and Collected For Our Clients
★Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
★Free Confidential Consultation On All Matters
Home Visits Available
★Personal Injuries-Wrongful Death - Work Injuries
Your call is Always Welcome
Crifase Law Firm
Michael Crifase and Steven Crifase
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603
312-855-0511
Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families
$1,500,000.00 Jury Verdict Car Crash Neck Injury
$5,000,000.00 Car Crash – Brain Injury
$700,000.00 Medical Malpractice Stillborn Baby
$1,500,000.00 Wrongful Death – Car Crash
$750,000.00 Medical Malpractice – Fetal Injury
$600,000.00 Medical Malpractice – Fetal Injury
$200,000.00 Work Injury – Shoulder Surgery
$149,000.00 Slip and Fall – Knee Injury
$239,000.00 Work Injury – Shoulder Surgery
$190,000.00 Car Crash – Back Injury
$338,000.00 Work Injury – Shoulder/Wrist Surgery
We Want A Long Term Relationship With You
Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Michael@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511,
Fax: (312) 855- 0537
A+ Rating
Better Business Bureau
AV PREEMINENT
Peer Rated for Highest Level of Professional Excellence
2018


# വിവരാവകാശ കമ്മീഷണർ ശിപാർശ; സർക്കാർ പട്ടിക ഗവർണർ തിരിച്ചയച്ചു

തിരുവനന്തപുരം: പരാതികളിൽ വിശദീകരണം തേടി സർക്കാർ ശിപാർശ ചെയ്ത സംസ്ഥാന വിവരാവകാശ കമ്മീഷണർമാരുടെ പട്ടിക ഗവർണർ തിരിച്ചയച്ചു. പട്ടികയിൽ ഉൾപ്പെട്ട ചിലർക്കെതിരെ ഉയർന്ന കേസുകളിൽ വിജിലൻസ് ക്ലിയറൻസ് തേടിയും ഒഴിവുകൾ സംബന്ധിച്ചു പത്രങ്ങളിൽ പരസ്യം ചെയ്യാതെയും നടപടിക്രമങ്ങൾ പാലിക്കാതെയും തെരഞ്ഞെടുത്തു എന്നതടക്കമുള്ള പരാതികളിൽ വിശദീകരണം തേടിയുമാണ് ഇതു സംബന്ധിച്ച ഫയൽ മുഖ്യമന്ത്രിക്ക് മടക്കി അയച്ചത്. സംസ്ഥാന വിവരാവകാശ കമ്മീഷണർമാരായി മുഖ്യമന്ത്രി അധ്യക്ഷനായ സമിതി ശിപാർശ ചെയ്ത മുൻ കോളജ് അധ്യാപകരായ പ്രഫ. എം. ശ്രീകുമാർ, പ്രഫ. ടി.കെ. രാമകൃഷ്ണൻ, പത്രപ്രവർത്തകനായ ഡോ. സോണിച്ചൻ പി. ജോസഫ് എന്നിവരുടെ ഫയലിലാണു കൂടുതൽ വിശദീകരണം തേടി ഗവർണർ മടക്കിയത്.

ഇവരിൽ ചിലർക്കെതിരെ പോലീസ് കേസുകൾ അടക്കം നിലനിൽക്കുന്നുണ്ടെന്നു ചൂണ്ടിക്കാട്ടി നിരവധി പരാതികൾ ഗവർണർക്കു ലഭിച്ചിരുന്നു. വിവരാവകാശ കമ്മീഷണർമാരെ നിയമിക്കുന്നതിനുള്ള നടപടിക്രമം പാലിക്കാതെയാണ് മുഖ്യമന്ത്രി പിണറായി വിജയൻ അധ്യക്ഷനും നിയമമന്ത്രി പി. രാജീവ്, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ എന്നിവർ അംഗങ്ങളുമായ സമിതി തെരഞ്ഞെടുപ്പു നടത്തിയതെന്നാണു മറ്റൊരു പരാതി.

സി.പി.എം. നോമിനിയായ എം. ശ്രീകുമാർ കോളജ് അധ്യാപകരുടെ സി.പി.എം. അനുകൂല സംഘടനയുടെ എ.കെ.പി.സി.ടി.എ. ഭാരവാഹിയായിരുന്നു. സി.പി.ഐ. പ്രതിനിധിയായ ടി.കെ. രാമകൃഷ്ണൻ തൃശൂർ കേരള വർമ കോളജിലെ മുൻ അധ്യാപകനാണ്. പത്രപ്രവർത്തകനായ ഡോ. സോണിച്ചൻ പി. ജോസഫ് കേരള കോൺഗ്രസ്-എം പ്രതിനിധിയായാണ് പട്ടികയിൽ ഉൾപ്പെട്ടത്. മുഖ്യ വിവരാവകാശ കമ്മീഷണറായി മുൻ നിയമസെക്രട്ടറി ഹരി വി. നായരെ തെരഞ്ഞെടുത്ത ശിപാർശ ഗവർണർ അംഗീകരിച്ചിരുന്നു.

# ഫാലി എസ്. നരിമാൻ അന്തരിച്ചു



ന്യൂഡൽഹി: ഇന്ത്യൻ നീതിന്യായരംഗത്തെ ഭീഷ്മാചാര്യൻ ഫാലി എസ്. നരിമാൻ (95) അന്തരിച്ചു. 1991-ൽ ഇന്ത്യ പത്മഭൂഷണും 2007-ൽ പത്മവിഭൂഷണും നൽകി ആദരിച്ചു. ഭരണഘടനാ നിയമവിദഗ്ധനായ ഇദ്ദേഹം 70 വർഷം അഭിഭാഷകനായി പ്രാക്ടീസ് ചെയ്തു. ഇന്ത്യൻ നീതിന്യായ ചരിത്രത്തിലെ സുപ്രധാനമായ പല കേസുകളിലും നരിമാനാണു ഹാജരായത്. ഗോലക് നാഥ് കേസ് (ഭരണഘടനാ ഭേദഗതികൾ ജുഡീഷൽ പുനരവലോകനത്തിനു വിധേയമാണ്), ടി.എം.എ. പൈ കേസ് (ന്യൂനപക്ഷങ്ങൾക്ക് ഇഷ്ടമുള്ള സ്ഥാപനങ്ങൾ സ്ഥാപിക്കാം), എസ്.സി. ഗുപ്ത കേസ് (ജുഡീഷൽ നിയമനം ജുഡീഷറിയുടെ സ്വാതന്ത്ര്യം) തുടങ്ങി ഒട്ടേറെ കേസുകളിൽ നരിമാന്റെ പങ്ക് നിർണായകമായിരുന്നു.

മുൻ രാജ്യസഭാംഗമായ ഇദ്ദേഹം മികച്ചൊരു ഗ്രന്ഥകാരൻകൂടിയായിരുന്നു. 'ബിഫോർ ദ മെമ്മറി ഫെയ്ഡ്സ്' എന്ന ആത്മകഥ ശ്രദ്ധേയമാണ്.

ബ്രിട്ടീഷ് ഇന്ത്യയിലെ റാങ്കൂണിൽ (മ്യാൻമർ) 1929 ജനുവരി പത്തിന് സാം നരിമാന്റെയും ബർമക്കാരി ബാനു ബർജർജിയുടെയും മകനായി ജനിച്ചു. 1950 നവംബറിൽ ബോംബെ ഹൈക്കോടതിയിൽ അഭിഭാഷകനായി എൻറോൾ ചെയ്തു. 1961-ൽ സീനിയർ അഭിഭാഷകനായി. 1971-ൽ സുപ്രീംകോടതിയിൽ സീനിയർ അഭിഭാഷകനായി. 1972-ൽ സോളിസിറ്റർ ജനറലായി. 1975 ജൂൺ 26-ന് അടിയന്തരാവസ്ഥ ഏർപ്പെടുത്തിയതോടെ പദവി രാജിവെച്ചു. സുപ്രീംകോടതി കൊളീജിയം പലതവണ സുപ്രീംകോടതി ജഡ്ജിയായി നരിമാനെ ശിപാർശ ചെയ്തെങ്കിലും അദ്ദേഹം സ്വീകരിച്ചില്ല. ബാർ അസോസിയേഷൻ ഓഫ് ഇന്ത്യ പ്രസിഡണ്ട്, ഇന്റർനാഷണൽ ചേംബർ ഓഫ് കൊമേഴ്സ് ഇന്റേണൽ കോർട്ട് ഓഫ് ആർബിട്രേഷൻ വൈസ് ചെയർമാൻ, ഇന്റർനാഷണൽ കമ്മീഷൻ ഓഫ് ജൂറിസ്റ്റ് ഓണററി അംഗം, ലണ്ടൻ കോർട്ട് ഓഫ് ഇന്റർനാഷണൽ ആർബിട്രേഷൻ അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു.

പരേതയായ ബാപ്സി എഫ്. നരിമാനാണു ഭാര്യ. സുപ്രീംകോടതി മുൻ ജഡ്ജി രോഹിന്റൺ നരിമാൻ, സ്പീച്ച് തെറാപ്പിസ്റ്റ് അനഹീത എന്നിവരാണു മക്കൾ. നരിമാന്റെ വിയോഗത്തിൽ പ്രധാനമന്ത്രി, സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ഉൾപ്പെടെയുള്ള പ്രമുഖർ അനുശോചിച്ചു.

# എസ്.എഫ്.ഐ.ഒ അന്വേഷണത്തെ സ്വാഗതം ചെയ്യണമായിരുന്നെന്ന് ഹൈക്കോടതി

കൊച്ചി: മുഖ്യമന്ത്രി പിണറായി വിജയന്റെ മകളും എക്സാലോജിക് കമ്പനി ഡയറക്ടറുമായ വീണാ വിജയനെതിരായ എസ്എഫ്ഐഒ അന്വേഷണത്തിൽ ഹൈക്കോടതി നിലപാട് വ്യക്തമാക്കി. എസ്എഫ്ഐഒ അന്വേഷണത്തെ സ്വാഗതം ചെയ്യുകയാണ് ചെയ്യേണ്ടിയിരുന്നതെന്ന് ഹൈക്കോടതി അഭിപ്രായപ്പെട്ടു. എസ്എഫ്ഐഒ അന്വേഷണത്തിനെതിരെ കെഎസ്ഐഡിസി സമർപ്പിച്ച ഹർജി പരിഗണിക്കുമ്പോഴായിരുന്നു ഹൈക്കോടതിയുടെ പരാമർശം. അന്വേഷണം സ്റ്റേ ചെയ്യാനാവില്ലെന്ന് ഹർജി ആദ്യം പരിഗണിച്ചപ്പോൾ തന്നെ കോടതി അറിയിച്ചിരുന്നു. സിഎംആർഎൽ-എക്സാലോജിക് സാമ്പത്തിക ഇടപാടിൽ അറിവില്ലെന്നും വിവാദമുണ്ടായപ്പോൾ തന്നെ സിഎംആർഎലിനോട് ഓഹരി പങ്കാളിയെന്ന നിലയിൽ വിശദീകരണം ചോദിച്ചിരുന്നെന്നും കെഎസ്ഐഡിസി കോടതിയെ അറിയിച്ചു.

വിശദീകരണം ചോദിച്ചതിന്റെ രേഖ ഹാജരാക്കാൻ കോടതി ആവശ്യപ്പെട്ടിരുന്നു. കെഎസ്ഐഡിസിയുടെ ഹർജിയിൽ കക്ഷിചേരാൻ ഷോൺ ജോർജ് നല്കിയ അപേക്ഷയും അനുവദിക്കരുതെന്നുള്ള കെഎസ്ഐഡിസിയുടെ എതിർ സത്യവാങ്മൂലവും ഹൈക്കോടതി പരിശോധിക്കും. തങ്ങൾക്ക് ബന്ധമില്ലെന്നതിനാൽ എസ്എഫ്ഐഒ അന്വേഷണം റദ്ദാക്കണമെന്നാണ് കെഎസ്ഐഡിസിയുടെ ആവശ്യം.

# പുതിയ ക്രിമിനൽ നിയമങ്ങൾ ജൂലൈ മുതൽ

ന്യൂഡൽഹി: രാജ്യത്തെ മൂന്ന് ക്രിമിനൽ നിയമ ചട്ടങ്ങൾക്കു പകരമായുള്ള 'ഭാരതീയ' നിയമങ്ങൾ ജൂലൈ ഒന്നിനു പ്രാബല്യത്തിൽ വരും.

ഇന്ത്യൻ ശിക്ഷാനിയം (ഐപിസി) ക്രിമിനൽ നടപടിച്ചട്ടം (സിആർപിസി) ഇന്ത്യൻ തെളിവു നിയമം എന്നിവയുടെ പേരുകൾ സംസ്കൃതത്തിലാകുന്നതിനൊപ്പം അവയിലെ വിവിധ വ്യവസ്ഥകളിലും മാറ്റം വരും. ഇതു സംബന്ധിച്ച കേന്ദ്ര ആഭ്യന്തര മന്ത്രാലയം വിജ്ഞാപനങ്ങളിറക്കി.

എന്നാൽ, ജൂലൈ ഒന്നിനു മുൻപ് രജിസ്റ്റർ ചെയ്യുന്ന കേസുകളിലെ നടപടികൾ നിലവിലെ വ്യവസ്ഥയനുസരിച്ച് തുടരും. ഐപിസിക്കു പകരമുള്ള ഭാരതീയ ന്യായ സംഹിതയിൽ അപകടമരണവുമായി ബന്ധപ്പെട്ട് 106 (2) വകുപ്പു മാത്രം ജൂലൈ ഒന്നിന് പ്രാബല്യത്തിൽ വരില്ല. വാഹനാപകടത്തെ തുടർന്ന് ഡ്രൈവർ കടന്നുകളയുകയും അപകടത്തിൽപ്പെട്ടയാൾ മരിക്കുകയും ചെയ്താൽ ഡ്രൈവർക്ക് പത്ത് വർഷം വരെ തടവുശിക്ഷ നല്കുന്ന വകുപ്പാണിത്.

# ഭക്തലക്ഷങ്ങൾ പൊങ്കാല അർപ്പിച്ചു



തിരുവനന്തപുരം ആറ്റുകാൽ ഭഗവതിക്ഷേത്രവളപ്പിൽ ഫെബ്രുവരി 25-ന് പൊങ്കാല അർപ്പിക്കാനെത്തിയ ഭക്തരുടെ തിരക്ക്

# അസമിലും ഏക സിവിൽ കോഡ് നടപ്പാക്കും

ന്യൂഡൽഹി: ഉത്തരാഖണ്ഡിനു പിന്നാലെ ഏക സിവിൽ കോഡ് നടപ്പാക്കാനുള്ള നീക്കവുമായി ബി.ജെ.പി. ഭരിക്കുന്ന അസമും. ഇതിനു മുന്നോടിയായി 1935 മുതലുള്ള അസം മുസ്‌ലിം വിവാഹ, വിവാഹ മോചന രജിസ്ട്രേഷൻ നിയമം ഫെബ്രുവരി 23-ന് വൈകിട്ടുചേർന്ന സംസ്ഥാനമന്ത്രിസഭാ യോഗം റദ്ദാക്കി. മുസ്‌ലിം മാര്യേജ് ആക്ട് ബ്രിട്ടീഷ് കാലഘട്ടം മുതലുള്ളതാണെന്നും ഇതൊഴിവാക്കുന്നത് ഏക സിവിൽ കോഡിന് വഴിയൊരുക്കാനുള്ള പ്രധാന നടപടിയാണെന്നും അസം മന്ത്രി ജയന്ത മല്ല ബറുവ പറഞ്ഞു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 09
March 01, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

## മഹദ്‌വചനം

അധികാരം മനുഷ്യനെ ദുഷിപ്പിക്കുന്നില്ല. വിഡ്ഢികൾ അധികാരത്തിലെത്തുമ്പോൾ അധികാരസ്ഥാനത്തെയാണ് ദുഷിപ്പിക്കുന്നത്.

**ബർണാർഡ് ഷാ**


MEDICARE SUPPLEMENTS & ADVANTAGE PLANS
GET YOUR MEDICARE QUESTIONS ANSWERED
MEDICARE
Medicare coverage can be confusing and it is important to make the best decision for you and your health. There are four different parts of Medicare:
Part A
Hospital Insurance
Part C
$0 Premium Medicare Advantage Plans
Part B
Medical Insurance
Part D
Prescription Drug Coverage
Medicare Supplement Plans Offered by Various Companies at competitive Rates
CALL or TEXT
RAJ SURENDRAN
Senior Medicare Specialist
Investment Advisor Representative, MBA
708-945-3985
www.questwealthgroup.com
Quest Wealth Management Inc.
rsurendran007@gmail.com
There is no obligation,
All consultations are complimentary!


K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want to wish you a Happy New Year
Fast and
EFFICIENT
Quality
REPAIR
WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ
സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

## വന്യജീവി നിയമം ഭേദഗതി ചെയ്യണം

ജനങ്ങളെ പരിഭ്രാന്തരാക്കി അവരുടെ ആവാസ വ്യവസ്ഥയിൽനിന്ന് ആട്ടിയോടിച്ച് ദുരിതക്കയത്തിലേക്കു ജീവിതം തള്ളിയിടുന്നതിൽ ആനന്ദം കണ്ടെത്തുന്നവർ നയിക്കുന്ന ഭരണവിഭാഗമാണോ കേരള വനംവകുപ്പ്? മലയോര കർഷകജനതയോട്, പ്രത്യേകിച്ച് വയനാട്ടിലെ ജനതയോട്, വനംവകുപ്പ് സ്വീകരിക്കുന്ന സമീപനം കാണുമ്പോൾ മനുഷ്യത്വം മരവിക്കാത്ത മനസുള്ള മനുഷ്യരുടെ ഉള്ളിൽനിന്നുയർന്നു വരുന്ന ഈ ചോദ്യം അന്തരീക്ഷത്തിൽ പ്രതിഷേധസ്വരമായി മാറുകയാണ്.

ആറു മാസത്തിനുള്ളിൽ വന്യജീവി ആക്രമണത്തിൽ വയനാട്ടിൽ പൊലിഞ്ഞത് ഒമ്പത് ജീവനുകൾ. കാട്ടാനയുടെ കാലിനടിയിൽ ചതഞ്ഞരഞ്ഞത് ഏഴു പേർ, കടുവയ്ക്ക് ഭക്ഷണമായി തീർന്നത് ഏഴു പേർ, ജീവൻ മാത്രം ശേഷിച്ച് ശയ്യാവലംബരായത് പത്തിലധികം പേർ. ഇവരൊന്നും വനം കൈയേറിയവരോ മൃഗവേട്ട നടത്തിയവരോ വനത്തിനുള്ളിൽ പ്രവേശിച്ചവരോ അല്ല. തങ്ങളുടെ വീടുകളിൽ കഴിഞ്ഞിരുന്നവരും കൃഷിയിടങ്ങളിൽ ജീവിതം കരുപ്പിടിപ്പിക്കാൻ അധ്വാനിക്കുന്നവരുമായിരുന്നു.

വന്യജീവികളിൽനിന്നു മനുഷ്യരെ സംരക്ഷിക്കാൻ സർക്കാരുകളെയും കോടതികളെയും തടയുന്നത് 1972-ലെ വന്യജീവി സംരക്ഷണ നിയമമാണെങ്കിൽ അര നൂറ്റാണ്ടു പിന്നിട്ടതും സമകാലിക യാഥാർഥ്യങ്ങളുമായി യോജിക്കാൻ പറ്റാത്തതുമായ ആ നിയമം ഭേദഗതി ചെയ്യാൻ സമയമായില്ലേ? ലക്ഷക്കണക്കിനാളുകളുടെ മരണവാറണ്ടായി മാറിയ ഈ നിയമത്തിന്റെ ഭേദഗതിക്ക് പാർലമെന്റിൽ സമയമെടുക്കുമെങ്കിൽ ഒരു ഓർഡിനൻസിലൂടെ ഈ ഗതികെട്ട മനുഷ്യരെ രക്ഷിച്ചുകൂടേ? പരിസ്ഥിതിയെയും വന്യജീവികളെയും സംരക്ഷിക്കുന്നതിന് ഇത്തരം നിയമങ്ങളുണ്ടാക്കിയ മിക്ക രാജ്യങ്ങളും നിയമ ഭേദഗതിക്കും പുനഃപരിശോധനയ്ക്കും തയാറായിക്കഴിഞ്ഞു. എണ്ണം പെരുകിയപ്പോൾ ദേശീയ മൃഗങ്ങളെപ്പോലും വേട്ടയാടി നിയന്ത്രിക്കാൻ അനുമതി നൽകിയ രാജ്യങ്ങളുണ്ട്. കാലാനുസൃതമായി നിയമങ്ങൾ ഭേദഗതി ചെയ്യുക എന്നതല്ലേ ഏതൊരു പരിഷ്കൃത സമൂഹത്തിനും അഭികാമ്യം?

വന്യജീവികൾ നശിപ്പിച്ച കൃഷിയിടങ്ങൾ നഷ്ടസ്വപ്നങ്ങളുടെ ശ്മശാനങ്ങൾ കൂടിയാണ്. 68.44 കോടിയുടെ കൃഷിനാശമുണ്ടായെന്നാണ് ഔദ്യോഗിക കണക്ക്. യഥാർഥ നഷ്ടം അതിലും എത്രയോ അധികമാണ്. പ്രഹസനമായി നൽകുന്ന നഷ്ടപരിഹാരങ്ങൾ എത്ര പരിമിതമാണ്. അതുതന്നെ കിട്ടാൻ വർഷങ്ങളായി കാത്തിരിക്കുന്നവരുണ്ട്. വന്യജീവികളെ കാട്ടിൽ സംരക്ഷിക്കുന്നതിനുവേണ്ടി അനുവദിക്കുന്ന കോടികളിൽ എത്രയാണ് വിവിധ കൈകളിലൂടെ ചോർന്നുപോകുന്നത്? ഒന്നും ഫലം കാണുന്നുമില്ല. സാധാരണ മരണം പോലെയല്ല, ആന ചവിട്ടിയും കടുവ കടിച്ചുകീറിയും കൊല്ലപ്പെട്ട മനുഷ്യർ അനുഭവിച്ച യാതന. അവരുടെ ഛിന്നഭിന്നമാക്കപ്പെട്ട മൃതദേഹങ്ങളുടെ ദൃശ്യങ്ങൾ ഉറ്റവരുടെയും ഉടയവരുടെയും മനസിൽനിന്നു മായുമോ? ഭയാനകമായൊരു അന്ത്യമാണ് തങ്ങളെയും കാത്തിരിക്കുന്നതെന്നു കരുതുന്ന കുഞ്ഞുങ്ങളുടെ മാനസികാഘാതം എത്ര വലുതാണ്? അതൊക്കെ അനുഭവിച്ചവർക്കേ ഈ ദുരന്തത്തിന്റെ ആഴമറിയൂ. സർക്കാരിന് അതു വെറും അക്കങ്ങളോ നിയമസഭയിലെയോ പാർലമെന്റിലെയോ ചോദ്യോത്തരങ്ങളോ ആണ്. നിലവിലുള്ള നിയമത്തിന്റെ അതിർത്തിക്കപ്പുറം പോകാനാകാത്ത കോടതികളുടെ നിർവികാരതയും മനുഷ്യരെ കൂടുതൽ നിസഹായരാക്കുന്നു.

കേന്ദ്രവും സംസ്ഥാനവും പരസ്പരം പഴിചാരുന്നതിനിടെ ആളുകൾ മരിച്ചുവീഴുകയാണ്. വന്യജീവിസംരക്ഷണ നിയമമാണ് ജനങ്ങളെ സംരക്ഷിക്കാൻ തടസമെന്നു സംസ്ഥാന സർക്കാർ പറയുന്നു. കേന്ദ്രം മറ്റൊന്നാണു പറയുന്നത്. കേരളത്തിൽനിന്നുള്ള രാജ്യസഭാംഗമായ സി.പി.ഐയിലെ പി. സന്തോഷ് കുമാർ 2023 ഫെബ്രുവരി എട്ടിനു കേരളത്തിലെ വന്യജീവി ആക്രമണത്തെക്കുറിച്ച് ഉന്നയിച്ച ചോദ്യത്തിന് കേന്ദ്ര വനം മന്ത്രി ഭൂപേന്ദ്ര യാദവ് നൽകിയ മറുപടി, ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായിട്ടുള്ള വന്യജീവികളെ വേട്ടയാടാനുള്ള അനുമതി നൽകാൻ ചീഫ് വൈൽഡ് ലൈഫ് വാർഡന് അധികാരമുണ്ടെന്നാണ്. എങ്കിൽ പിന്നെ, ഇത്രയും മനുഷ്യർ കൊല്ലപ്പെട്ടിട്ടും ഇവിടത്തെ ചീഫ് വൈൽഡ് ലൈഫ് വാർഡനും സർക്കാരും എന്തുകൊണ്ടാണ് കൈയുംകെട്ടിയിരിക്കുന്നത്? ആകെയൊരു നിഗൂഢത കേരളത്തെ ചൂഴ്ന്നുനിൽക്കുന്നു. വയനാട്ടിലെ ഒരു കുടുംബത്തെ അനാഥമാക്കി കൊന്നുകൊലവിളിച്ചു കാടുകയറിയ ബേലൂർ മഖ്ന എന്ന അപകടകാരിയായ ആനയെ കൊല്ലാതെ മയക്കുവെടിവെച്ചു പിടിക്കാൻ 200 പേരോളം കാട്ടിലൂടെ നടപ്പു തുടങ്ങിയിട്ട് ദിവസങ്ങളായി. എത്ര ലക്ഷങ്ങളാണ് പൊടിക്കുന്നത്?

കൊല്ലപ്പെട്ട മനുഷ്യരും കൊടുത്തിട്ടുള്ള നികുതിപ്പണമല്ലേ ഈ പേക്കൂത്തിനായി മുടക്കുന്നത്? ഈ ജനങ്ങൾ ഇനിയെന്തു ചെയ്യണം? ഇനിയും കൗശലതന്ത്രങ്ങളിലൂടെയും കുതന്ത്രങ്ങളിലൂടെയും മലയോര ജനതയെ ആട്ടിയിറക്കാനുള്ള ഏത് ശ്രമങ്ങൾ ആരുടെ ഭാഗത്തുനിന്നുണ്ടായാലും അത് തിരിച്ചറിയാനുള്ള കഴിവും ജാഗ്രതയും ഉണ്ടെന്ന് അധികാരികളെ അറിയിക്കുകയും ബോധ്യപ്പെടുത്തുകയും പരിഹാരം അഭ്യർത്ഥിക്കുകയുമാണ് ഇപ്പോൾ നടത്തുന്ന സമരങ്ങളിലൂടെ കർഷകജനത ലക്ഷ്യമിടുന്നത്. തങ്ങളുടെ കണ്ണീരും തേങ്ങലും അധികാരികൾ കാണുമെന്നും കേൾക്കുമെന്നും അവർ പ്രതീക്ഷിക്കുന്നു.

# നീതിന്യായ വ്യവസ്ഥയുടെ മനഃസാക്ഷി സൂക്ഷിപ്പുകാരൻ

ഫാലി എസ്. നരിമാന്റെ വിയോഗം നിയമ-രാഷ്ട്രീയ വൃത്തങ്ങളിൽ മാത്രമല്ല, സാധാരണ പൗരർക്കിടയിലും വലിയ നഷ്ടബോധവും ദുഃഖവുമാണുണ്ടാക്കിയത്. ഇതിനു കാരണങ്ങൾ പലതാണ്. ഫാലി കേവലം ഒരു മുതിർന്ന അഭിഭാഷകനും ഭരണഘടനാ വിദഗ്ധനും മാത്രമായിരുന്നില്ല. ഇന്ത്യയുടെ ചരിത്രത്തോടൊപ്പം നടന്ന ആ നിസ്തുലവ്യക്തിത്വം ചരിത്രം സൃഷ്ടിക്കുകയും ചെയ്തു. ഫാലിയെപ്പോലെ മറ്റൊരാളെ കാണിച്ചുതരാൻ കഴിയാതെ ചരിത്രം ബുദ്ധിമുട്ടും എന്നുറപ്പ്.

1929 ജനുവരി 10-നാണു ബർമ (മ്യാൻമർ)യിലാണു ഫാലി സാം നരിമാന്റെ ജനനം. പേൾ ഹാർബർ ബോംബ് സ്ഫോടനത്തെത്തുടർന്നാണ് മാതാപിതാക്കൾക്കൊപ്പം ഇന്ത്യയിലേക്കു വന്നത്. 1950 നവംബറിൽ ബോംബെ ഹൈക്കോടതിയിൽ അഭിഭാഷകനായി എൻറോൾ ചെയ്തു. 1972-ൽ സുപ്രീം കോടതിയിൽ പ്രാക്ടീസ് ചെയ്യുന്നതിനായി ന്യൂഡൽഹിയിലേക്കു മാറി. 1972 മേയിൽ ഇന്ത്യയുടെ അഡീഷണൽ സോളിസിറ്റർ ജനറലായി നിയമിതനായി. ഇന്ദിരാ ഗാന്ധി അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതോടെ സ്ഥാനം രാജിവെച്ചു. ഇന്ദിരയ്ക്കെതിരെയുള്ള നിയമ പോരാട്ടങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകി.

1967-ൽ ഗോലക്നാഥ് കേസിലൂടെയാണ് അദ്ദേഹം ഇന്ത്യയുടെ ശ്രദ്ധ ആകർഷിച്ചത്. പഞ്ചാബ് സർക്കാർ ഭൂമി ഏറ്റെടുത്തതിനെതിരെ ഗോലക്നാഥ് സഹോദരങ്ങളായ ഹെൻറിയും വില്യവും ചേർന്നാണു കോടതിയെ സമീപിച്ചത്. ഗോലക്നാഥ് സഹോദരങ്ങളുടെ പക്കലുണ്ടായിരുന്ന 500 ഏക്കർ ഭൂമിയിൽ 470 ഏക്കറാണു സർക്കാർ ഏറ്റെടുത്തത്. ഭൂമി ഏറ്റെടുത്തത് മൗലികാവകാശ ലംഘനമെന്നായിരുന്നു വാദം. കേസ് ഗോലക്നാഥ് സഹോദരങ്ങൾക്ക് അനുകൂലമായി വിധിച്ചു. ഇതോടെ ഫാലി എസ്. നരിമാന്റെ വാക്കുകൾ ദേശീയ ശ്രദ്ധ ആകർഷിച്ചു.

ഏത് കേസ് വന്നാലും ഒരു അഭിഭാഷകൻ സ്വീകരിക്കണം എന്ന വാദം തള്ളിയായിരുന്നു ഫാലി എസ്. നരിമാന്റെ തുടക്കം. അദ്ദേഹത്തിന്റെ ഭാഷയിൽ കേസ് തെരഞ്ഞെടുക്കുന്നതിൽ ഒരിക്കൽ മാത്രമേ പിഴച്ചുള്ളു. ഭോപ്പാൽ വാതക ചോർച്ച കേസിൽ യൂണിയൻ കാർബൈഡിനെ പ്രതിനിധീകരിച്ചതിന്റെ പേരിൽ മാത്രമാണ് അദ്ദേഹം പിന്നീട് ഖേദിച്ചത്. ഭോപ്പാൽ വാതക ദുരന്ത കേസിൽ യൂണിയൻ കാർബൈഡിനുവേണ്ടി ഹാജരാകാനുള്ള തീരുമാനമാണ് പിന്നീട് അദ്ദേഹത്തിനു നിരാശയായത്. 1984 ഡിസംബറിലെ ഭോപ്പാൽ വാതക ദുരന്തം ലോകത്തിലെ ഏറ്റവും വലിയ വ്യാവസായിക ദുരന്തങ്ങളിലൊന്നായി തുടരുന്നു, ആയിരക്കണക്കിനു പേർക്ക് ദുരന്തത്തിൽ ജീവൻ നഷ്ടമായി. നിരവധിപ്പേരുടെ ജീവിതം നരകതുല്യമായി.


നിയമനടപടികൾ പുരോഗമിക്കുമ്പോൾ കേസ് വൈകിപ്പിക്കാൻ യൂണിയൻ കാർബൈഡ് ശ്രമിച്ചതായി ആരോപണമുയർന്നു. അദ്ദേഹത്തിന്റെ പ്രതിച്ഛായയെ കേസ് ബാധിക്കുകയും ചെയ്തു. "ഒരു അഭിഭാഷകനെന്ന നിലയിൽ എനിക്ക് ജീവിതം വീണ്ടും ജീവിക്കേണ്ടിവന്നാൽ... ഭാവിയിലുണ്ടാകുന്ന എല്ലാ കാര്യങ്ങളും മുൻകൂട്ടി അറിയുകയും ചെയ്തിരുന്നുവെങ്കിൽ... ഞാൻ ആ കേസ് തീർച്ചയായും സ്വീകരിക്കുമായിരുന്നില്ല."- അദ്ദേഹം തുറന്നുപറഞ്ഞു.

ആ കേസ് ആവേശത്തോടെയാണ് ഏറ്റെടുത്തതെന്ന് അദ്ദേഹം വ്യക്തമാക്കി. നിയമവിദഗ്ധനെന്ന നിലയിൽ നേട്ടമാകുമെന്നായിരുന്നു പ്രതീക്ഷ. പക്ഷേ, പ്രതീക്ഷിച്ച ഫലമല്ല ഉണ്ടായത്.

ഒരിക്കൽ പാർലമെന്റിനെ അഭിസംബോധനചെയ്ത് ഫാലി എസ്. നരിമാൻ നടത്തിയ പ്രസംഗത്തിൽ അദ്ദേഹത്തിന് ഏറ്റവും പ്രിയപ്പെട്ട ഒരു സുപ്രീംകോടതി വിധിയെക്കുറിച്ച് പറയുകയുണ്ടായി. ന്യൂനപക്ഷവിഭാഗങ്ങളുടെ മതസ്വാതന്ത്ര്യം ഉയർത്തിപ്പിടിച്ച ബിജോയ് ഇമ്മാനുവൽ കേസിലെ പ്രമാദമായ വിധിയെക്കുറിച്ചാണ് നരിമാൻ പ്രതിപാദിച്ചത്. സ്കൂളിൽ ദേശീയ ഗാനം ആലപിക്കുമ്പോൾ യഹോവാ സാക്ഷികളായ കുട്ടികൾ ഏറ്റുചൊല്ലാതിരുന്നത് അവരുടെ മതസ്വാതന്ത്ര്യമാണെന്നും സഹിഷ്ണുതയാണ് ഇന്ത്യയുടെ മുഖമുദ്രയെന്നും പരമോന്നത നീതിപീഠം വ്യക്തമാക്കിയത് ഈ കേസിലാണ്. ഇതായിരിക്കണം നിയമനിർമാതാക്കളുടെ നയം എന്ന് നരിമാൻ പാർലമെന്റംഗങ്ങളോട് പറഞ്ഞു.

ഹിന്ദുമതത്തിന്റെ സഹിഷ്ണുതയും ഉൾക്കൊള്ളാനുള്ള മനോഭാവവും അദ്ദേഹം ഊന്നിപ്പറയാറുണ്ടായിരുന്നു. ഭഗവദ്ഗീതയിലെ ചില ശ്ലോകങ്ങൾ, ദലൈലാമ, മദർ തെരേസ മുതലായ വ്യക്തികളോടുള്ള അടുപ്പം ഇവയൊക്കെ അദ്ദേഹത്തിന്റെ ആത്മകഥയിലും സ്ഥാനംപിടിച്ചിട്ടുണ്ട്. പിന്നീട്, 2014-ൽ ശക്തമായ ഏകകക്ഷിഭരണം വന്നപ്പോൾ ന്യൂനപക്ഷ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള തന്റെ ഭീതി മറച്ചുവെക്കാനും നരിമാൻ മടികാണിച്ചില്ല.

2014-ൽ ദേശീയ ന്യൂനപക്ഷ കമ്മിഷന്റെ ഏഴാം വാർഷികപ്രഭാഷണത്തിൽ ഹിന്ദുമതം അതിന്റെ സഹിഷ്ണുത കൈവിടുകയാണോയെന്ന് സന്ദേഹപ്പെട്ട നരിമാൻ, ഇന്ത്യയെ ഒറ്റക്കെട്ടായി നിർത്താൻ എല്ലാ വൈവിധ്യങ്ങളെയും അംഗീകരിച്ചുള്ള കാഴ്ചപ്പാടിനേ കഴിയൂ എന്ന് നെഹ്റുവിനെ ഉദ്ധരിച്ചുകൊണ്ട് പറഞ്ഞിട്ടുണ്ട്. നരിമാന്റെ അഭിപ്രായത്തിൽ വംശീയത, മതം, ഭാഷ ഇവയിലേത് ന്യൂനപക്ഷമായാലും അവരുമായി സമരസപ്പെടാനുള്ള പരിശ്രമം ആ പ്രദേശത്തെ ഭൂരിപക്ഷം നടത്തേണ്ടതുണ്ട്. എന്നാൽ, പ്രായോഗികമായ സംഘടിതരാഷ്ട്രീയത്തിൽ ഭൂരിപക്ഷം കൂടുതൽ ശക്തിപ്പെടുമ്പോൾ ഇതിനുള്ള ശ്രമം കുറഞ്ഞുകാണാറുണ്ട് എന്നും അദ്ദേഹം ആശങ്കപ്പെട്ടു.



ഇന്ത്യൻ ജുഡീഷ്യറിയെ രൂപപ്പെടുത്താൻ സഹായിച്ച നിരവധി സുപ്രധാന കേസുകൾ നരിമാൻ ഏറ്റെടുത്തു. പ്രശസ്തമായ ദേശീയ ജുഡീഷ്യൽ നിയമന കമ്മീഷൻ (എൻ.ജെ.എ.സി.), എസ്.സി.എ.ഒ.ആർ. അസോസിയേഷൻ കേസ് (കൊളീജിയം സമ്പ്രദായത്തിലേക്ക് നയിച്ചത്), ടി.എം.എ. പൈ കേസ് എന്നിവയുൾപ്പെടെ നിരവധി സുപ്രധാന കേസുകൾ അദ്ദേഹം വാദിച്ചു. 1991 മുതൽ 2010 വരെ ബാർ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ പ്രസിഡണ്ടായിരുന്നു. 1989 മുതൽ 2005 വരെ പാരീസിലെ ഇന്റർനാഷണൽ കോർട്ട് ഓഫ് ആർബിട്രേഷന്റെ വൈസ് ചെയർമാനായിരുന്നു. 1995 മുതൽ 1997 വരെ ജനീവയിലെ ഇന്റർനാഷണൽ കമ്മീഷൻ ഓഫ് ജൂറിസ്റ്റുകളുടെ എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാനായും അദ്ദേഹം സേവനമനുഷ്ഠിച്ചു. 1991 ജനുവരിയിൽ പത്മഭൂഷൺ, 2007-ൽ പത്മവിഭൂഷൺ എന്നിവ നൽകി ഇന്ത്യ അദ്ദേഹത്തെ ആദരിച്ചു.

# സാമുവൽ മത്തായി (സാം മത്തായി) ഫോമാ ജനറൽ സെക്രട്ടറി സ്ഥാനാർത്ഥി

ഡാളസ്: ഡാളസ് മലയാളി അസോസിയേഷൻ പ്രസിഡണ്ടും ദീർഘകാലമായി ഫോമാ നേതാവുമായ സാമുവൽ മത്തായി 2024-2026 കാലഘട്ടത്തിലേക്കുള്ള ഫോമായുടെ ജനറൽ സെക്രട്ടറി സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ചു. 2020-2022-ൽ ഫോമായുടെ നാഷണൽ കമ്മിറ്റി അംഗമായി സ്തുത്യർഹമായ സേവനമാണ് അദ്ദേഹം കാഴ്ചവെച്ചത്. ഡാളസ് മലയാളി അസോസിയേഷൻ ജോയിന്റ് സെക്രട്ടറി, സെക്രട്ടറി എന്നീ നിലകളിൽ സംഘടനയ്ക്ക് നേതൃത്വം നല്കിയ അദ്ദേഹത്തിന്റെ സേവനം ഏറെ ശ്രദ്ധിക്കപ്പെട്ടു. കലാലയ ജീവിതത്തിൽ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ അമരക്കാരനായി പ്രവർത്തിച്ചു തന്റെ നേതൃപാടവം തെളിയിച്ചിട്ടുണ്ട്. കോളജ് യൂണിയൻ ജനറൽ സെക്രട്ടറി, യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർ, കോളജ് യൂണിറ്റ് സെക്രട്ടറി, അത്‌ലറ്റിക് സെക്രട്ടറി തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുമ്പോൾ തന്നെ 'രഥം' ത്രൈമാസികയുടെ ജനറൽ എഡിറ്ററായി സാഹിത്യ സാംസ്കാരിക രംഗങ്ങളിൽ നിറഞ്ഞുനിന്നു. ജന്മനാട് കേന്ദ്രീകരിച്ച് നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. നാഷണൽ കമ്മിറ്റിയംഗവും വിമൻസ് ഫോറം വൈസ് ചെയറുമായ മേഴ്സി സാമുവലാണ് സഹധർമ്മിണി. മകൻ ആരോൺ അമേരിക്കയിൽ എത്തി അധികം വൈകാതെ തന്നെ സ്വന്തം ബിസിനസ് ആരംഭിക്കുകയും ചെയ്തു. അദ്ദേഹം ആരംഭിച്ച ബിസിനസ്സുകളെല്ലാം ലാഭകരമായി നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. 2010 മുതലുള്ള എല്ലാ ഫോമാ കൺവൻഷനുകളിലും സജീവസാന്നിദ്ധ്യമാണ്. സാമുവൽ മത്തായിയുടെ നേതൃത്വം ഫോമായുടെ വളർച്ചയ്ക്ക് മുതൽക്കൂട്ടാണെന്ന് പ്രസിഡണ്ട് സ്ഥാനത്തേക്ക് മത്സരിക്കുന്ന തോമസ് റ്റി. ഉമ്മൻ പറഞ്ഞു. നോർത്ത് അമേരിക്കയിലെ ഫോമാ പ്രവർത്തകർക്ക് അഭിമാനത്തിന്റെ സുദിനമാണിന്ന്-തോമസ് റ്റി. ഉമ്മൻ വ്യക്തമാക്കി.

തോമസ് റ്റി. ഉമ്മനോടൊപ്പം ഫോമാ ടീം 2024-2026 ട്രഷറർ സ്ഥാനാർത്ഥി ബിനൂബ് ശ്രീധരൻ, വൈസ് പ്രസിഡണ്ട് സ്ഥാനാർത്ഥി സണ്ണി കല്ലൂപ്പാറ, ജോയിന്റ് സെക്രട്ടറി സ്ഥാനാർത്ഥി ഡോ. പ്രിൻസ് നെച്ചിക്കാട്, ജോയിന്റ് ട്രഷറർ സ്ഥാനാർത്ഥി അമ്പിളി സജിമോൻ എന്നിവർ ടീമിലെ ജനറൽ സെക്രട്ടറി സ്ഥാനാർത്ഥി സാമുവൽ മത്തായിയെ ഹാർദ്ദമായി സ്വാഗതം ചെയ്തു.



**തോമസ് റ്റി. ഉമ്മൻ**
**പ്രസിഡണ്ട്**



**സാമുവൽ മത്തായി**
**ജനറൽ സെക്രട്ടറി**



**ബിനൂബ് ശ്രീധരൻ**
**ട്രഷറർ**



**സണ്ണി കല്ലൂപ്പാറ**
**വൈസ് പ്രസിഡണ്ട്**



**ഡോ. പ്രിൻസ് നെച്ചിക്കാട്**
**ജോയിന്റ് സെക്രട്ടറി**



**അമ്പിളി സജിമോൻ**
**ജോയിന്റ് ട്രഷറർ**

**ഫോമാ ടീം 2024-2026**

തോമസ് റ്റി. ഉമ്മൻ-പ്രസിഡണ്ട്, സാമുവൽ മത്തായി-ജനറൽ സെക്രട്ടറി, ബിനൂബ് ശ്രീധരൻ-ട്രഷറർ, സണ്ണി കല്ലൂപ്പാറ-വൈസ് പ്രസിഡണ്ട്, ഡോ. പ്രിൻസ് നെച്ചിക്കാട്-ജോയിന്റ് സെക്രട്ടറി, അമ്പിളി സജിമോൻ -ജോയിന്റ് ട്രഷറർ

# ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്തമേരിക്ക പ്രവർത്തനോദ്ഘാടനം മാർച്ച് 1-ന്

**അനിൽ ആറന്മുള**

ന്യൂജേഴ്സി: 21 വർഷത്തെ മികച്ച പാരമ്പര്യവുമായി മാധ്യമരംഗത്ത് മുന്നേറുന്ന ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്തമേരിക്കയുടെ (ഐ.പി.സി.എൻ.എ) 2024-2025 കമ്മിറ്റിയുടെ പ്രവർത്തനോദ്ഘാടനം മാർച്ച് 1-ന് വൈകുന്നേരം നാലര മണിക്ക് ന്യൂജേഴ്സിയിലെ ഫോർഡ്സിലുള്ള റോയൽ ആൽബെർട്സ് പാലസിൽ നടക്കും.

കേരളത്തിൽ നിന്നെത്തുന്ന അങ്കമാലി എംഎൽഎ റോജി എം. ജോൺ സമ്മേളനത്തിൽ മുഖ്യാതിഥിയായിരിക്കും. ന്യൂയോർക്ക് കോൺസൽ ജനറൽ ബിനയ ശ്രീകാന്ത പ്രധാൻ ഗസ്റ്റ് ഓഫ് ഹോണറും ഹ്യൂസ്റ്റണിൽ നിന്നുള്ള ജഡ്ജ് ജൂലി മാത്യു അതിഥിയുമായിരിക്കും. ഫ്ളോറിഡയിൽ നടന്ന പത്താം അന്താരാഷ്ട്ര കോൺഫറൻസിൽവെച്ച് അധികാര കൈമാറ്റത്തിന്റെ സൂചനയായി പ്രസിഡണ്ട് സുനിൽ തൈമറ്റം ദീപനാളം ഇപ്പോഴത്തെ പ്രസിഡണ്ട് സുനിൽ ട്രൈസ്റ്റാറിന് കൈമാറിയിരുന്നു. ഔദ്യോഗികമായി പ്രവർത്തനോദ്ഘാടനം നടക്കുന്ന ചടങ്ങാണ് മാർച്ച് ഒന്നിന് നടക്കുന്നത്.

പ്രസ്ക്ലബിന്റെ അടുത്ത രണ്ടു വർഷത്തെ പ്രവർത്തനങ്ങളുടെ രൂപരേഖ അവതരിപ്പിക്കുകയും മാധ്യമരംഗത്തെ പുതിയ ചലനങ്ങളും സാമൂഹിക മാറ്റങ്ങളും സംബന്ധിച്ച് അവബോധം സൃഷ്ടിക്കുകയുമാണ് സമ്മേളനംകൊണ്ട് ലക്ഷ്യമിടുന്നതെന്ന് ഐപിസിഎൻഎ നാഷണൽ പ്രസിഡണ്ട് സുനിൽ ട്രൈസ്റ്റാർ, സെക്രട്ടറി ഷിജോ പൗലോസ്, ട്രഷറർ വിശാഖ് ചെറിയാൻ എന്നിവർ ചൂണ്ടിക്കാട്ടി. അമേരിക്കയിലെങ്ങുനിന്നുമുള്ള മാധ്യമപ്രവർത്തകരും സാമൂഹിക സാംസ്കാരിക നേതാക്കളും സംഘടനാ നേതാക്കളും സമ്മേളനത്തിൽ പങ്കെടുക്കും എന്ന് വൈസ് പ്രസിഡണ്ട് അനിൽ ആറന്മുള, ജോ. സെക്രട്ടറി ആശ മാത്യു, ജോ. ട്രഷറർ റോയ് മുളകുന്നം എന്നിവർ അറിയിച്ചു.

പ്രസ്ക്ലബിന്റെ ന്യൂയോർക്ക് ചാപ്റ്റർ ആതിഥ്യമരുളുന്ന സമ്മേളനം പ്രൗഢോജ്ജ്വലമാക്കാൻ പ്രവർത്തനങ്ങൾ ആരംഭിച്ചതായി ചാപ്റ്റർ പ്രസിഡണ്ട് ഷോളി കുമ്പിളുവേലിൽ, സെക്രട്ടറി ജോജോ കൊട്ടാരക്കര, ട്രഷറർ ബിനു തോമസ് എന്നിവർ അറിയിച്ചു. വൈസ് പ്രസിഡണ്ട് മൊയ്തീൻ പുത്തൻചിറ, ജോ. സെക്രട്ടറി മാനുവൽ ജേക്കബ് കൂടാതെ എല്ലാ ന്യൂയോർക്ക് ചാപ്റ്റർ അംഗങ്ങളും ചടങ്ങിന്റെ നടത്തിപ്പിനായി കൂടെയുണ്ട്.

ഉദ്ഘാടനസമ്മേളനത്തിൽ ഐപിസിഎൻഎ അഡ്വൈസറി ബോർഡ് ചെയർമാൻ സുനിൽ തൈമറ്റം, മറ്റ് അഡ്വൈസറി ബോർഡ് അംഗങ്ങൾ, വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ചാപ്റ്റർ ഭാരവാഹികൾ എന്നിവർ പങ്കെടുക്കും. സമ്മേളനത്തിലേക്ക് ഏവരെയും ട്രഷറർ വിശാഖ് ചെറിയാൻ സ്വാഗതം ചെയ്തു.

കോൺഗ്രസിൽ നിന്നുള്ള യുവ എംഎൽഎയായ റോജി എം. ജോൺ 2016-ൽ അങ്കമാലിയിൽനിന്ന് കേരളനിയമസഭയിൽ അംഗമായി. 2021-ൽ വീണ്ടും തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ദേശീയ വിദ്യാർത്ഥി വിഭാഗമായ എൻഎസ്‌യുഐയുടെ പ്രസിഡണ്ടായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. എഐസിസി സെക്രട്ടറി എന്നനിലയിലും പ്രവർത്തിക്കുന്നു. അദ്ദേഹം ഐപിസിഎൻഎ പ്രവർത്തനങ്ങളിൽ എക്കാലവും ഭാഗമായിട്ടുണ്ട്.

ഇന്ത്യൻ ഫോറിൻ സർവീസിലെ 2002 ബാച്ചിലെ അംഗമാണ് ന്യൂയോർക്കിൽ പുതുതായി ചാർജെടുത്ത ഇന്ത്യൻ കോൺസൽ ജനറൽ ബിനയ ശ്രീകാന്ത പ്രധാൻ. ഇംഗ്ലീഷ്, റഷ്യൻ, ഹിന്ദി, ഒഡിയ ഭാഷകൾ സംസാരിക്കുന്നു. മോസ്കോയിൽ ഇന്ത്യൻ എംബസിയിൽ ഡെപ്യൂട്ടി ചീഫ് ഓഫ് മിഷൻ, ടാൻസാനിയയിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ, ഈസ്റ്റ് ആഫ്രിക്കൻ കമ്യൂണിറ്റിയുടെ (ഇഎസി) സ്ഥിരം പ്രതിനിധി തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചു. ഈ കാലയളവിൽ ഇന്ത്യ-ടാൻസാനിയ ബന്ധം 'സ്ട്രാറ്റജിക് പാർട്ണർഷിപ്' ആയി ഉയർത്തപ്പെടുകയും ടാൻസാനിയയിലെ സാൻസിബാറിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി(ഐഐടി) മദ്രാസിന്റെ ആദ്യത്തെ വിദേശ കാമ്പസ് സ്ഥാപിക്കുകയും ചെയ്തു. കോൺസൽ ജനറൽ എന്ന നിലയിൽ ഇദ്ദേഹത്തിന്റെ പ്രവർത്തനത്തെ സമൂഹം ഉറ്റുനോക്കുന്നു.

ജഡ്ജ് ജൂലി എ. മാത്യു ഫോർട്ട് ബെൻഡ് കൗണ്ടി കോർട്ട് അറ്റ് ലോ-3 യിൽ പ്രിസൈഡിംഗ് ജഡ്ജിയായി രണ്ടാം തവണയാണ് തെരഞ്ഞെടുക്കപ്പെട്ടത്. ക്രിമിനൽ, സിവിൽ കേസുകൾ കൈകാര്യം ചെയ്യുന്ന അവർ കൗണ്ടിയിലെ ജുവനൈൽ ഇന്റർവെൻഷൻ ആൻഡ് മെന്റൽ ഹെൽത്ത് സ്പെഷ്യാലിറ്റി കോടതി സ്ഥാപിക്കുകയും അതിനെ നയിക്കുകയും ചെയ്യുന്നു. ഫോർട്ട് ബെൻഡ് കൗണ്ടിയിൽ തെരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ ഏഷ്യൻ അമേരിക്കക്കാരിയും യുഎസിലെ ജുഡീഷ്യൽ ബെഞ്ചിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ ഇന്ത്യൻ അമേരിക്കൻ വനിതയുമാണ്. പെൻസ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദവും ഡെലവെയർ ലോ സ്കൂളിൽ നിന്ന് ജൂറിസ് ഡോക്ടറേറ്റും നേടിയ അവർ ഫോർട്ട് ബെൻഡ് കൗണ്ടി ലിറ്ററസി കൗൺസിലിന്റെയും ഇന്ത്യ കൾച്ചറൽ സെന്ററിന്റെയും ഡയറക്ടർ ബോർഡ് അംഗവുമാണ്.




# ഇന്ത്യയിൽ മതരാഷ്ട്ര ഭരണം: ജസ്റ്റിസ് കെമാൽ പാഷ

കോട്ടയം: പ്രധാനമന്ത്രിയല്ല, പ്രധാന തന്ത്രിയാണ് ഇപ്പോൾ ഭരിക്കുന്നതെന്നു ഹൈക്കോടതി റിട്ട. ജഡ്ജി ബി. കെമാൽ പാഷ. ഭരണഘടനയിലെ മതനിരപേക്ഷതയ്ക്കു വിലകൽപിക്കാത്ത, മനസ്സ് മരവിച്ചവരുടെ മതരാഷ്ട്ര ഭരണമാണു നടക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. മികച്ച പാർലമെന്റേറിയനുള്ള കേരള ദളിത് ലീഡേഴ്സ് ഫോറത്തിന്റെ പ്രഥമ അംബേദ്കർ-അയ്യങ്കാളി അവാർഡ് കൊടിക്കുന്നിൽ സുരേഷ് എം.പിക്കു സമ്മാനിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യയിൽ തൊലിയുടെ നിറം ഇപ്പോഴും പ്രശ്നമാണെന്നും വർഷങ്ങളായി ലോക്സഭയെ പ്രതിനിധീകരിക്കുന്ന കൊടിക്കുന്നിൽ സുരേഷിനു ഡെപ്യൂട്ടി സ്പീക്കർ സ്ഥാനം നൽകാത്തതിനു പിന്നിലും മറ്റൊന്നുമല്ലെന്നും കെമാൽ പാഷ പറഞ്ഞു. കേരള ദളിത് ഫോറം സംസ്ഥാന ചെയർമാൻ പി.ജി. ഗോപി അധ്യക്ഷത വഹിച്ചു.

# കോൺഗ്രസിനെ തകർക്കാൻ സാമ്പത്തിക ഭീകരതയെന്ന് ഖാർഗെ

ന്യൂഡൽഹി: ലോക്സഭാ തെരഞ്ഞെടുപ്പിനു മുന്നോടിയായി 'സാമ്പത്തിക ഭീകരത'യിലൂടെ മുഖ്യപ്രതിപക്ഷമായ കോൺഗ്രസിനെ തകർക്കാൻ കേന്ദ്രസർക്കാർ ശ്രമിക്കുകയാണെന്ന് കോൺഗ്രസ്.

കോൺഗ്രസിനെ തളർത്താനുള്ള മോദിസർക്കാരിന്റെ സാമ്പത്തിക ഭീകരതയും പിടിച്ചുപറിയും ജനാധിപത്യത്തെ ദുർബലപ്പെടുത്തുകയാണെന്ന് എഐസിസി അധ്യക്ഷനും രാജ്യസഭയിലെ പ്രതിപക്ഷ നേതാവുമായ മല്ലികാർജുൻ ഖാർഗെ കുറ്റപ്പെടുത്തി.

എപ്പോഴെങ്കിലും ബിജെപി ആദായനികുതി അടച്ചിട്ടുണ്ടോയെന്നും ഖാർഗെ ചോദിച്ചു.

കോൺഗ്രസിന്റെ ബാങ്ക് അക്കൗണ്ടിൽനിന്ന് 65 കോടി രൂപ ആദായനികുതിവകുപ്പിനെ ഉപയോഗിച്ചു കൊള്ളയടിച്ചെന്ന് എഐസിസി ജനറൽ സെക്രട്ടറിമാരായ കെ.സി. വേണുഗോപാലും ജയ്റാം രമേശും ട്രഷറർ അജയ് മാക്കനും പത്രസമ്മേളനത്തിൽ പറഞ്ഞു. സംഭാവനയായി ലഭിച്ച തുകയിൽനിന്നാണു കൊള്ള. ഇതിനുംപുറമേ 210 കോടി രൂപയാണ് ആദായ നികുതി വകുപ്പ് കോൺഗ്രസിൽനിന്ന് ആവശ്യപ്പെടുന്നതെന്ന് നേതാക്കൾ വ്യക്തമാക്കി.

കോൺഗ്രസിനെ സാമ്പത്തികമായി തളർത്താൻ ഗൂഢാലോചന നടക്കുന്നുണ്ട്. ഇതിലൂടെ ജനാധിപത്യത്തെ ഹനിക്കാനും ഇന്ത്യയെ ഏകാധിപത്യത്തിലേക്കു വലിച്ചിഴയ്ക്കാനുമാണ് ഭരണകക്ഷി ശ്രമിക്കുന്നത്.

സാമ്പത്തിക ഭീകരതയിലൂടെയും കൊള്ളയടിയിലൂടെയും മോദിസർക്കാർ ജനാധിപത്യം പിടിച്ചെടുക്കുന്നു. കോൺഗ്രസിനു ലഭിച്ച സംഭാവനയുടെ 65 കോടി രൂപ കൈമാറാൻ ദേശസാത്കൃത ബാങ്കുകളെ കബളിപ്പിച്ച് ആദായനികുതി വഴി പിടിച്ചെടുക്കുകയാണ് മോദി സർക്കാർ ചെയ്തത്.

സി.ബി.ഐ., ഇ.ഡി., ആദായനികുതി വകുപ്പ് എന്നിവയെ ദുരുപയോഗം ചെയ്ത് കുറഞ്ഞത് 30 സ്ഥാപനങ്ങളിൽനിന്നെങ്കിലും ബി.ജെ.പിക്ക് സംഭാവന ലഭിച്ചു. കോൺഗ്രസിന്റെ തുക പിടിച്ചുപറിക്കുന്ന ബി.ജെ.പി, ആദായനികുതി അടച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കട്ടെ. റെയ്ഡിനുശേഷമുള്ള മാസങ്ങളിൽ ഈ സ്ഥാപനങ്ങളിൽ ചിലത് ബി.ജെ.പിക്ക് കൂടുതൽ തുക കൈമാറിയതായും റിപ്പോർട്ടുണ്ട്.

ഒരുവശത്ത്, കോൺഗ്രസ് പാർട്ടിക്കു നല്ല വിശ്വാസത്തോടെ സംഭാവന നൽകിയ ആളുകൾ അധ്വാനിച്ചുണ്ടാക്കിയ പണം മോഷ്ടിക്കാൻ മോദിസർക്കാർ ആഗ്രഹിക്കുന്നു. മറുവശത്ത്, സംഭാവനകളുടെ സിംഹഭാഗവും കൈക്കലാക്കാൻ കോർപറേറ്റ് സ്ഥാപനങ്ങളെ ഇ.ഡി., സി.ബി.ഐ., ഐ.ടി എന്നിവയിലൂടെ ഭീഷണിപ്പെടുത്തുന്നു.

## ഡൽഹി, ഗുജറാത്ത്, ഹരിയാന സംസ്ഥാനങ്ങളിൽ
# കോൺഗ്രസ്–എ.എ.പി. സീറ്റ് ധാരണ

ന്യൂഡൽഹി: ഡൽഹി, ഗുജറാത്ത്, ഹരിയാന സംസ്ഥാനങ്ങളിൽ കോൺഗ്രസ്–എ.എ.പി. സീറ്റ് ധാരണ ഉടൻ പ്രഖ്യാപിക്കും. സീറ്റ് വിഭജന ചർച്ചകൾ അന്തിമഘട്ടത്തിലാണ്. ഡൽഹിയിൽ എ.എ.പി. നാലു സീറ്റിലും കോൺഗ്രസ് മൂന്നിലും മത്സരിക്കും.

സൗത്ത് ഡൽഹി, വെസ്റ്റ് ഡൽഹി, നോർത്ത് വെസ്റ്റ് ഡൽഹി, ന്യൂഡൽഹി സീറ്റുകളിലാണ് എ.എ.പി. മത്സരിക്കുക. ചാന്ദ്നി ചൗക്ക്, ഈസ്റ്റ് ഡൽഹി, നോർത്ത് ഈസ്റ്റ് ഡൽഹി മണ്ഡലങ്ങളിൽ കോൺഗ്രസ് ജനവിധി തേടും. രാജ്യ തലസ്ഥാനത്തെ ഏഴു മണ്ഡലങ്ങളിലും കഴിഞ്ഞ തവണ വിജയിച്ചത് ബി.ജെ.പിയാണ്.

എ.എ.പിക്ക് ഹരിയാനയിൽ ഒരു സീറ്റും ഗുജറാത്തിൽ രണ്ടു സീറ്റും നല്കാൻ കോൺഗ്രസ് സമ്മതിച്ചു. ഹരിയാനയിൽ ഗുരുഗ്രാം അല്ലെങ്കിൽ ഫരീദാബാദ് സീറ്റാണ് എ.എ.പിക്കു ലഭിക്കുക. ഗുജറാത്തിൽ ഭാറൂച്, ഭാവ്നഗർ സീറ്റുകൾ എ.എ.പിക്കു നല്കും. ഭാറൂചിൽ ചായിതാർ വാസവയെയും ഭാവ്നഗറിൽ ഉമേഷ്ഭായി മക്വാനയെയും സ്ഥാനാർത്ഥികളായി എ.എ.പി. പ്രഖ്യാപിച്ചുകഴിഞ്ഞു.

# കെ.എം. ഏബ്രഹാമിന് കാബിനറ്റ് പദവി

തിരുവനന്തപുരം: മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. കെ.എം. ഏബ്രഹാമിനു കാബിനറ്റ് പദവി നൽകാൻ മന്ത്രിസഭാ തീരുമാനം. മന്ത്രിമാർക്കു പുറമേ ഗവ. ചീഫ് വിപ്പ് ഡോ. എൻ. ജയരാജ്, കേരള സർക്കാരിന്റെ ഡൽഹിയിലെ പ്രതിനിധി കെ.വി. തോമസ് എന്നിവർക്കാണു നിലവിൽ കാബിനറ്റ് പദവിയുള്ളത്.



കിഫ്ബി സി.ഇ.ഒയും കെ-ഡിസ്കിന്റെ ചെയർമാനുമാണ് ഏബ്രഹാം. മുഖ്യമന്ത്രിയുടെ ഓഫീസിലെ ഉദ്യോഗസ്ഥനു കാബിനറ്റ് പദവി അപൂർവമാണ്. 1982 ഐ.എ.എസ്. ബാച്ചുകാരനായ ഏബ്രഹാം സിവിൽ എഞ്ചിനീയറിങ്ങിൽ കാൺപൂർ ഐ.ഐ.ടിയിൽനിന്ന് എം.ടെക്കും യു.എസിലെ മിഷിഗൺ സർവകലാശാലയിൽനിന്നു ഡോക്ടറേറ്റും നേടി. 2008-2011 വരെ സെബി അംഗമായിരുന്നു. ടി.കെ.എം. എഞ്ചിനീയറിങ് കോളജിൽ അധ്യാപകനായിരുന്നു. ആലപ്പുഴ കളക്ടറായും സേവനമനുഷ്ഠിച്ചു. 1996-ലെ ഇ.കെ. നായനാർ സർക്കാരിന്റെ കാലത്തു ധനകാര്യ സെക്രട്ടറിയായിരിക്കേ മോഡേണൈസിങ് ഗവൺമെന്റ് പ്രോഗ്രാമിന് (എം.ജി.സി.) നേതൃത്വം നൽകി. ട്രഷറി ഇടപാടുകളും സർക്കാർ ജീവനക്കാരുടെ ശമ്പളവിതരണവും സ്ഥലംമാറ്റവുമെല്ലാം കമ്പ്യൂട്ടർവത്കരിക്കാൻ നേതൃത്വം നൽകി. സർക്കാരിനുവേണ്ടി കമ്പ്യൂട്ടർ നയം തയാറാക്കി അന്നത്തെ ചീഫ് സെക്രട്ടറി വി. രാമചന്ദ്രനു സമർപ്പിച്ചു. വിദ്യാർത്ഥികൾക്കായി നൈപുണ്യവികസനപദ്ധതി തയാറാക്കി.

# 'അക്ബർ' സിംഹത്തിന്റെയും 'സീത' സിംഹിണിയുടെയും പേരു മാറ്റണം: ഹൈക്കോടതി

കൊൽക്കത്ത: അക്ബർ-സീത പേരുകാരായ സിംഹജോഡികളുടെ പേരുകൾ മാറ്റി വിവാദമൊഴിവാക്കാൻ സംസ്ഥാന സർക്കാരിന് കൊൽക്കത്ത ഹൈക്കോടതി നിർദേശം. വി.എച്ച്.പി. നൽകിയ ഹർജിയിലാണു ഹൈക്കോടതി സിംഗിൾ ബെഞ്ച് ജസ്റ്റിസ് സൗഗത ഭട്ടാചാര്യയുടെ നിർദേശം.



ത്രിപുരയിൽനിന്നു പശ്ചിമബംഗാളിലെ സിലിഗുരി നാഷണൽ പാർക്കിൽ എത്തിച്ച് ഒരേ കൂട്ടിൽ പാർപ്പിച്ച സിംഹജോഡികൾക്ക് 'അക്ബറെ'ന്നും 'സീത'യെന്നും പേരിട്ടത് ഹിന്ദു മതത്തെ അവഹേളിക്കുന്നതിനു തുല്യമാണെന്നും പേരുകൾ മാറ്റണമെന്നും ആവശ്യപ്പെട്ടാണു വി.എച്ച്.പി. ഹൈക്കോടതിയെ സമീപിച്ചത്.

കേസ് ഫെബ്രുവരി 21-ന് പരിഗണിച്ച ഹൈക്കോടതി, സിംഹങ്ങൾക്കു വിവാദ പേരുകൾ ഇട്ടത് പശ്ചിമബംഗാൾ സർക്കാരാണോയെന്ന് ആരായുകയും വിശദീകരണം തേടുകയും ചെയ്തിരുന്നു.

ഹർജി 22-ന് വീണ്ടും പരിഗണിച്ച കോടതി, എന്തുകൊണ്ടാണ് മൃഗങ്ങൾക്ക് വിവാദ പേരുകൾ പേരിട്ടതെന്ന് സർക്കാരിനുവേണ്ടി ഹാജരായ അഡീഷണൽ അഡ്വക്കറ്റ് ജനറൽ ദേബ്ജ്യോതി ചൗധരിയോടു ചോദിച്ചു. വീട്ടിലെ വളർത്തുമൃഗങ്ങൾക്ക് ഹിന്ദുദൈവങ്ങളുടെയോ പ്രവാചകന്റെയോ പേരിടാൻ തയാറാകുമോയെന്നും കോടതി ചോദിച്ചു.

ത്രിപുരയിലെ കാഴ്ചബംഗ്ലാവിലായിരിക്കെ സിംഹങ്ങൾക്കു പേരിട്ടത് 2016-ലാണെന്നും എന്നാൽ അവയെ പശ്ചിമബംഗാളിലെത്തിച്ചതോടെയാണു പേരുകളെച്ചൊല്ലി വിവാദമുണ്ടാകുന്നതെന്നും പേരുകൾ മാറ്റാൻ സർക്കാർ നേരത്തെതന്നെ ആലോചിച്ചിരുന്നതായും ദേബ്ജ്യോതി ചൗധരി പറഞ്ഞു.

എന്നാൽ, ത്രിപുര നൽകിയ പേരിനെ എന്തുകൊണ്ട് എതിർത്തില്ലെന്ന് കോടതി ചോദിച്ചു. "നിങ്ങളുടേത് ഒരു ക്ഷേമ, മതേതര സംസ്ഥാനമാണ്. സിംഹങ്ങൾക്ക് സീതയെന്നും അക്ബറെന്നും പേരിട്ട് നിങ്ങൾ എന്തിനാണു വിവാദമുണ്ടാക്കുന്നത്. ഈ വിവാദം ഒഴിവാക്കാമായിരുന്നു. സീത രാജ്യത്തെ വലിയൊരു ജനവിഭാഗം ആരാധിക്കുന്ന ദേവതയാണ്. അക്ബറാകട്ടെ വളരെ സമർഥനും മാന്യനും മതേതരവാദിയുമായ ഒരു മുഗൾ ചക്രവർത്തിയായിരുന്നു." - കോടതി ചൂണ്ടിക്കാട്ടി.

സിംഹങ്ങൾക്കു പുതിയ പേരിടുമെന്നും വി.എച്ച്.പിയുടെ ഹർജി തള്ളണമെന്നും എ.എ.ജി. വാദിച്ചു. എന്നാൽ, വി.എച്ച്.പിയുടെ പരാതി പൊതുതാത്പര്യ ഹർജിയായി മാറ്റാൻ നിർദേശിച്ച കോടതി, ഇത്തരം കേസുകൾ പരിഗണിക്കുന്ന ബെഞ്ചിലേക്കു ഹർജി മാറ്റുകയും ചെയ്തു.





# കർഷകസമര കുറിപ്പുകൾക്ക് കേന്ദ്രസർക്കാർ വിലക്കേർപ്പെടുത്തി

ന്യൂഡൽഹി: ലോകത്താകെ ശ്രദ്ധ നേടുന്ന ഇന്ത്യയിലെ കർഷകസമരവുമായി ബന്ധപ്പെട്ട സമൂഹ മാധ്യമ അക്കൗണ്ടുകൾ മരവിപ്പിക്കാനുള്ള കേന്ദ്രസർക്കാർ നിർദേശം വിവാദമായി. കർഷകരുടെ പ്രതിഷേധവുമായി ബന്ധപ്പെട്ട ട്വീറ്റുകളുള്ള പഴയ ട്വിറ്ററിന്റെ പുതിയ രൂപമായ എക്സിലെ നിരവധി അക്കൗണ്ടുകളാണ് കേന്ദ്രസർക്കാർ വിലക്കിയത്.

ഏതാനും അക്കൗണ്ടുകൾക്കും പോസ്റ്റുകൾക്കുമെതിരെ നടപടിയെടുക്കാൻ ഇന്ത്യൻ സർക്കാർ എക്സിക്യൂട്ടീവ് ഉത്തരവുകൾ പുറപ്പെടുവിച്ചതായി ഇലോൺ മസ്കിന്റെ ഉടമസ്ഥതയിലുള്ള എക്സ് പ്രസ്താവനയിൽ അറിയിച്ചു. നടപടിയെടുത്തില്ലെങ്കിൽ വലിയ പിഴയും തടവും ഉൾപ്പെടെയുള്ള ശിക്ഷകൾ ഉണ്ടാകുമെന്ന മുന്നറിയിപ്പിനെത്തുടർന്ന് സർക്കാരിന്റെ നിർദേശം പാലിച്ച് എക്സ് നടപടിയെടുത്തു.

എന്നാൽ, കർഷകരുടെ പ്രതിഷേധവുമായി ബന്ധപ്പെട്ട അക്കൗണ്ടുകളും പോസ്റ്റുകളും ബ്ലോക്ക് ചെയ്യാനുള്ള കേന്ദ്രസർക്കാരിന്റെ ഉത്തരവിനോട് എക്സ് വിയോജിപ്പ് രേഖപ്പെടുത്തി.


ഓർഡറുകൾക്ക് അനുസൃതമായി, ഈ അക്കൗണ്ടുകളും പോസ്റ്റുകളും ഇന്ത്യയിൽ മാത്രം തടഞ്ഞുവെക്കും. എന്നിരുന്നാലും, ഈ നടപടികളോടു വിയോജിക്കുന്നു. അഭിപ്രായസ്വാതന്ത്ര്യം തടയരുതെന്നതാണു നിലപാടെന്നും എക്സിന്റെ ഗ്ലോബൽ ഗവൺമെന്റ് അഫയേഴ്സ് ടീം അറിയിച്ചു. അതേസമയം, കർഷകസമരത്തെക്കുറിച്ചുള്ള സമൂഹമാധ്യമ അക്കൗണ്ടുകൾ തടഞ്ഞുവെച്ച കേന്ദ്രസർക്കാർ ഉത്തരവിനെതിരെ കോൺഗ്രസ് രംഗത്തെത്തി. ഇന്ത്യയിലെ ജനാധിപത്യത്തിന്റെ കൊലയാണിതെന്ന് എ.ഐ.സി.സി വാർത്താവിനിമയ ജനറൽ സെക്രട്ടറി ജയ്റാം രമേശ് വിമർശിച്ചു.

## സത്യപാൽ മാലിക്കിനെതിരെ വ്യാപക സി.ബി.ഐ. റെയ്ഡ്

ന്യൂഡൽഹി: പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ കടുത്ത വിമർശകനായ ജമ്മു-കാശ്മീർ മുൻ ഗവർണർ സത്യപാൽ മാലിക്കിന്റെ വീട്ടിലും അദ്ദേഹവുമായി ബന്ധപ്പെട്ട മറ്റ് 29 ഇടങ്ങളിലും സി.ബി.ഐ. റെയ്ഡ് നടത്തി. ജമ്മു കാശ്മീരിലെ 2,200 കോടി രൂപയുടെ കിരു ജലവൈദ്യുത പദ്ധതിയുമായി ബന്ധപ്പെട്ട കേസിലാണ് പദ്ധതി നടപ്പാക്കിയ കാലത്തെ ഗവർണർക്കെതിരെയുള്ള റെയ്ഡ്.

ഡൽഹി ആർ.കെ. പുരം, ദ്വാരക, ഏഷ്യൻ ഗെയിംസ് വില്ലേജ് എന്നിവിടങ്ങളിലും ഹരിയാന, പഞ്ചാബ്, യു.പി., ജമ്മു-കാശ്മീർ, ബിഹാർ, രാജസ്ഥാൻ, മഹാരാഷ്ട്ര എന്നിവിടങ്ങളിലുമായി സത്യപാലുമായി ബന്ധമുണ്ടെന്നു കരുതുന്ന 30 കേന്ദ്രങ്ങളിലാണു സി.ബി.ഐ. റെയ്ഡ് നടത്തിയത്. കിരു ജലവൈദ്യുത പദ്ധതിയുടെ കരാർ നൽകിയതിൽ ചെനാബ് വാലി പവർ പ്രോജക്ട്സ് ലിമിറ്റഡിന്റെ മുൻ ചെയർമാൻ നവീൻ കുമാർ ചൗധരിയുടെ വീട്, ഓഫീസ്, പട്ടേൽ എഞ്ചിനിയറിംഗ് ലിമിറ്റഡ് ഉദ്യോഗസ്ഥരുടെ വസതികൾ എന്നിവിടങ്ങളിലും റെയ്ഡ് നടത്തി.


കിരു ഹൈഡ്രോ ഇലക്ട്രിക് പവർ പ്രോജക്ടുമായി (എച്ച്.ഇ.പി.) ബന്ധപ്പെട്ട സിവിൽ വർക്ക് കരാർ നൽകിയതിൽ അഴിമതി ആരോപിച്ചാണു കേസ്. എന്നാൽ ഇതേ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ ഉൾപ്പെടെ രണ്ടു ഫയലുകൾ ക്ലിയർ ചെയ്യുന്നതിന് 300 കോടി രൂപ കൈക്കൂലി വാഗ്ദാനം ചെയ്തതായി മാലിക് നേരത്തെ പറഞ്ഞിരുന്നു.



അഴിമതിക്കു കൂട്ടുനിൽക്കാൻ താൻ തയാറായില്ലെന്നും അക്കാലത്തു ഗവർണറായിരുന്ന സത്യപാൽ പറഞ്ഞു. അഴിമതി നടത്തിയവർക്കെതിരേയുള്ള തന്റെ പരാതി അന്വേഷിക്കാതെ തന്റെ വീട്ടിൽ സി.ബി.ഐ. റെയ്ഡ് ചെയ്തിരിക്കുകയാണെന്നും 2018 ഓഗസ്റ്റ് മുതൽ 2019 ഒക്ടോബർ വരെ ജമ്മു-കാശ്മീർ ഗവർണറായിരുന്ന സത്യപാൽ മാലിക് പറഞ്ഞു.

ബി.ജെ.പി. നേതാവായിരുന്ന സത്യപാലിനെ ആദ്യം മേഘാലയയിലും തുടർന്ന് ജമ്മു-കാശ്മീരിലും ഗവർണറായി മോദി നിയമിച്ചെങ്കിലും അക്കാലത്തുതന്നെ മോദിക്കെതിരെ ഇദ്ദേഹം രൂക്ഷ വിമർശനങ്ങൾ നടത്തിയിരുന്നു.

## റേഡിയോ അവതാരകൻ അമീൻ സയാനി അന്തരിച്ചു



മുംബൈ: 'ബിനാക്ക ഗീത്മാല' എന്ന റേഡിയോ പരിപാടിയിലൂടെ ഇന്ത്യക്കാരുടെ ഹൃദയം കീഴടക്കിയ അവതാരകൻ അമീൻ സയാനി (91) അന്തരിച്ചു. 1952 മുതൽ 1994 വരെയായിരുന്നു സയാനിയെ പ്രശസ്തനായ ഹിന്ദി ചലച്ചിത്രഗാനങ്ങൾ കോർത്തിണക്കിയുള്ള ഗീത്മാല പ്രക്ഷേപണം ചെയ്തിരുന്നത്. 'സഹോദരീ സഹോദരൻമാരെ, ഇത് നിങ്ങളുടെ അമീൻ സയാനി' എന്ന വ്യത്യസ്തമായ ആമുഖത്തോടെ മധുരമൂറുന്ന ഗാനങ്ങൾ അവതരിപ്പിച്ച ശൈലി പിന്നീട് പലരും അനുകരിച്ചു.

റേഡിയോ സിലോണിൽ അവതരിപ്പിച്ചു തുടങ്ങിയ ഗീത്മാല പിന്നീട് ആകാശവാണിയുടെ വിവിധ് ഭാരതിയിൽ 'ഹിറ്റ് പരേഡ്', 'സിബാക്ക ഗീത്മാല' എന്നീ പേരുകളിൽ തുടർന്നതോടെ ഇന്ത്യയിലെ എണ്ണമറ്റ വീടുകളിലെ പ്രിയപ്പെട്ട വിനോദ പരിപാടിയായി. 1952-ൽ അന്നത്തെ വാർത്താവിനിമയ മന്ത്രി ബി.വി. കേസ്കർ ആകാശവാണിയിൽ ഹിന്ദി ഗാനങ്ങൾ നിരോധിച്ചതോടെയാണ് ബ്രിട്ടീഷുകാർ ആരംഭിച്ച റേഡിയോ സിലോണിൽ ബിനാക്ക ഗീത്മാലയുടെ സുവർണകാലത്തിനു തുടക്കം കുറിച്ചത്. 42 വർഷം ജനപ്രിയ പരിപാടികളിൽ ഒന്നാം സ്ഥാനത്തു തുടരുകയും ചെയ്തു.

ഇംഗ്ലിഷ് അവതാരകനായി തുടങ്ങിയ സയാനി പിന്നീട് ഹിന്ദി പരിപാടികളിലൂടെ ശ്രദ്ധേയനാകുകയായിരുന്നു. ആറു പതിറ്റാണ്ടിനിടെ അൻപതിനായിരത്തിലേറെ റേഡിയോ പരിപാടികൾ അവതരിപ്പിച്ച അദ്ദേഹത്തിന് 2009-ൽ പത്മശ്രീ ലഭിച്ചു. ഇരുപതിനായിരത്തോളം പരസ്യങ്ങളുടെയും ജിംഗിളുകളുടെയും ഭാഗമായും ചരിത്രമെഴുതി. റേഡിയോ ഇന്ത്യയിൽ ജനപ്രിയമാക്കുന്നതിൽ വലിയ പങ്കു വഹിച്ചു. ഏതാനും സിനിമകളിലും അഭിനയിച്ചു.



MATHEW
മത്തായിച്ചൻ

JORGE

JB RESTORATION
JB ADJUSTERS
OPTIMUM CONTRACTORS

MATHEW 630-205-5585 JORGE 630-335-2987

ROOFING & SIDING

We Specialize In Storm Damage Repair
We Work With All Home Insurance

FREE ESTIMATE
COMMERCIAL & RESIDENTIAL
REMODELING
WINDOW & DOOR REPLACEMENT
PAINTING
WATER DAMAGE
AND MORE!



THANNIKKARY VACATION HOME

S.H.MOUNT P.O., KOTTAYAM 686006, KERALA

FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms





For booking:
ABRAHAM THANNIKARI
USA - 630 491-6165
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com

## ലോക്സഭാ തെരഞ്ഞെടുപ്പ്
# കരുത്തരുമായി സി.പി.എം.


എ. വിജയരാഘവന്‍


കെ.കെ. ശൈലജ


ഡോ. ടി.എം. തോമസ് ഐസക്


എളമരം കരീം


കെ. രാധാകൃഷ്ണന്‍

തിരുവനന്തപുരം: തെരഞ്ഞെടുപ്പു തീയതി പ്രഖ്യാപിക്കുന്നതിനു മുമ്പു തന്നെ പാര്‍ട്ടി സ്ഥാനാര്‍ത്ഥികളെ തീരുമാനിച്ച് സിപിഎം. ഫെബ്രുവരി 21-ന് ചേര്‍ന്ന സിപിഎം സംസ്ഥാന സെക്രട്ടറിയേറ്റ് യോഗം അംഗീകരിച്ച സ്ഥാനാര്‍ത്ഥി പട്ടിക സെക്രട്ടേറിയേറ്റ് യോഗത്തിനു ശേഷം നടന്ന പാര്‍ട്ടി സംസ്ഥാന കമ്മിറ്റി അംഗീകരിച്ചു. 27-ന് സ്ഥാനാര്‍ത്ഥികളെ ഔദ്യോഗികമായി പ്രഖ്യാപിക്കും. സംസ്ഥാന മന്ത്രിസഭയിലെ ഒരംഗവും നാല് എം.എല്‍.എമാരും ഇക്കുറി സ്ഥാനാര്‍ത്ഥികളാകുന്നു എന്നതാണു മറ്റൊരു പ്രത്യേകത.

ലോക്സഭാ തെരഞ്ഞുടുപ്പു സി.പി. എമ്മിനെ സംബന്ധിച്ചിടത്തോളം ഇക്കുറി രാഷ്ട്രീയമായി വളരെ പ്രധാനപ്പെട്ടതാണ്. അതുകൊണ്ടുതന്നെ പരീക്ഷണങ്ങള്‍ക്കൊന്നും മുതിരാതെ പ്രമുഖരെത്തന്നെ പാര്‍ട്ടി മത്സരരംഗത്ത് ഇറക്കുകയാണ്.

പോളിറ്റ്ബ്യൂറോ അംഗമായ എ. വിജയരാഘവന്‍, പാര്‍ട്ടി കേന്ദ്ര കമ്മിറ്റി അംഗങ്ങളായ കെ.കെ. ശൈലജ, ഡോ. ടി.എം. തോമസ് ഐസക്, എളമരം കരീം, കെ. രാധാകൃഷ്ണന്‍ എന്നിവര്‍ മത്സരിക്കുകയാണ്. സിറ്റിംഗ് എം.പി. എ.എം. ആരിഫിനെത്തന്നെ വീണ്ടും പാര്‍ട്ടി ആലപ്പുഴയില്‍ മത്സരത്തിനിറക്കുന്നു.

എം. മുകേഷ് കൊല്ലത്തുനിന്നും മത്സരിക്കുന്നു. കേരളത്തില്‍നിന്നും പരമാവധി സീറ്റുകള്‍ നേടി ദേശീയ രാഷ്ട്രീയത്തില്‍ സ്വാധീനമുറപ്പിക്കുകയെന്നതാണ് ഇതുകൊണ്ടു സി.പി.എം. ലക്ഷ്യമിടുന്നത്.

പാര്‍ട്ടിയില്‍ ജനസ്വാധീനമുള്ളവരെ മത്സരിപ്പിച്ചു സീറ്റുകള്‍ നേടുകയെന്ന ലക്ഷ്യത്തോടെയാണു മുന്‍ മന്ത്രിയും നിലവില്‍ എം.എല്‍.എയുമായ കെ.കെ. ശൈലജയെ വടകരയില്‍ സ്ഥാനാര്‍ത്ഥിയാക്കുന്നത്. കോണ്‍ഗ്രസ് നേതാവ് കെ. മുരളീധരനാണു നിലവില്‍ വടകരയിലെ എം.പി.

അദ്ദേഹം തന്നെ വീണ്ടും സ്ഥാനാര്‍ത്ഥിയാകുമെന്നാണു കരുതുന്നത്. എങ്കില്‍ മത്സരം വടകരയില്‍ തീ പാറുമെന്നുറപ്പ്. സി.പി.എം. സ്ഥാനാര്‍ത്ഥിയായി ശൈലജ വടകരയില്‍ എത്തുന്നതോടെ കെ.കെ. രമ എം.എല്‍.എയുടെ ആര്‍.എം.പിക്കും നെഞ്ചിടിപ്പു കൂടും.

മന്ത്രി കെ. രാധാകൃഷ്ണനെ ആലത്തൂരില്‍ മത്സരിപ്പിക്കുന്നതിനു പിന്നിലും മണ്ഡലം തിരിച്ചുപിടിക്കുക എന്ന ലക്ഷ്യമാണുള്ളത്. കോണ്‍ഗ്രസിന്റെ രമ്യ ഹരിദാസാണു നിലവില്‍ ആലത്തൂരിന്റെ എം.പി. സിപിഎമ്മില്‍നിന്നും കോണ്‍ഗ്രസ് പിടിച്ചെടുത്ത സീറ്റാണ് ആലത്തൂര്‍.

മന്ത്രി രാധാകൃഷ്ണനെ സിപിഎം സ്ഥാനാര്‍ത്ഥിയാക്കുന്നതും സീറ്റ് തിരിച്ചുപിടിക്കാന്‍ തന്നെ. രാധാകൃഷ്ണന്‍ മത്സരിക്കാന്‍ ആദ്യം വിസമ്മതിച്ചെങ്കിലും പാര്‍ട്ടി തീരുമാനം അംഗീകരിക്കുകയായിരുന്നു.

സി.ഐ.ടി.യു. സംസ്ഥാന ജനറല്‍ സെക്രട്ടറി എളമരം കരീമും മുന്‍ മന്ത്രി ഡോ. ടി.എം. തോമസ് ഐസക്കും മത്സരരംഗത്തുണ്ട്. രണ്ടുപേരും മത്സരിക്കുന്നതിനു പിന്നില്‍ സി.പി.എം. കേന്ദ്ര നേതൃത്വത്തിന്റെകൂടി ഇടപെടലുണ്ട്.

മൂന്നു സി.പി.ഐം. ജില്ലാ സെക്രട്ടറിമാര്‍ ഇക്കുറി മത്സരിക്കുന്നു. പാര്‍ട്ടി തിരുവനന്തപുരം ജില്ലാ സെക്രട്ടറി വി. ജോയി, കണ്ണൂര്‍ ജില്ലാ സെക്രട്ടറി എം.വി. ജയരാജന്‍, കാസര്‍ഗോഡ് ജില്ലാ സെക്രട്ടറി എം.വി. ബാലകൃഷ്ണന്‍ എന്നിവരാണ് സ്ഥാനാര്‍ത്ഥികള്‍. മുന്‍ മന്ത്രി സി. രവീന്ദ്രനാഥിനെ ചാലക്കുടിയില്‍ സി.പി.എം. സ്ഥാനാര്‍ത്ഥിയാക്കുകയാണ്. വിദ്യാഭ്യാസ മന്ത്രിയെന്ന നിലയില്‍ നടത്തിയ മികച്ച പ്രകടനമാണ് രവീന്ദ്രനാഥിനെ ബെന്നി ബെഹനാനെതിരെ പരീക്ഷിക്കാന്‍ പാര്‍ട്ടി തീരുമാനിച്ചത്.

മലപ്പുറത്ത് ഡി.വൈ.എഫ്.ഐ. സംസ്ഥാന പ്രസിഡണ്ട് വി. വസീഫിനെയാണു സി.പി.എം. രംഗത്തിറക്കുന്നത്. വസീഫിലൂടെ യുവജനപ്രാതിനിധ്യം കൂടി പാര്‍ട്ടി ഉറപ്പാക്കുകയാണ്.

## വിവാഹിതയായതിന്റെ പേരില്‍ മിലിട്ടറി നേഴ്സിനെ പിരിച്ചുവിട്ടത് ഭരണഘടനാവിരുദ്ധം: സുപ്രീംകോടതി

ന്യൂഡല്‍ഹി: വിവാഹിതയാണെന്നതും കുടുംബ ഉത്തരവാദിത്തങ്ങളുണ്ടെന്നതും ചൂണ്ടിക്കാട്ടി സ്ത്രീയെ ജോലിയില്‍നിന്നു പിരിച്ചുവിടുന്നതു ഭരണഘടനാവിരുദ്ധമെന്നു സുപ്രീംകോടതി വിധിച്ചു. കരസേനയിലെ മിലിട്ടറി നേഴ്സിങ് സര്‍വീസില്‍നിന്ന് 36 വര്‍ഷം മുന്‍പു പിരിച്ചുവിടപ്പെട്ട മലയാളി നേഴ്സ് സെലീന ജോണിന്റെ കേസിലാണു സുപ്രധാനവിധി. നഷ്ടപരിഹാരമായ 60 ലക്ഷം രൂപ എട്ട് ആഴ്ചയ്ക്കുള്ളില്‍ നല്‍കാനും കോടതി നിര്‍ദേശിച്ചു.

ഇപ്പോള്‍ ചെന്നൈയില്‍ താമസിക്കുന്ന സെലിന 1982-ലാണ് ഡല്‍ഹിയിലെ സൈനിക ആശുപത്രിയില്‍ ട്രെയിനിയായി ജോലിയില്‍ പ്രവേശിച്ചത്. 1985-ല്‍ ലഫ്റ്റനന്റ് റാങ്കില്‍ സെക്കന്ദരാബാദിലായിരുന്നു ആദ്യ നിയമനം. 1988-ല്‍ ലക്നൗവിലായിരിക്കെ വിവാഹിതയായതിനു പിന്നാലെയാണ് സേന ഒഴിവാക്കിയത്. കേസ് തുടരുന്നതിനിടെ, സെലിനയെ പിരിച്ചുവിടാന്‍ കാരണമായ സേവന വ്യവസ്ഥ കരസേന 1995-ല്‍ റദ്ദാക്കിയിരുന്നു.

ഇതിനിടെ, സെലിനയെ ജോലിയില്‍ തിരിച്ചെടുക്കാന്‍ ആംഡ് ഫോഴ്സസ് ട്രൈബ്യൂണലിന്റെ ലക്നൗ ബെഞ്ച് ഉത്തരവിട്ടിരുന്നു. ഇതിനെതിരെ കേന്ദ്ര സര്‍ക്കാര്‍ നല്‍കിയ ഹര്‍ജിയിലാണ് സുപ്രീംകോടതി പരിഗണിച്ചത്. സെലീന ഇടക്കാലത്തു സ്വകാര്യ സ്ഥാപനത്തില്‍ നേഴ്സായി ജോലി ചെയ്തിരുന്നതായി അവരുടെ അഭിഭാഷകരായ അജിത് കാക്കര്‍ കോടതിയില്‍ ചൂണ്ടിക്കാട്ടി. സേനയുടെ നടപടി തെറ്റായിരുന്നുവെന്നു കോടതി വ്യക്തമാക്കി. ഇതംഗീകരിക്കുന്നതു മനുഷ്യന്റെ അന്തസ്സിനും അവകാശത്തിനും എതിരാണെന്നു ജഡ്ജിമാരായ സഞ്ജീവ് ഖന്ന, ദീപങ്കര്‍ ദത്ത എന്നിവര്‍ ചൂണ്ടിക്കാട്ടി.

## ചണ്ഡിഗഡ് മേയര്‍ തെരഞ്ഞെടുപ്പ്: ബി.ജെ.പിക്ക് കനത്ത തിരിച്ചടി

ന്യൂഡല്‍ഹി: ഇലക്ടറല്‍ ബോണ്ട് റദ്ദാക്കിയതിന്റെ ആഘാതം മാറും മുന്‍പ്, സുപ്രീം കോടതിയില്‍ ബി.ജെ.പിക്കു വീണ്ടും തിരിച്ചടി.

ചണ്ഡിഗഡ് മുനിസിപ്പല്‍ കോര്‍പ്പറേഷന്‍ മേയര്‍ തെരഞ്ഞെടുപ്പില്‍ ആം ആദ്മി പാര്‍ട്ടിയുടെയും കോണ്‍ഗ്രസിന്റെയും 'ഇന്ത്യ' മുന്നണി സ്ഥാനാര്‍ത്ഥി കുല്‍ദീപ് കുമാറിനെ സുപ്രീം കോടതി വിജയിയായി പ്രഖ്യാപിച്ചു.

അസാധാരണ സാഹചര്യം കണക്കിലെടുത്തും കേസില്‍ സമ്പൂര്‍ണ നീതി ഉറപ്പാക്കാനും സവിശേഷാധികാരം (142-ാം വകുപ്പ്) ഉപയോഗിച്ച കോടതി, നേരിട്ടു വിജയിയെ പ്രഖ്യാപിക്കുകയായിരുന്നു.

ഇതിനായി നേരത്തെ പോള്‍ ചെയ്യപ്പെട്ട ബാലറ്റ് പേപ്പറുകളും വീഡിയോ ദൃശ്യങ്ങളും ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് പരിശോധിച്ചു.


കുല്‍ദീപ് കുമാര്‍

കേസിന് ആധാരമായ തെരഞ്ഞെടുപ്പില്‍ വിജയിച്ച ബി.ജെ.പി. കൗണ്‍സിലര്‍ മനോജ് സൊന്‍കര്‍ ഈയിടെ രാജിവെച്ചിരുന്നു.

എട്ട് ബാലറ്റുകള്‍ അസാധുവാക്കി സൊന്‍കറിനെ തെരഞ്ഞെടുത്ത വരണാധികാരിയും ബി.ജെ.പി. നേതാവുമായ അനില്‍ മസിയുടെ നടപടി സുപ്രീംകോടതി റദ്ദാക്കി.

ഇന്ത്യ സഖ്യം സ്ഥാനാര്‍ത്ഥിക്ക് അനുകൂലമായിരുന്ന എട്ട് ബാലറ്റ് പേപ്പറുകള്‍ മസി മനഃപൂര്‍വം അസാധുവാക്കുകയായിരുന്നുവെന്നു ജഡ്ജിമാരായ ജഡ്ജിമാരായ ജെ.ബി. പര്‍ദിവാല, മനോജ് മിശ്ര എന്നിവര്‍ കൂടി ഉള്‍പ്പെട്ട ബെഞ്ച് ചൂണ്ടിക്കാട്ടി.

കോടതിയെ തെറ്റിദ്ധരിപ്പിച്ചതിന് ക്രിമിനല്‍ നടപടി ചട്ടത്തിലെ 340-ാം വകുപ്പു പ്രകാരം പ്രോസിക്യൂട്ട് ചെയ്യാതിരിക്കാന്‍ കാരണമുണ്ടെങ്കില്‍ മൂന്ന് ആഴ്ചയ്ക്കുള്ളില്‍ അറിയിക്കാന്‍ മസിയോടു കോടതി നിര്‍ദേശിച്ചു.






# പൂഞ്ഞാർ പള്ളിയിൽ വൈദികനെ കാറിടിച്ചുവീഴ്ത്തി: 11 പേർ പോലീസ് കസ്റ്റഡിയിൽ



പൂഞ്ഞാർ സെന്റ് മേരീസ് ഫൊറോന പള്ളി അസി. വികാരി ഫാ. ജോസഫ് ആറ്റുചാലിലിനെ മർദ്ദിച്ച വിവരമറിഞ്ഞ് പള്ളിയിൽ തടിച്ചുകൂടിയ വിശ്വാസികൾ

പൂഞ്ഞാർ: പൂഞ്ഞാർ സെന്റ് മേരീസ് ഫൊറോന പള്ളിയിൽ കാറുകളിലും ബൈക്കുകളിലുമെത്തിയ ഒരു സംഘം യുവാക്കൾ അസിസ്റ്റന്റ് വികാരി ഫാ. ജോസഫ് ആറ്റുചാലിലിനെ ആക്രമിച്ചു. സംഭവവുമായി ബന്ധപ്പെട്ട് ഈരാറ്റുപേട്ട സ്വദേശികളായ 11 പേരെ പോലീസ് അറസ്റ്റുചെയ്തു. ഇതിൽ അഞ്ചുപേർ പ്രായപൂർത്തിയാകാത്തവരാണ്. കസ്റ്റഡിയിലെടുത്തവരെ വിശദമായി ചോദ്യം ചെയ്തു വരുന്നു. ഫെബ്രുവരി 23-ന് ഉച്ചയ്ക്ക് 12.30-ന് പള്ളിയിൽ ആരാധന നടന്നുകൊണ്ടിരിക്കേ കുരിശടിയിലും മൈതാനത്തും പതിനഞ്ചോളം വരുന്ന സംഘം വാഹന അഭ്യാസപ്രകടനം നടത്തിയതിനെ ഫാ. ജോസഫ് ആറ്റുചാലിൽ തടയുകയും അവരോട് പുറത്തുപോകാൻ ആവശ്യപ്പെടുകയും ചെയ്തു.

വൈദികനും പള്ളി അധികാരികൾക്കും നേരെ സംഘം അസഭ്യവർഷം ചൊരിയുകയും കൈയേറ്റത്തിനു മുതിരുകയും ചെയ്തു. പള്ളിയുടെ ഗേറ്റ് അടയ്ക്കാൻ ശ്രമിച്ചപ്പോൾ അമിതവേഗത്തിൽ കാർ ഓടിച്ച് വൈദികനെ ഇടിച്ചു വീഴ്ത്തി. സാരമായി പരുക്കേറ്റ ഫാ. ജോസഫ് ആറ്റുചാലിലിനെ ചേർപ്പുങ്കൽ മാർ സ്ലീവാ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. നോമ്പുകാല ആരാധന തടസപ്പെടുത്തുകയും വൈദികനെ അപായപ്പെടുത്താൻ ശ്രമിക്കുകയും ചെയ്ത സംഭവത്തിൽ പാലാ രൂപതയും പൂഞ്ഞാർ സെന്റ് മേരീസ് ഇടവകയും ശക്തമായി പ്രതിഷേധിച്ചു.

പാലാ ഡിവൈ.എസ്.പി: പി.കെ. സദൻ, ഈരാറ്റുപേട്ട എസ്എച്ച്ഒ: എ.പി. സുബ്രഹ്മണ്യൻ എന്നിവരുടെ നേതൃത്വത്തിൽ പോലീസ് പള്ളിയിലെത്തി അന്വേഷണമാരംഭിച്ചു. പള്ളിയിലെ നിരീക്ഷണകാമറകൾ സംഭവസമയത്ത് ഓഫായിരുന്നെന്ന് പോലീസ് പറഞ്ഞു. അതേസമയം അക്രമിസംഘമെത്തിയ വാഹനങ്ങളുടെ ചിത്രങ്ങൾ പോലീസിന് നാട്ടുകാർ കൈമാറി. പള്ളിയങ്കണത്തിൽ അതിക്രമിച്ചു കടക്കുകയും വൈദികനെ ആക്രമിക്കുകയും ചെയ്ത സംഭവമറിഞ്ഞ് ആയിരക്കണക്കിന് വിശ്വാസികളും രൂപതയിലെ നിരവധി വൈദികരും സന്യസ്തരും പള്ളിയങ്കണത്തിൽ എത്തിച്ചേർന്നു. വൈകുന്നേരം പൂഞ്ഞാർ ടൗണിലേക്ക് പ്രതിഷേധറാലിയും തുടർന്ന് പള്ളിയങ്കണത്തിൽ യോഗവും ചേർന്നു. അറസ്റ്റിലായവരുടെ പേരുവിവരങ്ങൾ പോലീസ് വെളിപ്പെടുത്തിയിട്ടില്ല.

എകെസിസി രൂപതാ ഡയറക്ടറായ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ, പി.സി. ജോർജ് തുടങ്ങി ഒട്ടേറെ പ്രമുഖർ പള്ളിയിലെത്തി.

## ആക്രമണസ്വഭാവമുള്ള വന്യമൃഗങ്ങളെ കൊല്ലാം

കല്പറ്റ: ആക്രമണസ്വഭാവമുള്ള വന്യമൃഗങ്ങളെ കൊല്ലാൻ നിയമഭേദഗതി ആവശ്യമില്ലെന്നും ചീഫ് വൈൽഡ് ലൈഫ് വാർഡന് അധികാരമുണ്ടെന്നും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രി ഭൂപേഷ് യാദവ്.

വയനാട് ജില്ലയിലെ വന്യജീവി ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ കേരള. തമിഴ്നാട്, കർണാടക സംസ്ഥാന സർക്കാരുകളുമായി യോജിച്ച് പ്രവർത്തിക്കാൻ നടപടി സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു. കളക്ടറേറ്റ് മിനി കോൺഫറൻസ് ഹാളിൽ ചേർന്ന ഉന്നതതല യോഗത്തിനുശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാനങ്ങളുമായി കൂടിയാലോചിച്ച് ആനത്താര അടയാളപ്പെടുത്തും. മനുഷ്യ-വന്യമൃഗ സംരക്ഷണം സംബന്ധിച്ച് പഠനം നടത്താൻ കോയമ്പത്തൂർ സലിം അലി ഇൻസ്റ്റിറ്റ്യൂട്ടിന് ചുമതല നല്കും. മൃഗങ്ങളുടെയും മനുഷ്യരുടെയും സുരക്ഷ പ്രധാനമാണ്. വന്യമൃഗങ്ങൾ ജനവാസ മേഖലയിൽ ഇറങ്ങിയാൽ അവയുടെ സഞ്ചാരപാത സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്കു നല്കാൻ റേഡിയോ, കമ്യൂണിറ്റി റേഡിയോ, നവമാധ്യമ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തണം. അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് മുന്നറിയിപ്പ് സംവിധാനങ്ങൾ ഉറപ്പാക്കണം. വനാതിർത്തിയോട് ചേർന്ന പ്രദേശങ്ങളിൽ ഉള്ളവർക്ക് വന്യജീവി ആക്രമണത്തെ നേരിടാൻ പരിശീലനം നല്കണം. ആനകളുടെ ജിയോ ടാഗിങ് നിരീക്ഷിക്കാൻ ആധുനിക സാങ്കേതിക വിദ്യകൾ നടപ്പാക്കണം. വന്യമൃഗങ്ങൾ കൂടുതലായുള്ള പ്രദേശങ്ങളിൽ ഫെൻസിങ് സംവിധാനം വ്യാപിപ്പിക്കേണ്ടതുണ്ടെങ്കിൽ കേന്ദ്രസർക്കാരിന് പദ്ധതി സമർപ്പിച്ചാൽ പരിഗണിക്കും. 2022-23 സാമ്പത്തിക വർഷത്തിൽ 15.8 കോടി രൂപ കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

## സഭാഭരണത്തിൽ സ്ത്രീപങ്കാളിത്തം കൂട്ടാൻ ഓർത്തഡോക്സ് സഭ

കോട്ടയം: മലങ്കര ഓർത്തഡോക്സ് സഭാഭരണത്തിൽ സ്ത്രീകൾക്ക് പ്രാതിനിധ്യം കൂട്ടാനാവശ്യമായ ഭരണഘടനാ ഭേദഗതി വരുത്താൻ എപ്പിസ്കോപ്പൽ സൂനഹദോസിൽ തീരുമാനം. ഓസ്ട്രേലിയയും കാനഡയും കേന്ദ്രമാക്കി പുതിയ ഭദ്രാസനങ്ങൾ രൂപീകരിക്കാനും പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സുന്നഹദോസിൽ തീരുമാനമായി.

സഭയിൽ സ്ഥിരം ശെമ്മാശന്മാരെ നിയമിക്കുന്നത് തത്വത്തിൽ അംഗീകരിച്ചു. ആരാധനയിൽ യുവജനങ്ങളുടെ പങ്കാളിത്തം കൂട്ടാൻ ഞായറാഴ്ച ആരാധനയോടൊപ്പം മറ്റു ദിവസങ്ങളിലും അതത് പ്രദേശത്തെ പ്രത്യേകതകൾക്കനുസരിച്ച് ആരാധന ക്രമീകരിക്കാം. വൈദികർ രാഷ്ട്രീയ പാർട്ടികളുടെ പ്രചാരകരാകുന്നതിനും പാർട്ടികളിൽ അംഗങ്ങളായി പ്രവർത്തിക്കുന്നതിനും എതിരായി പരിശുദ്ധ ബാവാ പുറപ്പെടുവിച്ച കല്പനയ്ക്ക് സുന്നഹദോസ് പിന്തുണ പ്രഖ്യാപിച്ചു.

യുവജനങ്ങളുടെയും കുട്ടികളുടെയും സഭാജീവിതത്തിലെ പങ്കാളിത്തം കൂട്ടുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കും.

40-നും 60-നും ഇടയിൽ പ്രായമുള്ളവർക്കായി സെന്റ് ഡയനീഷ്യസ് ഫോറം എന്ന പേരിൽ ആത്മീയ സംഘടനയും 60 വയസ്സിനു മുകളിലുള്ളവർക്കായി സെന്റ് ജോസഫ് എൽഡേഴ്സ് ഫോറവും ആരംഭിക്കും.

ആദിമ സഭാപിതാക്കന്മാരുടെ പ്രബോധനങ്ങൾ ഉൾപ്പെടുന്ന ഗ്രന്ഥങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കും. പരുമല ആശുപത്രിയോട് ചേർന്നു മാനസികാരോഗ്യ കേന്ദ്രവും ന്യൂറോ റിഹാബിലിറ്റേഷൻസെന്ററും നിർമിക്കും. സാറ്റലൈറ്റ് ഹെൽത്ത് കെയർ സെന്ററുകൾ ആരംഭിക്കാനുള്ള സാദ്ധ്യതകൾ പഠിക്കാനും തീരുമാനിച്ചിട്ടുണ്ട്.

## ഉപതെരഞ്ഞെടുപ്പിൽ എൽഡിഎഫിനു നേട്ടം

തിരുവനന്തപുരം: സംസ്ഥാനത്തെ 23 തദ്ദേശ സ്ഥാപന വാർഡുകളിലേക്കു നടന്ന ഉപതെരഞ്ഞെടുപ്പിൽ ഇടതു മുന്നണിക്കു നേട്ടം. എൽഡിഎഫിനും യുഡിഎഫിനും 10 സീറ്റുകൾ വീതവും ബിജെപിക്ക് മൂന്നു സീറ്റും ലഭിച്ചു. ഇടതുമുന്നണിക്ക് സ്വതന്ത്രൻ അടക്കം ആറ് സീറ്റുണ്ടായിരുന്നത് പത്തായി ഉയർന്നു. യുഡിഎഫിന്റെ കൈവശമുണ്ടായിരുന്ന 13 സീറ്റുകളിൽ മൂന്നെണ്ണം നഷ്ടമായി. കോൺഗ്രസിന്റെ സീറ്റുകളാണ് നഷ്ടമായതിൽ മൂന്നും. ബിജെപിക്ക് ഒരു സീറ്റും നഷ്ടപ്പെട്ടു.

യുഡിഎഫിൽ മുസ്‌ലിംലീഗ് ആറു സീറ്റും നിലനിർത്തി. കോൺഗ്രസിന്റെ ഏഴ് സിറ്റിംഗ് സീറ്റുകൾ നാലായി കുറഞ്ഞു. നെടുമ്പാശേരി പഞ്ചായത്തിൽ കോൺഗ്രസ് സീറ്റ് സിപിഎം പിടിച്ചെടുത്തതിനെത്തുടർന്ന് യുഡിഎഫിന് ഭരണം നഷ്ടമായി. ഒരു സ്വതന്ത്രന്റെ ഭൂരിപക്ഷത്തിലാണ് നെടുമ്പാശേരി യുഡിഎഫ് ഭരിച്ചിരുന്നത്.



# കർഷക മാർച്ചിൽ സംഘർഷം: മരണം അഞ്ചായി

ന്യൂഡൽഹി: ഡൽഹി ചലോ കർഷകമാർച്ചിൽ മരിച്ച കർഷകരുടെ എണ്ണം അഞ്ചായി. കർഷകരുമായുള്ള ഏറ്റുമുട്ടലിൽ രണ്ടു പോലീസുകാർ കൊല്ലപ്പെട്ടതായും മുപ്പതോളം പോലീസുകാർക്ക് പരുക്കേറ്റതായും ഹരിയാന പോലീസ് അറിയിച്ചു. ഹരിയാനയിലെ ഹിസാറിൽ കർഷകരുമായുള്ള ഏറ്റുമുട്ടലിൽ ഫെബ്രുവരി 23-ന് പോലീസ് ഓഫീസർക്ക് പരുക്കേറ്റു. സംഘർഷത്തിൽ കർഷകരുടെ നിരവധി ട്രക്കുകൾ പോലീസ് തകർത്തതായി ആരോപണമുണ്ട്.

കനൗരിയിൽ പോലീസിനുനേരെ കർഷകർ കല്ലേറ് നടത്തിയതായും ഇതിനെത്തുടർന്ന് പോലീസ് കണ്ണീർവാതകപ്രയോഗവും ലാത്തിച്ചാർജും നടത്തിയതായും അടുത്ത വൃത്തങ്ങൾ അറിയിച്ചു. ശംഭു അതിർത്തിയിൽ പതിനായിരത്തോളം കർഷകർ തമ്പടിച്ചിട്ടുണ്ടെന്നും പോലീസ് അറിയിച്ചു. കഴിഞ്ഞ 13-ന് ആരംഭിച്ച ഡൽഹി ചലോ മാർച്ച് പഞ്ചാബ്-ഹരിയാന അതിർത്തിയിൽ പോലീസ് തടഞ്ഞിരിക്കുകയാണ്. ഡൽഹി ചലോ മാർച്ച് തുടരുന്ന കാര്യത്തിൽ അന്തിമതീരുമാനം ഉടനെ കൈക്കൊള്ളുമെന്നും കൊല്ലപ്പെട്ട കർഷകർക്ക് നീതി ലഭിക്കുകയെന്നതാണ് ഇപ്പോഴത്തെ ലക്ഷ്യമെന്നും കർഷക സംഘടനാ നേതാക്കൾ 23-ന് രാത്രിയിൽ കനൗരിയിൽ നടത്തിയ വാർത്താസമ്മേളനത്തിൽ അറിയിച്ചു. ഹരിയാന അതിർത്തിയിൽ തുടരുമെന്നും കർഷകനേതാക്കൾ വ്യക്തമാക്കി.

സമരത്തിന്റെ ഭാഗമായി 23-ന് കർഷകർ കരിദിനമായി ആചരിച്ചു. പഞ്ചാബിൽ വീടുകളിലും വാഹനങ്ങളിലും കരിങ്കൊടി ഉയർത്തി. കർഷകർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് പഞ്ചാബ്-ഹരിയാന ബാർ അസോസിയേഷൻ ജോലിയിൽനിന്ന് വിട്ടുനിന്നു. സമരത്തിന്റെ ഭാഗമാകുമെന്ന് നിഹാംഗുകളും പ്രഖ്യാപിച്ചിട്ടുണ്ട്. ആയോധനകലവശമുള്ള സിക്ക് സന്നദ്ധപ്രവർത്തകരാണു നിഹാംഗുകൾ.



സംയുക്ത കിസാൻ മോർച്ചയുടെ നേതൃത്വത്തിൽ ആഭ്യന്തരമന്ത്രി അമിത് ഷാ, ഹരിയാന ആഭ്യന്തരമന്ത്രി അനിൽ വിജയ്, മുഖ്യമന്ത്രി മനോഹർലാൽ ഘട്ടർ എന്നിവരുടെ കോലം കത്തിച്ചു. അഞ്ചു വിളകൾക്ക് അഞ്ചു വർഷം മിനിമം താങ്ങുവില നൽകാമെന്ന കേന്ദ്രസർക്കാരിന്റെ നിർദേശം കർഷക സംഘടനകൾ തള്ളിയിരുന്നു. വീണ്ടും കർഷകരുമായി ചർച്ചയ്ക്കു തയാറാണെന്നാണ് കേന്ദ്രത്തിന്റെ നിലപാട്. അതിനിടെ, കർഷക നേതാക്കൾക്കെതിരേ ദേശസുരക്ഷാ നിയമപ്രകാരം നടപടിയെടുക്കുമെന്നും സ്വത്തുക്കൾ കണ്ടുകെട്ടുമെന്നും വ്യക്തമാക്കി ഹരിയാന പോലീസ് ഇറക്കിയ ഉത്തരവ് വിവാദമായതോടെ പിൻവലിച്ചു.

അതിനിടെ, കനൗരി അതിർത്തിയിൽ ഹരിയാന പോലീസിന്റെ അതിക്രമത്തിൽ 21-ന് കൊല്ലപ്പെട്ട യുവകർഷകൻ ശുഭ്കരൺ സിംഗിന്റെ മൃതദേഹം പോസ്റ്റ്മോർട്ടം ചെയ്യാൻ കർഷകർ അനുവദിച്ചില്ല.

ഹരിയാന ആഭ്യന്തരമന്ത്രിക്കും ബന്ധപ്പെട്ടവർക്കുമെതിരെ പഞ്ചാബ് സർക്കാർ കൊലക്കുറ്റത്തിനു കേസ് രജിസ്റ്റർ ചെയ്ത് നിയമനടപടി സ്വീകരിക്കണമെന്നാണു കർഷകരുടെ ആവശ്യം. ശുഭ്കരൺ സിംഗിന്റെ കുടുംബത്തിന് പഞ്ചാബ് മുഖ്യമന്ത്രി ഭഗവന്ത് മൻ ഒരു കോടി രൂപ ധനസഹായവും കുടുംബത്തിലെ ഒരാൾക്ക് സർക്കാർ ജോലിയും പ്രഖ്യാപിച്ചു.

എന്നാൽ, ശുഭ്കരണിനു നീതി ലഭിക്കാതെ ധനസഹായം സ്വീകരിക്കില്ലെന്നായിരുന്നു കുടുംബത്തിന്റെ പ്രതികരണം.

# ആര് വിളിച്ചാലും ഫോണിൽ പേര് തെളിയും

ന്യൂഡൽഹി: മൊബൈൽ ഫോണുകളിൽ എത്തുന്ന കോളുകളിൽ സേവ് ചെയ്തിട്ടില്ലെങ്കിലും വിളിക്കുന്നയാളുടെ പേരു കാണാം. നമ്പറിനൊപ്പം പേര് കൂടി കാണിക്കുന്ന കോളിങ് നെയിം പ്രസന്റേഷൻ (സിഎൻഎപി) രാജ്യത്ത് വൈകാതെ നടപ്പാക്കാൻ ടെലികോം റെഗുലേറ്ററി അതോറിറ്റി (ട്രായ്) ശിപാർശ ചെയ്തു.

തട്ടിപ്പ് കോളുകൾ തടയുകയാണ് ലക്ഷ്യം. അതു നടപ്പാക്കിയാൽ ട്രൂകോളർ ആപ്പില്ലാതെ തന്നെ ഫോൺ വിളിക്കുന്നത് ആരെന്ന് നമുക്കറിയാം. ഉപയോക്താവ് ആവശ്യപ്പെട്ടാൽ മാത്രം സിഎൻഎപി സൗകര്യം പ്രവർത്തിപ്പിക്കുന്ന തരത്തിലായിരിക്കും സൗകര്യം.

ഒരാൾക്ക് പേര് മറച്ചുവെക്കണമെങ്കിൽ അതിനും സംവിധാനമുണ്ടാകും. സിം എടുക്കാൻ ഉപയോഗിച്ച കെവൈസി (നോ യുവർ കസ്റ്റമർ) തിരിച്ചറിയൽ രേഖയിലെ പേരായിരിക്കും സ്ക്രീനിൽ ദൃശ്യമാവുക. രേഖയിലുള്ള പേര് പിന്നീട് മാറ്റിയവർക്ക് തിരിച്ചറിയൽ രേഖ നല്കി തിരുത്താനും സൗകര്യമുണ്ടാകും. രാജ്യമാകെ നടപ്പാക്കും മുൻപ് ഒരു ടെലികോം സർക്കിളിൽ പരീക്ഷണം നടത്തും.

കമ്പനികളുടെ ബൾക്ക് കോർപറേറ്റ് കണക്ഷനുകളിൽ നിന്നുള്ള കോളുകളിൽ ട്രേഡ് മാർക്ക് പേര്, ട്രേഡ് നെയിം തുടങ്ങിയവ ദൃശ്യമാകും. ടെലികോം കമ്പനികളുമായി നീണ്ട കൂടിയാലോചന നടത്തിയാണ് ട്രായ് ശിപാർശ നല്കിയത്.

# നൊമ്പരങ്ങൾക്ക് ആശ്വാസം പകർന്ന് ജനകീയ സദസ്സ്

കോട്ടയം: നൊമ്പരങ്ങൾ പങ്കുവെക്കാനെത്തിയവർക്ക് ആശ്വാസം പകർന്ന് ജനകീയ സദസ്സ്. കെ.പി.സി.സി. പ്രസിഡണ്ട് കെ. സുധാകരനും പ്രതിപക്ഷ നേതാവ് വി.ഡി. സതീശനും പങ്കെടുത്ത ജനകീയ സദസ്സിൽ പങ്കെടുക്കാൻ കാർഷിക, വ്യവസായിക, തൊഴിൽ മേഖലകളിൽനിന്നും സംരംഭക മേഖലകളിൽനിന്നും ആളുകളെത്തി. നിർദേശങ്ങളും നിവേദനങ്ങളും സമർപ്പിച്ചു.

സാമൂഹിക സുരക്ഷാ പെൻഷൻ തുടർച്ചയായി മുടങ്ങുന്നതുമൂലം ദുരിതമനുഭവിക്കുന്നവരുടെ അനുഭവങ്ങൾ സദസ്സിന് നൊമ്പരമായി. പൊതു വിദ്യാഭ്യാസമേഖല നേരിടുന്ന പ്രശ്നങ്ങളുമായി സർവകലാശാലാ ജീവനക്കാർ മുതൽ പ്രൈമറി സ്കൂൾ അധ്യാപകർ വരെയെത്തി. 18-ാം വയസ്സിൽ 23 പശുക്കളുമായി ഉപജീവനം നേടുന്ന ഏബൽ എന്ന യുവ ക്ഷീരകർഷകൻ ആ മേഖലയിലുള്ളവർ അനുഭവിക്കുന്ന നൊമ്പരങ്ങൾ വിവരിച്ചു. ടൂറിസം മേഖലയെ സർക്കാർ പാടെ അവഗണിക്കുന്നതായാണ് ഈ മേഖലയിൽ നിന്നുള്ള സോബിൻ ജോർജ് ചൂണ്ടിക്കാണിച്ചത്. കർഷകൻ പി.സി. ഇട്ടി നെല്ല് സംഭരണത്തിലെ അഴിമതിയും അപാകതയും അക്കമിട്ടുനിരത്തി. സമാനതകളില്ലാത്ത പ്രതിസന്ധി നേരിടുന്ന റബ്ബർ കർഷകരുടെ പ്രശ്നമാണ് ബാബു ജോസഫിന് പറയാനുണ്ടായിരുന്നത്. ചെറുകിട വ്യാപാരികൾ നിലനിൽപ്പിനായി പോരാടുമ്പോൾ ലൈസൻസ് വ്യവസ്ഥ കൂടുതൽ സങ്കീർണമാക്കിയതിലുള്ള പ്രതിഷേധമായിരുന്നു വ്യാപാരി സമൂഹത്തിന്റെ പ്രതിനിധി എ.കെ. എൻ. പണിക്കർക്ക്.

യുവാക്കൾ വിദ്യഭ്യാസത്തിനും ജോലിക്കുമായി വിദേശരാജ്യങ്ങളെ ആശ്രയിക്കുന്നതിനുള്ള പ്രധാന കാരണം മികച്ച വിദ്യാഭ്യാസ സാധ്യതയും തൊഴിൽ അവസരങ്ങൾ ഇല്ലാത്തതുമാണെന്ന് വിദ്യാർത്ഥികളായ സ്നേഹ വിനോദ്, സോണിമോൾ എന്നിവർ വ്യക്തമാക്കി. എല്ലാ പരാതികൾക്കും കെപിസിസി പ്രസിഡണ്ട് കെ. സുധാകരൻ, പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ എന്നിവർ മറുപടി പറഞ്ഞു.


FAMILY DENTAL Practice
9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood
Office: (847) 581-1418,
Fax: (847) 581-1445
GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS
- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DENTURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE
Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 25 years!!
www.MyDentistToday.com

ACHIEVE REAL ESTATE GROUP, INC.
For All Your Real Estate Needs Please Call ...
THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056
FULL TIME REALTOR

# തനി കാവ്യയോഗിയായ പ്രൊഫ. കോശി തലയ്ക്കൽ

**പി.ഡി. ജോർജ് നടവയൽ**

ഫിലാഡൽഫിയ: പ്രശസ്ത വാഗ്മിയും കവിയും നിരൂപകനും കഥാകാരനും ഗാനരചയിതാവുമായ പ്രൊഫ. കോശി തലയ്ക്കൽ, പ്രഥമമായും തനി കാവ്യയോഗിയാണെന്ന്, ആ ഗുരുശ്രേഷ്ഠന്റെ മൂന്നു പുതിയ പുസ്തകങ്ങൾ പ്രകാശനം ചെയ്ത വേളയിൽ അനുവാചകാസ്വാദക സമൂഹം ആഹ്ലാദപൂർവം അഭിപ്രായപ്പെട്ടു. ഏറെ വിലമതിക്കേണ്ട കോശി തലയ്ക്കൽ എന്ന സർഗവൈവിദ്ധ്യ സമ്പത്തിനെ, പക്ഷേ, അമേരിക്കൻ മലയാളി സമൂഹം അതേ ഗൗരവത്തിൽ സർഗ്ഗ മേഖലകളിൽ ആദരിച്ച് കൂടുതൽ കൂടുതൽ ഫലകരമായി പ്രയോജനപ്പെടുത്തുന്നതിന് വിജയിച്ചിട്ടില്ലാ എന്നും പ്രസംഗകർ പതാരം പറഞ്ഞു.






ആത്മീയ ബിന്ദുക്കൾ, പഞ്ചവർണ്ണ കഥകൾ, കുരിശിലെ മൊഴികൾ എന്നീ മൂന്നു പുസ്തകങ്ങളാണ് (ട്രിലജി-രചനാത്രയം) പ്രകാശനം ചെയ്തത്. കുരിശിലെ മൊഴികൾ എന്ന പുസ്തകം ഫാ. എം.കെ. കുര്യാക്കോസ് ശ്രീമതി മേരി ജോസഫിനു നല്കി പ്രകാശനം നിർവഹിച്ചു. ആത്മീയ ബിന്ദുക്കൾ എന്ന കൃതി ഡോ. ക്രിസ്റ്റഫർ കുര്യൻ ബെന്നി നെച്ചൂറിനു നല്കി പ്രകാശനം ചെയ്തു. പഞ്ചവർണ്ണ കഥകൾ എന്ന രചനാ സമാഹാരം നോവലിസ്റ്റ് എം.പി. ഷീല നർത്തകി നിമ്മി ദാസിന് കൈമാറി വെളിച്ചം കാണിച്ചു. ജോർജ് നടവയൽ പുസ്തകപരിചയം നിർവഹിച്ചു.

'പുരോഹിതൻ', 'രാജാവ്', 'മനുഷ്യപുത്രൻ', 'കുഞ്ഞാട്', 'പ്രവാചകൻ', 'ജയാളി', 'മദ്ധ്യസ്ഥൻ', 'അനന്തരം' എന്നിങ്ങനെ വിവിധ രചനകൾ 'കുരിശിലെ മൊഴികൾ' എന്ന പുസ്തകത്തിൽ ഉൾക്കൊണ്ടിരിക്കുന്നു. രചനയുടെ വരപ്രസാദം കൊണ്ട് ശ്രദ്ധേയമായ കൃതിയാണിത്. ഉദാരസൗന്ദര്യ പ്രതീകമായ കുരിശിലെ നിണച്ചാലിനൊപ്പം, ഉരുകിയൊഴുകിയ സപ്തമന്ത്രമാണ് ഈ പുസ്തകത്തിലുള്ളത്. ഭാഷയോ അതീവ കാവ്യസുന്ദരം. ഈ ഒരൊറ്റ കൃതിയിലൂടെ പ്രഫ. കോശി തലയ്ക്കലിന്റെ രചനാസൗകുമാര്യം അമേരിക്കയിൽ ജീവിക്കുന്ന മലയാളിയുടെ കോവിഡാനന്തര ഘട്ടത്തിലെ ഏറ്റവും സുന്ദരമായ കൃതി ഏതെന്ന ചോദ്യത്തിന് ഉത്തരം കുറിക്കുന്നു.

'ആത്മീയ ബിന്ദുക്കൾ' എന്ന കൃതി 'നാം കുമ്പിടുക', 'ടെഹ്റാനിലെ കൊട്ടാരം', 'വേണം സർഗാത്മക വിശ്വാസം', 'ചരിത്രം സാക്ഷി, കാലം സാക്ഷി', 'അബ്ശലോം പഠിപ്പിക്കുന്ന പാഠം', 'മൈക്കിൾ ജാക്സൺ', 'വിധിയുടെ വികൃതി', 'ഹത്ഷേപ്സത്ത്', 'തിയോളജിയാ ക്രൂസിസ്', 'ഉദയവും അസ്മതമയവും', 'നൊസോമി', 'ദൈവം സഹയാത്രികനാകുന്ന യാത്രയാകട്ടേ', 'സംവത്സരങ്ങളെ നന്മകൊണ്ട് അലങ്കരിക്കുന്നവൻ', 'ഡാവിഞ്ചിയുടെ ജീവിതത്തിൽ നിന്ന്', 'ഓർണിത്തോളജി', 'സർവമതഭക്തന്മാർ', 'സമഗ്രത നഷ്ടപ്പെടുന്ന സത്യവേദപുസ്തകം', 'ഹെറസ്സി', 'ഘർവാപസ്സി', 'പ്രാന്തവത്കരിക്കപ്പെടുന്ന ദൈവപുത്രൻ', 'കാടുകയറുന്ന ആത്മീയ സമസ്യകൾ', 'കോഹിലിയും മാണിക്യവും', 'പിതൃബിംബം തേടുന്ന യുവത്വം', 'കാറ്റത്തെ തൂവൽ', 'ആത്മീയതകളുടെ സന്ദിഗ്ദ്ധതകൾ', 'സുതാര്യത', 'അരുത്, ദൈവത്തെ പഴിക്കരുത്', 'വിശുദ്ധ ജോസഫ്, ആലപിക്കപ്പെടാത്ത ഒരു ക്രിസ്മസ് ജീവിതം', 'രാജാധിരാജാവ് എഴുന്നെള്ളിയത്', 'ഉത്ഥിതനായ യേശുവിനൊപ്പം' എന്ന തലക്കെട്ടുകളിൽ മുപ്പത് അതിഗഹന പ്രമേയങ്ങളുടെ ലളിതോദാരമായ, തേൻ തുളുമ്പുന്ന കാവ്യപുഷ്പങ്ങൾ അഥവാ ഒരിക്കലും വാടാത്ത പൂവുകൾ വിരിഞ്ഞു താനേ നൃത്തംവെക്കുന്ന ഒരു പുഷ്പകോദ്യാനം പോലെ വശ്യസുന്ദരം.

വർത്തമാനകാല ജീവിതാവസ്ഥകളെയും ബൈബിൾ സന്ദർഭങ്ങളെയും കോർത്തിണക്കി, മനനത്തിന്റെ ആഴങ്ങളിലേക്ക് നയിക്കുന്ന ആത്മീയ സംവാദങ്ങളായ ഈ രചനകൾ, ഹൃദയകവാടം കടന്ന് ഉള്ളിനെ ഉണർത്തുന്ന നീഹാരബിന്ദുക്കളാകുന്ന, പരിവർത്തനത്തിന്റെ അനുഭവവും ഭാഷയുടെ വരപ്രസാദവും പേറി വിലമതിക്കാനാവാത്ത ഉപഹാരമായി മാറുന്നതെങ്ങനെയെന്ന് വായിച്ചനുഭവിച്ചാലേ മതിയാകൂ.





'പഞ്ചവർണ്ണ കഥകൾ' എന്ന കൃതിയാകട്ടെ ഇളം മനസ്സുകൾക്ക് പാലമൃതൂട്ടുന്ന അമ്മമനസ്സിന്റെ മൃദുത്വത്തോടെയും ഗുരുകുലാധിപന്റെ അദ്ധ്യാപന സിദ്ധികളോടെയും ജീവിതപരിവർത്തനത്തിന്റെ അനന്ത വിഹായസ്സിലേക്ക് കുട്ടികളെയും ഒപ്പം മുതിർന്നവരെയും ഒരേപോലെ കൂട്ടിക്കൊണ്ടു പോകുന്ന പതിനൊന്നു കഥകളുടെ സമാഹാരമാണ്. 'വഴിവിളക്ക്', 'മുന്ന എന്ന ശാസ്ത്രജ്ഞൻ', 'പഞ്ചവർണ്ണക്കിളി', 'ചിന്നു', 'നീയോ ബൂട്ടോ പറഞ്ഞ കഥ', 'ഒരു അഗ്നിബാധയുടെ കഥ', 'മരണത്തിന്റെ നിഴലിലെ പ്രകാശതാരം', 'സ്വർഗത്തിന്റെ അൾത്താര', 'ഓർഫിയസ്സും യൂറിഡിസും ഒരു വീണയും', 'മനുഷ്യത്വം കാട്ടിയ കാട്ടുകൊമ്പൻ', 'അഗ്നിനാളങ്ങളിൽ ഒരു ക്രിസ്മസ് നക്ഷത്രം' എന്നിവയാണ് പഞ്ചവർണ്ണ കഥകളിലെ കഥകൾ. "ഹൃദയത്തിന്റെ ആർദ്ര തലങ്ങളിലൂടെ ചിന്താമണ്ഡലങ്ങളിലേക്ക് ആഴ്ന്നിറങ്ങുന്ന കഥകളുടെ കർമവ്യാപാരം" എന്നതാണ് ഈ കൃതിയുടെ അനന്യത. അനശ്വര ഓഫ്സെറ്റ്, കൊച്ചി, സി.എം.എസ് പ്രസ് കോട്ടയം എന്നിവിടങ്ങളിലാണ് അച്ചടി നിർവ്വഹിച്ചത്. സി.എസ്.എസ്.എസ് ബുക്സ്, ഡയോസിസൻ പബ്ലിക്കേഷൻസ് കോട്ടയം എന്നിവർ പ്രസാധകർ.



റവ. ടി.റ്റി. സന്തോഷ് (വികാർ സിഎസ്ഐ ചർച്ച് ഫിലാഡൽഫിയ) നയിച്ച പ്രാർത്ഥനാ വചസ്സുകളോടെയാണ് യോഗം ആരംഭിച്ചത്. റവ. പി.ജെ. ജോസഫ് (വികാർ എമ്മാനുവേൽ സി.എസ്.ഐ ചർച്ച് ഫിലാഡൽഫിയ) അദ്ധ്യക്ഷനായിരുന്നു. റവ. മോഡയിൽ ഫിലിപ്പ്, വിൻസന്റ് ഇമ്മാനുവേൽ, ജോസഫ് മാത്യു, ജോർജ് ഓലിക്കൽ, ചെറിയാൻ ഏബ്രഹാം, നൈനാൻ മത്തായി എന്നിവർ ആസ്വാദനപ്രസംഗങ്ങൾ നടത്തി. സി. ഡാനിയേൽ അനുഗ്രഹ ഗാനാലാപനം ചെയ്തു. പ്രൊഫസർ കോശി തലയ്ക്കൽ രചിച്ച ഗാനങ്ങൾ, റൈസ് കോശിയുടെ നേതൃത്വത്തിലുള്ള ചെറുബിയം ഗാനാലാപന ടീം ആലപിച്ചു.

പ്രൊഫസർ കോശി തലയ്ക്കൽ സ്വാഗതവും ചെയ്സ് കോശി നന്ദിയും പറഞ്ഞു. കുമാരി ഹന്നാ ജോൺ, ഹോസ്റ്റ് ആയി യോഗനടപടികൾ നിയന്ത്രിച്ചു. ഫിലാഡൽഫിയയിലെ വിവിധ സാമൂഹിക സാംസ്കാരിക മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്നവർ പുസ്തകപ്രകാശന യോഗത്തിൽ സംബന്ധിച്ച് ആശംസകൾ നേർന്നു.

# കല്ലു – മാത്തുക്കുട്ടിമാരുടെ മാന്ത്രിക മിശ്രിതം ഫൊക്കാന കൺവൻഷനിലും

**ഡോ. കലാ ഷഹി**

വാഷിങ്ടൺ: അമേരിക്കൻ മലയാളികളുടെ കൂട്ടായ്മയുടെ ശക്തി തെളിയിക്കുന്ന വേദിയായിരിക്കും ഫൊക്കാനയുടെ ഇരുപത്തിയൊന്നാമത് രാജ്യാന്തര കൺവൻഷനെന്ന് പ്രതീക്ഷ നല്കുന്ന വാർത്തകളാണ് പുറത്തുവരുന്നത്. മലയാളികളുടെ അഭിമാനമായ വിശ്വപൗരന്മാരും നേതാക്കൾക്കും വ്യവസായികൾക്കും കലാകാരന്മാർക്കും ഒരുപോലെ സമ്മേളിക്കാനാകുന്ന വേദിയാകും ഇത്തവണ വാഷിങ്ടണിൽ ഒരുങ്ങുകയെന്ന് ഫൊക്കാനയുടെ പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ വെളിപ്പെടുത്തി. ഏറ്റവും ഒടുവിലായി പുറത്തുവരുന്നത് മനോരമയിലെ 'ഉടൻ പണം' എന്ന ഷോയിലൂടെ പ്രേക്ഷകശ്രദ്ധ പിടിച്ചുപറ്റിയ കല്ലു (രാജ് കലേഷ്) -മാത്തുക്കുട്ടി സംഘം കൺവൻഷനിൽ പങ്കെടുക്കുന്നുവെന്ന വാർത്തയാണ്.




ലോകം മുഴുവനുമുള്ള നിരവധി വേദികളിൽ രസച്ചരട് പൊട്ടാതെ പ്രേക്ഷകരെ മുന്നോട്ടു നയിക്കുന്ന കല്ലു-മാത്തുക്കുട്ടിമാരുടെ മാന്ത്രിക മിശ്രിതം ഇത്തവണ കൺവൻഷൻ വേദിയെയും രസിപ്പിക്കും. നേരമ്പോക്കിന് സമവാക്യങ്ങളില്ലെങ്കിലും ഈ കൂട്ടുകെട്ടിൽ വിസ്മയിപ്പിക്കുന്ന ഒരു കാഥികചേരുവ ഒളിഞ്ഞുകിടപ്പുണ്ട്. മാജിക്കും ഡാൻസും പാചകവുമായി മലയാളിയെ രസിപ്പിച്ച കലേഷും റേഡിയോ ജോക്കിയായിരുന്ന മാത്തുക്കുട്ടിയും ഒത്തുചേർന്നപ്പോൾ വിനോദത്തിന്റെ അതിരുകൾ മാഞ്ഞ് ഇല്ലാതാവുകയായിരുന്നു. അമേരിക്കൻ മലയാളിയുടെ ചരിത്രം മാറ്റിയെഴുതുന്ന പ്രൗഢഗംഭീരമായ ഒരു ഫൊക്കാനിയൻ സാംസ്കാരിക രാവിന് അരങ്ങൊരുങ്ങുകയാണെന്ന് ബാബു സ്റ്റീഫൻ പറഞ്ഞു.

2024 ജൂലൈ 18 മുതൽ 20 വരെ റോക്ക്‌വിൽ ബെഥസ്ഡ നോർത്ത് മാരിയറ്റ് ഹോട്ടൽ കൺവൻഷൻ സെന്ററിൽ നടക്കുന്ന രാജ്യാന്തര കൺവൻഷനിൽ 1500-ലധികം ഡെലിഗേറ്റുകളെ പ്രതീക്ഷിക്കുന്നു.

പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ, ട്രഷറർ ബിജു ജോൺ, എക്സി. വൈസ് പ്രസിഡണ്ട് ഷാജി വർഗീസ്, ട്രസ്റ്റി ബോർഡ് ചെയർമാൻ സജി പോത്തൻ, വൈസ് പ്രസിഡണ്ട് ചാക്കോ കുര്യൻ, ജോ. സെക്രട്ടറി ജോയി ചാക്കപ്പൻ, അഡീ. ജോ. സെക്രട്ടറി സോണി അമ്പൂക്കൻ, ജോ. ട്രഷറർ ഡോ. മാത്യു വർഗീസ്, ജോ. അഡീ.ട്രഷറർ ജോർജ് പണിക്കർ, വിമൻസ് ഫോറം ചെയർ ഡോ. ബ്രിജിറ്റ് ജോർജ്, കൺവൻഷൻ ചെയർമാൻ ജോൺസൻ തങ്കച്ചൻ, കൺവൻഷൻ പ്രസിഡണ്ട് വിപിൻ രാജ്, കൺവൻഷൻ ഫിനാൻസ് ഡയറക്ടർ നോബിൾ ജോസഫ്, കൺവൻഷൻ കൺവീനർ ജെയിംസ് ജോസഫ്, കൺവൻഷൻ കോ-ഓർഡിനേറ്റർ കുര്യൻ പ്രക്കാണം, കൺവൻഷൻ ചെയർ വിജോയ് പട്ടമാടി, ജിജോ ആലപ്പാട്ട്, ലീല മാരേട്ട്, ഡോ. ഷൈനി രാജു എന്നിവരുടെ നേതൃത്വത്തിൽ ഒരുക്കുന്ന കൺവൻഷനിൽ ഇനിയും വിഭവങ്ങൾ ബാക്കിയാണ്. വരുംദിവസങ്ങളിൽ ഫൊക്കാന പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ വിവരങ്ങൾ പുറത്തുവിടുമെന്നു പ്രതീക്ഷിക്കാം.

# ഫൊക്കാന സാഹിത്യ പുരസ്കാരത്തിന് കൃതികൾ ക്ഷണിക്കുന്നു

**ഡോ. കലാ ഷഹി**

ന്യൂജേഴ്സി: അമേരിക്കയിലെ ഏറ്റവും ജനപ്രിയ സാഹിത്യപുരസ്കാരങ്ങൾ എന്നു വിശേഷിപ്പിക്കുന്ന ഫൊക്കാന സാഹിത്യ പുരസ്കാരത്തിനുള്ള രചനകൾ ക്ഷണിക്കുന്നു. 2024 ജൂലൈ 18 മുതൽ 20 വരെ നോർത്ത് ബെഥെസ്ഡയിലെ മോണ്ട് ഗോമറി കൗണ്ടി കോൺഫറൻസ് സെന്ററിൽ (Bethesda North Marriott Hotel & Conference Center, 5701 Marinelli Rd, Rockville,, MD 20852) നടക്കാനിരിക്കുന്ന ഫൊക്കാനയുടെ 21-ാമത് ദേശീയ കൺവൻഷനോടനുബന്ധിച്ച് നടക്കുന്ന പ്രത്യേക ചടങ്ങിൽ വെച്ചാണ് മലയാളി സാഹിത്യത്തിലെ വിവിധ ശാഖകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന കൃതികൾക്ക് പുരസ്കാരങ്ങൾ നല്കി ആദരിക്കുന്നത്.

മലയാള ഭാഷയെയും സാഹിത്യത്തെയും എന്നും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായാണ് ഫൊക്കാനയുടെ ആരംഭകാലം മുതൽ ഫൊക്കാന സാഹിത്യ അവാർഡുകൾ നല്കിവരുന്നത്. നോവൽ, ചെറുകഥ, കവിത, ലേഖനം, തർജ്ജമ എന്നീ വിഭാഗങ്ങളിലാണ് പുരസ്കാരങ്ങൾ നല്കുന്നത്. 1982-ൽ ഫൊക്കാന രൂപംകൊണ്ടതു മുതൽ ആരംഭിച്ച ഈ സാഹിത്യപുരസ്കാരങ്ങൾ ഇന്ന് ലോകം മുഴുവനുമുള്ള മലയാളി സാഹിത്യ പ്രേമികളുടെ അംഗീകാരം ഏറ്റുവാങ്ങിയാണ് മലയാളത്തിലെ പ്രധാനപ്പെട്ട സാഹിത്യപുരസ്കാരങ്ങളുടെ ശ്രേണിയിൽ വരെ എത്തിനിൽക്കുന്നത്. മൺമറഞ്ഞുപോയവരും ജീവിച്ചിരിക്കുന്നവരുമായ ഒട്ടനവധി പ്രശസ്തരായ സാഹിത്യകാരന്മാർ ഈ പുരസ്കാരത്തിന് അർഹരായിട്ടുണ്ട്.

വടക്കെ അമേരിക്കയിലും കാനഡയിലുമുള്ള എഴുത്തുകാരിൽ നിന്നാണ് ജേതാക്കളെ തെരഞ്ഞെടുക്കുന്നതെന്ന് അവാർഡ് കമ്മിറ്റി ചെയർമാൻ ബെന്നി കുര്യൻ അറിയിച്ചു. മലയാള സാഹിത്യത്തിലും സംസകാരത്തിലും തല്പരരായ അമേരിക്കൻ പ്രവാസി മലയാളികളിൽ നിന്നാണ് കൃതികൾ ക്ഷണിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.


താഴെപ്പറയുന്ന വിഭാഗങ്ങളിലാണ് ഇത്തവണത്തെ ഫൊക്കാന സാഹിത്യ പുരസ്കാരത്തിനുള്ള എൻട്രികൾ ക്ഷണിക്കുന്നത്: ഫൊക്കാന തകഴി ശിവശങ്കരപ്പിള്ള പുരസ്കാരം-നോവൽ, ഫൊക്കാന കാരൂർ നീലകണ്ഠപ്പിള്ള പുരസ്കാരം-ചെറുകഥ, ഫൊക്കാന എൻ.കെ. ദേശം പുരസ്കാരം-കവിത, ഫൊക്കാന സുകുമാർ അഴീക്കോട് പുരസ്കാരം-ലേഖനം/നിരൂപണം, ഫൊക്കാന എം.എൻ. സത്യാർത്ഥി പുരസ്കാരം-തർജ്ജമ.

രചനകൾ സ്വീകരിക്കുന്ന അവസാന തീയതി 2024 ഏപ്രിൽ 20 ആയിരിക്കും. 2022 മെയ് ഒന്നു മുതൽ പുസ്തകമായി പ്രസിദ്ധീകരിച്ചിട്ടുള്ള കൃതികളായിരിക്കും അവാർഡിനായി പരിഗണിക്കുക. പുരസ്കാരത്തിനു പരിഗണിക്കപ്പെടേണ്ട കൃതികളുടെ മൂന്നു കോപ്പികൾ താഴെപ്പറയുന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്. Benny Kurian, 373 Wildrose Ave, Bergenfield NJ 07621, USA, Phone: +1 201-951-6801.

പുരസ്കാരത്തിനായി ലഭിക്കുന്ന സാഹിത്യ കൃതികൾ മലയാളത്തിലെ പ്രഗത്ഭരായ സാഹിത്യകാരന്മാർ അടങ്ങിയ ജഡ്ജിംഗ് പാനൽ വിശദമായ പരിശോധനകൾക്ക് വിധേയമാക്കിയ ശേഷമായിരിക്കും ജേതാക്കളെ നിർണയിക്കുകയെന്ന് ഗീതാ ജോർജ് കോ-ഓർഡിനേറ്ററും ബെന്നി കുര്യൻ ചെയർമാനും സണ്ണി മറ്റമന കോ-ചെയർ ആയിട്ടുള്ള കമ്മിറ്റി അറിയിച്ചു.

അവാർഡുകൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അറിയുവാൻ ഫൊക്കാന വെബ്സൈറ്റ് സന്ദർശിക്കുക: http://fokanaonline.org/. E-mail: fokana2024literary@gmail.com. Phone: +1 201-951-6801.

# രാജു തരകന്റെ പുസ്തകമായ 'ഇടയ കന്യക' പ്രകാശനം നടത്തി



**അനശ്വർ മാമ്പിള്ളി**

ഗാർലൻഡ്: അമേരിക്കൻ മലയാളികൾക്കിടയിൽ ക്രൈസ്തവ സാഹിത്യരംഗത്ത് പത്രാധിപർ, കോളമിസ്റ്റ്, ഗ്രന്ഥകാരൻ, സംഘാടകൻ എന്നീ നിലകളിൽ പ്രസിദ്ധനായ രാജു തരകൻ രചിച്ച ഏറ്റവും പുതിയ പുസ്തകമായ 'ഇടയ കന്യക'യുടെ പ്രകാശനം നിർവഹിച്ചു.

ഫെബ്രുവരി 17-ന് ഞായറാഴ്ച വൈകിട്ട് ഡാളസ് ഗാർലൻഡ് ല ബെല്ല റെസ്റ്റോറന്റിൽ ചേർന്ന യോഗത്തിൽ പുസ്തകത്തിന്റെ കോപ്പി ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് ടെക്സസിന്റെ പ്രസിഡണ്ട് സണ്ണി മാളിയേക്കലിൽ നിന്ന് മാധ്യമപ്രവർത്തകൻ പി.പി. ചെറിയാൻ ഏറ്റുവാങ്ങി. അമേരിക്കയിലെ പ്രവാസജീവിതത്തിന്റെ ഭാഗമായി സാഹിത്യരചനയിൽ മാത്രമല്ല സംഘടനാ മേഖലയിലും സജീവമാണ് ഗ്രന്ഥകാരനെന്ന് സണ്ണി മാളിയേക്കൽ പറഞ്ഞു. ചടങ്ങിൽ സിജു ജോർജ്, ബെന്നി ജോൺ, ബിജിലി ജോർജ്, അനശ്വർ മാമ്പിള്ളി, തോമസ് ചിറമേൽ, പ്രസാദ് തിയോഡിക്കൽ എന്നിവർ പങ്കെടുത്തു.



# ധനം നമുക്കൊരു ഇന്ധനം മാത്രം, വന്ദനകാരണമായിരിക്കരുത്

**പാസ്റ്റർ ജോൺസൺ സഖറിയ**

വഴിയിൽ കിടക്കുന്ന ഒരു നാണയത്തുട്ടിനു മുൻപിൽ നമ്മുടെ കാലുകൾ നാം അറിയാതെ നിശ്ചലമായത് ഓർക്കുന്നുണ്ടോ? ആരും കാണുന്നില്ലെങ്കിൽ പലരുടെയും കരങ്ങൾ അവയെ താലോലിച്ചിട്ടുമുണ്ടാകും. മനം കുളിർക്കെ ധനം കൈകാര്യം ചെയ്യുവാൻ ആർക്കാണ് താല്പര്യമില്ലാത്തത്? പാരമ്പര്യ പണക്കാരനെന്നും പുത്തൻ പണക്കാരനെന്നും ധനികരെ സംബോധന ചെയ്യുന്നു. ഇവരിൽ ചിലരെങ്കിലും 'ഭൂതം നിധി കാക്കുന്നു' എന്ന് പറയും പോലെ ഏറെ പണം കൈവശമുണ്ടെങ്കിലും നല്ലതൊന്നും അനുഭവിക്കാതെ വാരിക്കൂട്ടിയതെല്ലാം ആരൊക്കെയോ അനുഭവിക്കേണ്ടതിനായി മനസ്സോടെയല്ലെങ്കിലും 'ആറടി മണ്ണിലേക്ക്' താണുപോകുന്നു. അതിലും ഭയങ്കരം നേടിയതെല്ലാം ബാങ്കിൽ നിക്ഷേപിച്ചിട്ട്, അനന്തരാവകാശികളുടെ പേരുകൾ പോലും ചേർക്കാതെയിരുന്നതിനാൽ അവയെല്ലാം ആരൊക്കെയോ അപഹരിക്കുന്നു. കൈനീട്ടി നിന്ന സഹോദരക്കൂട്ടങ്ങളെപ്പോലും അവഗണിച്ചിട്ട് കൂട്ടിവെച്ചതാണല്ലോ ഇവയെല്ലാം!

ധനം നമുക്കൊരു ദൈവമോ യജമാനനോ ആകരുത്. പലരും ധനത്തെ ദൈവത്തെപ്പോലെ വന്ദിക്കുമ്പോൾ ചിലരാകട്ടെ യജമാനനെപ്പോലെ ഭയപ്പെടുകയാണ്. ഇതു രണ്ടും ആപത്താണ് വരുത്തിവെക്കുന്നത്. 'ദ്രവ്യാഗ്രഹം സകലവിധ ദോഷങ്ങൾക്കും കാരണമാണ്' എന്ന ബൈബിൾസൂക്തം ഓർക്കുന്നില്ലേ? അഴിമതി നടത്തി വാരിക്കൂട്ടിയ സമ്പാദ്യങ്ങൾ 'കണ്ടുകെട്ടുന്നത്' നാം ഇന്ന് കണ്ടുകൊണ്ടിരിക്കുകയാണല്ലോ. കോടിപതികൾ മൃഗശാലയിൽ എന്നപോലെ ഇരുമ്പുവലയങ്ങൾക്കുള്ളിൽ അന്തിയുറങ്ങുകയും ഭിക്ഷക്കാരെപ്പോലെ പാത്രങ്ങളും കൈയിലേന്തി ആഹാരത്തിനായി 'ലൈനിൽ' നില്ക്കുന്നതും ഇന്നൊരു സാധാരണ സംഭവമായിക്കഴിഞ്ഞു. ഇവർ ധനത്തെ ഒരു ഇന്ധനമായിട്ടല്ല പകരം വന്ദന വിഷയമായിട്ടാണ് കണ്ടിരുന്നത്. പകലന്തിയോളം കഠിനാദ്ധ്വാനം ചെയ്തിട്ട്, വൈകിട്ട് ഭാര്യയും മക്കളുമൊത്ത് പ്രാ



ലേഖകൻ

ർത്ഥനയും കഴിഞ്ഞ് ആഹാരം കഴിക്കുന്ന സാധാരണമനുഷ്യർക്ക് ഒരിക്കലും ധനം ഒരു വന്ദനവിഷയമായിരുന്നില്ല. പകരം ജീവിതമാകുന്ന വാഹനം മുന്നോട്ടു പോകുന്നതിനുള്ള ഇന്ധനം മാത്രമായിരുന്നു.

ദ്രവ്യാഗ്രഹികളുടെ ദുരാഗ്രഹം നാശങ്ങളുടെ പാതകളാണ് വെട്ടിത്തുറക്കുന്നത്. എളിയവരെ പീഡിപ്പിച്ചു ധനം വാരിക്കൂട്ടിയ സഹകരണ ബാങ്കുകളിലെ മേലുദ്യോഗസ്ഥരുൾപ്പെടെ, ധനവാന്മാർക്ക് 'വെള്ളയും കരിമ്പടവും' വിരിക്കുമ്പോൾ പാവപ്പെട്ടവന്റെ കണ്ണുനീർ ജലപ്രവാഹമായി അവരുടെ അടുക്കലേക്ക് പാഞ്ഞെത്തുന്നു എന്നത് മറക്കാതിരിക്കൂ. എത്ര കിട്ടിയാലും തൃപ്തി വരാത്ത ദ്രവ്യാഗ്രഹി നാശത്തിലേക്കാണ് തന്റെ പാത ഒരുക്കുന്നത്. ധനം ഒരിക്കലും നമ്മുടെ ദൈവം ആകരുത്. ഒരിക്കലും പണം നമ്മുടെ മേൽ കർതൃത്വം നടത്തുവാൻ അനുവാദം കൊടുക്കരുത്. അന്യായമായി കൂട്ടിവെക്കുന്നതെല്ലാം ആവിപോലെ പറന്നുപോകും. ന്യായമായി നേടുന്നതെല്ലാം ഐശ്വര്യമായിരിക്കും. "ദുരാഗ്രഹി തന്റെ ഭവനത്തെ വലയ്ക്കുന്നു, കോഴ വെറുക്കുന്നവൻ ജീവിച്ചിരിക്കും" എന്ന സോളമന്റെ സന്ദേശം വർത്തമാനകാലത്തെ വാർത്താചാനലുകൾക്ക് 'ബ്രേക്ക് ന്യൂസ്'കളുടെ എണ്ണം കൂട്ടി കൊടുക്കുകയാണല്ലോ. മടിയിൽ കനമില്ലെന്നു പറഞ്ഞു പറഞ്ഞു തന്നെ കനം കൂടി പോയതു പറഞ്ഞവർ പോലും ഓർക്കുന്നില്ല.

കൂലിക്കാരന്റെ കൂലി പോലും കൊടുക്കാതെ സമ്പാദിക്കുന്ന ധനവാനെക്കുറിച്ച് എഴുതിവെച്ചിരിക്കുന്നതു മറന്നുപോയോ? എങ്കിൽ ഒന്നുകൂടെ ഓർമ്മിപ്പിക്കട്ടെ: "നിങ്ങളുടെ മേൽ വരുന്ന ദുരിതങ്ങൾ നിമിത്തം കരഞ്ഞു മുറയിടുവിൻ" (യാക്കോബ് 5:1) വായ്പ വാങ്ങിയ പണം തിരികെ കൊടുക്കാതെ ചോദിച്ചപ്പോൾ ആപത്തിൽ സഹായിച്ചവനെ ആക്ഷേപിക്കുന്ന നിർഗുണനപുംസകത്തെ ഓർത്ത് ഇനിയും ഭാരപ്പെടേണ്ട. പകരം അവശിഷ്ടം ഭുജിച്ച നായയുടെ പെരുമാറ്റത്തിൽ നമുക്ക് സംതൃപ്തി നേടാം. നമ്മുടെ സമീപേ വന്ന പലരെക്കുറിച്ചും നമ്മുടെ മനസ്സ് നമ്മെ ഓർപ്പിച്ചുണർത്തിയില്ലേ? 'ആവുന്ന ഒരു സഹായം ചെയ്യു' എത്രയോ അവസരം നാം നഷ്ടപ്പെടുത്തി. ഫലം എന്തായിരുന്നു. പ്രതീക്ഷിക്കാത്ത നഷ്ടങ്ങൾ.

ആകയാൽ മുൻവിധികൾ അകറ്റി നന്മ ചെയ്യുക. അധികമുള്ളതെങ്കിലും അന്യർക്ക് ഉപകരിക്കട്ടെ. ധനം നമ്മുടെ ദൈവമല്ല, ആകയാൽ അവയെ വന്ദിക്കേണ്ട, പകരം ഒരു ഇന്ധനം മാത്രമായിരിക്കട്ടെ. എങ്കിൽ നന്മയും കരുണയും താങ്കളെ പിൻതുടരുവാൻ ദൈവം അനുവദിക്കും. മറക്കരുതേ, അന്യായമായതൊന്നും വേണ്ടെന്നു വെക്കുവാനുള്ള 'സക്കായിയുടെ' മാനസാന്തരം നമുക്കും വേണ്ടിയതാണോ? ദൈവത്തിനുള്ളത് ദൈവത്തിനും ഗവൺമെന്റിനുള്ളത് ഗവൺമെന്റിനും കൊടുക്കാം. നമ്മുടെ ധനം നമുക്കൊരു മാനമായിരിക്കട്ടെ!

## വേൾഡ് ഡേ പ്രെയർ മാർച്ച് 2-ന് ഡാളസിൽ

**ഷാജി രാമപുരം**

ഡാളസ്: കേരള എക്യുമെനിക്കൽ ക്രിസ്ത്യൻ ഫെലോഷിപ്പിന്റെ നേതൃത്വത്തിൽ ഡാളസിൽ അഖില ലോക പ്രാർത്ഥനാദിനം മാർച്ച് 2-ന് ശനിയാഴ്ച രാവിലെ 9 മുതൽ 12.30 വരെ മെസ്കിറ്റ് സെന്റ് പോൾസ് മാർത്തോമ്മാ ദേവാലയത്തിൽ (1002 Barnes Bridge Rd, Mesquite, TX 75150) വെച്ച് നടത്തപ്പെടും. ശ്രീമതി കൽതോമ് ഒം സലാം കവാർ (പാലസ്തീൻ) മുഖ്യസന്ദേശം നല്കും. 'ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു...സ്നേഹത്തിൽ അന്യോന്യം പൊറുക്കുക' (എഫേസ്യർ 4:1-3) എന്നതാണ് മുഖ്യചിന്താവിഷയം. കേരള എക്യുമെനിക്കൽ ക്രിസ്ത്യൻ ഫെലോഷിപ് ഗായകസംഘം ഗാനശുശ്രൂഷകൾക്ക് നേതൃത്വം നല്കും. ലോകത്തിലെ 170-ൽപ്പരം രാജ്യങ്ങളിൽ ക്രിസ്തീയ വിശ്വാസികളായ വനിതകളുടെ നേതൃത്വത്തിൽ ഓരോ വർഷവും ഒരു പ്രത്യേക രാജ്യം തെരഞ്ഞെടുത്ത് ആ രാജ്യത്തിലെ കഷ്ടത അനുഭവിക്കുന്ന ജനവിഭാഗത്തിനായി പ്രാർത്ഥിക്കുവാനായി മാർച്ച് മാസത്തിലെ ഒരു ശനിയാഴ്ച പ്രാർത്ഥനാദിനമായി ആചരിച്ചുവരുന്നതാണ് വേൾഡ് ഡേ പ്രെയർ.

ഇപ്രകാരം തെരഞ്ഞെടുത്ത രാജ്യത്തിന്റെ സാമൂഹിക, രാഷ്ട്രീയ, ആദ്ധ്യാത്മിക പശ്ചാത്തലത്തിൽ ദൗത്യം, സമാധാനം, നീതി എന്നിവയുടെ ആവശ്യകതയിൽ ഊന്നി, വേദപുസ്തക പശ്ചാത്തലത്തിൽ ഓരോ വർഷവും അഖില ലോക പ്രാർത്ഥനാ ദിനത്തിനാവശ്യമായ ആരാധനാക്രമം തയ്യാറാക്കിവരുന്നു.

പലസ്തീനിലെ കഷ്ടതയനുഭവിക്കുന്ന ജനവിഭാഗത്തിനായിട്ടാണ് പ്രത്യേകം പ്രാർത്ഥനാദിനമായി ഈ വർഷം വേർതിരിച്ചിരിക്കുന്നത്. മെസ്കിറ്റ് സെന്റ് പോൾസ് മാർത്തോമ്മാ ഇടവകയിലെ സേവികാ സംഘമാണ് ഡാളസിലെ വേൾഡ് ഡേ പ്രെയറിന് നേതൃത്വം നല്കുന്നത്. മാർച്ച് 2-ന് ശനിയാഴ്ച മെസ്കിറ്റ് സെ. പോൾസ് മാർത്തോമ്മാ ദേവാലയത്തിൽ വെച്ച് നടത്തപ്പെടുന്ന അഖില ലോക പ്രാർത്ഥനാദിന സമ്മേളനത്തിലേക്ക് ഡാളസിലെ എല്ലാ ക്രിസ്തീയ സ്ത്രീജന വിഭാഗത്തെയും ക്ഷണിക്കുന്നതായി കൺവീനർ സുബി ഉതുപ്പ് ഇയാടിയിൽ (സുബി കൊച്ചമ്മ), സഹകൺവീനർ ടിജി ലൂക്കോസ് എന്നിവർ അറിയിച്ചു.

# ട്രൈസ്റ്റേറ്റ് കേരളാ ഫോറത്തിന് പുതിയ നേതൃത്വം

**സുമോദ് തോമസ്, നെല്ലിക്കാല**

ഫിലാഡൽഫിയ: പെൻസിൽവേനിയ, ന്യൂജേഴ്സി, ഡെലവർ സംസ്ഥാനങ്ങളിലെ മലയാളികളുടെ വലിയ കൂട്ടായ്മയായ ട്രൈസ്റ്റേറ്റ് കേരളാ ഫോറത്തിന്റെ ചെയർമാനായി അഭിലാഷ് ജോൺ, സെക്രട്ടറിയായി ബിനു മാത്യു, ട്രഷററായി ഫിലിപ്പോസ് ചെറിയാൻ എന്നിവർ തേരു നയിക്കും. ട്രൈസ്റ്റേറ്റ് ഏരിയായിലെ പതിനഞ്ചിൽപ്പരം പ്രമുഖ സാംസ്കാരിക, സാമൂഹിക, പ്രാദേശിക സംഘടനകളുടെ കൂട്ടായ്മയായ ടി.കെ.എഫിന്റെ തെരഞ്ഞെടുപ്പ് ഏകകണ്ഠമായിരുന്നു.

ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ട അഭിലാഷ് ജോൺ ടികെഎഫിലും അതുപോലെ സിഐഎംഐയിലും സംഘാടനപാടവത്തിലൂടെ കഴിവ് തെളിയിച്ചിട്ടുള്ള വ്യക്തിയാണ്.

കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ടായി രാഷ്ട്രീയരംഗത്തും മികവ് തെളിയിച്ചിട്ടുണ്ട്.

സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ബിനു മാത്യു ടികെഎഫിലും അതുപോലെ ഫ്രണ്ട്സ് ഓഫ് തിരുവല്ലയിലും പ്രോഗ്രാം കോ-ഓർഡിനേറ്റർ എന്ന നിലയിൽ പ്രവർത്തനമികവ് തെളിയിച്ചിട്ടുണ്ട്.

വിദ്യാർത്ഥിരാഷ്ട്രീയത്തിലും ബാലജന സഖ്യത്തിലും പ്രവർത്തനപരിചയമുണ്ട്. ഓർത്തഡോക്സ് യുവജന പ്രസ്ഥാനത്തിൽ സജീവപ്രവർത്തകനാണ്.

ട്രഷറർ ആയി തെരഞ്ഞെടുക്കപ്പെട്ട ഫിലിപ്പോസ് ചെറിയാൻ ടികെഎഫിന്റെ മുൻ ചെയർമാൻ, പമ്പ അസോസിയേഷൻ, ഫ്രണ്ട്സ് ഓഫ് തിരുവല്ല എന്നിവയുടെ പ്രസിഡണ്ട് എന്നീ നിലകളിൽ പ്രശംസനീയമായ പ്രവർത്തനം കാഴ്ചവെച്ചിട്ടുണ്ട്. ഫിലാഡൽഫിയയിലെ സാമുദായിക, സാംസ്കാരിക മേഖലകളിൽ നിറസാന്നിദ്ധ്യമാണ്.

വൈസ് ചെയർപേഴ്സണായി സുരേഷ് നായർ, സാജൻ വർഗീസ്, അലക്സ് തോമസ്, ജോർജ് ഓലിക്കൽ, സുധ കർത്താ എന്നിവരും ജോയിന്റ് സെക്രട്ടറിയായി ജോൺ പണിക്കർ, ജോ. ട്രഷററായി രാജൻ സാമുവൽ എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു.



അഭിലാഷ് ജോൺ ചെയർമാൻ | ബിനു മാത്യു സെക്രട്ടറി | ഫിലിപ്പോസ് ചെറിയാൻ ട്രഷറർ | ജോബി ജോർജ് ഓണാഘോഷ ചെയർമാൻ



വിൻസന്റ് ഇമ്മാനുവേൽ പ്രോഗ്രാം കോ-ഓർഡിനേറ്റർ | സുരേഷ് നായർ വൈസ് ചെയർമാൻ | സാജൻ വർഗീസ് വൈസ് ചെയർമാൻ | സുധ കർത്ത വൈസ് ചെയർമാൻ



ജോർജ് ഓലിക്കൽ വൈസ് ചെയർമാൻ | അലക്സ് തോമസ് വൈസ് ചെയർമാൻ | ജോൺ പണിക്കർ ജോയിന്റ് സെക്രട്ടറി | രാജൻ സാമുവൽ ജോയിന്റ് ട്രഷറർ



ജോർജ് നടവയൽ കേരള ഡേ ചെയർമാൻ | സുമോദ് തോമസ് നെല്ലിക്കാല (പിആർഒ) | റോണി വർഗീസ് അവാർഡ് കമ്മിറ്റി ചെയർമാൻ | ജോർജുകുട്ടി ലൂക്കോസ് കർഷകരത്ന കമ്മിറ്റി ചെയർമാൻ


ടികെഎഫിന്റെ 2024-ലെ വിവിധ പ്രവർത്തനങ്ങളുടെ ചെയർപേഴ്സൻസും കോ-ഓർഡിനേറ്റേഴ്സുമായി തെരഞ്ഞെടുക്കപ്പെട്ടവർ: ഓണാഘോഷ ചെയർമാൻ-ജോബി ജോർജ്, പ്രോഗ്രാം കോ-ഓർഡിനേറ്റർ-വിൻസന്റ് ഇമ്മാനുവേൽ, കേരള ഡേ ചെയർമാൻ-ജോർജ് നടവയൽ, പിആർഒ-സുമോദ് തോമസ് നെല്ലിക്കാല, അവാർഡ് കമ്മിറ്റി ചെയർമാൻ-റോണി വർഗീസ്, കർഷകരത്ന കമ്മിറ്റി ചെയർമാൻ-ജോർജുകുട്ടി ലൂക്കോസ്.

ഒഴിവുള്ള സ്ഥാനങ്ങളിലേക്ക് പിന്നീട് തെരഞ്ഞെടുപ്പ് നടക്കുമെന്ന് നിയുക്ത ചെയർമാൻ അഭിലാഷ് ജോൺ അറിയിച്ചു.

ഓഗസ്റ്റ് 31-ന് നടത്തപ്പെടുന്ന ഓണാഘോഷ പരിപാടികൾക്കുവേണ്ടിയുള്ള ക്രമീകരണം ഉടൻതന്നെ ആരംഭിക്കുമെന്ന് സെക്രട്ടറി ബിനു മാത്യു പറഞ്ഞു.

ഫിലാഡൽഫിയ എന്ന പേര് അന്വർത്ഥമാക്കുന്നതു പോലെതന്നെ ഏകോദര സഹോദരങ്ങളെപ്പോലെ കഴിയുന്ന ഫിലാഡൽഫിയയിലെ മലയാളി സമൂഹം ട്രൈസ്റ്റേറ്റ് ഏരിയയിലെ മുഴുവൻ മലയാളികളെയും ഒന്നിച്ച് ഒരു കുടക്കീഴിൽ അണിനിരത്തിക്കൊണ്ട് നടത്തിവരുന്ന ഓണാഘോഷ പരിപാടികൾ ഈ വർഷവും ഒരു ഉത്സവമാക്കി മാറ്റുന്നതിനു വേണ്ടി എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നതായി ഓണാഘോഷ ചെയർമാൻ ജോബി ജോർജ്, പ്രോഗ്രാം കോ-ഓർഡിനേറ്റർ വിൻസന്റ് ഇമ്മാനുവൽ എന്നിവർ സംയുക്ത പ്രസ്താവനയിലൂടെ അറിയിച്ചു.

# കലികാലത്തിൽ ഭ്രമയുഗം



സിനിമ റിവ്യൂ



രമ്യ മനോജ്,
നോർത്ത് കരോലിന

ഭ്രമയുഗം കണ്ടു രണ്ടു മൂന്ന് ദിവസം ആയെങ്കിലും റിവ്യൂ ഇടണോ വേണ്ടയോ എന്ന സംശയത്തിലായിരുന്നു. സിനിമ നല്ലതാണെന്നു പറഞ്ഞാലും മോശം ആയെന്നു പറഞ്ഞാലും എയറിൽ പോകും എന്ന് ഉറപ്പായ സ്ഥിതിക്ക് എന്റെ അഭിപ്രായം പറഞ്ഞിട്ടു പോകാം.

എനിക്ക് ഒരു ആവറേജിനു കുറച്ചു മുകളിൽ നിക്കുന്ന സിനിമ ആയി തോന്നിയുള്ളൂ. ഇഷ്ടമായി എങ്കിലും ഫുൾ സാറ്റിസ്ഫാക്ഷൻ കിട്ടിയില്ല.

രാഹുൽ സദാശിവൻ എന്ന ഡയറക്ടർക്കു ആണ് ആദ്യം കയ്യടി കൊടുക്കാൻ ഞാൻ ആഗ്രഹിക്കുന്നത്. മേക്കിങ് ഗംഭീരം തന്നെ. സിനിമ മുഴുവൻ ബ്ലാക്ക് ആൻഡ് വൈറ്റ് ആക്കി എടുത്തത് തന്നെ ഏറ്റവും വലിയ പോസിറ്റീവ് ആയത്. പക്ഷേ രാഹുൽ സദാശിവന്റെ 'ഭൂതകാലം' എന്ന സിനിമ ആണ് ഇതിനേക്കാൾ എനിക്ക് ഇഷ്ടമായത്. അതിനു ഇത്ര അംഗീകാരം കിട്ടാത്തതിൽ വിഷമം തോന്നുന്നു.

മമ്മൂട്ടിയുടെ അഭിനയം അതിനെ ക്കുറിച്ചു പറയേണ്ട കാര്യം ഇല്ലല്ലൊ. ഒരു കാരണവർ ആയി അഭിനയിക്കുകയല്ല ജീവിക്കുക തന്നെയായിരുന്നു എന്ന് പറയേണ്ടി വരും. പണ്ട് നാട്ടിൻപുറങ്ങളിൽ കണ്ടിരുന്ന കാരണവന്മാരുടെ അതെ ചേഷ്ടകളും ഭാവങ്ങളും. ആദ്യാവസാനം കൊടുമൺ പോറ്റിയെ മാത്രേ കണ്ടുള്ളൂ മമ്മൂട്ടിയെ കണ്ടില്ല.

അർജ്ജുൻ അശോകൻ ഞെട്ടിച്ചു. തന്മയത്വത്തോടെ അഭിനയിച്ചിട്ടുണ്ട്. സിദ്ധാർഥ് ഭരതനും ഇതുപോലെ അഭിനയ സാധ്യതയുള്ള വേഷങ്ങൾ കുറെയധികം ചെയ്യണം എന്നാണ് തോന്നിയത്.

ബാക്ക്ഗ്രൗണ്ട് സ്കോറും നാടൻ പാട്ടുകളും വളരെ മികച്ചതായിരുന്നു. ഒരു രക്ഷയുമില്ല, കിടിലം. പിന്നെ എടുത്തു പറയേണ്ടത് സംഭാഷണങ്ങൾ ആണ്. റ്റി.ഡി. രാമകൃഷ്ണൻ എന്ന എഴുത്തുകാരൻ ആണ് കുറിക്കുകൊള്ളുന്ന ഓരോ വാചകങ്ങളും എഴുതിയത്.

ഞങ്ങൾ തൃശ്ശൂർക്കാർ ചാത്തൻ ഒടിയൻ മാടൻ മറുത രക്ഷസ്സ് കഥകൾ കേട്ടാണ് വളർന്നു വരുന്നത്. കുട്ടിക്കാലത്തു ചാത്തൻ കഥകൾ ഒരുപാടു കേട്ടിട്ടുള്ളത് കൊണ്ട് തന്നെ കഥയിൽ ഒരു പുതുമയും തോന്നിയില്ല, എന്ന് മാത്രമല്ല സ്ക്രിപ്റ്റ് മാത്രമാണ് കുറച്ചു കൂടെ നന്നാക്കാമായിരുന്നു എന്ന് തോന്നിയത്. സിനിമ കഴിഞ്ഞു ഇറങ്ങിയും പലതും പൂർണ്ണമാകാത്ത പോലെ ഒരു തോന്നൽ.

(ഐതിഹ്യമാലയിലെ കുഞ്ചമൺ പോറ്റിയുടെ കഥയാണ് ഇതെന്ന് ഞാൻ കരുതിയിരുന്നു).

കലികാലം എന്ന ദശയ്ക്കുള്ളിൽ ഭ്രമയുഗം എന്നൊരു അപഹാര മുണ്ടെന്നും

ചാത്തനിലൂടെ, അധികാരത്തിന്റെ മത്തുപിടിക്കുന്ന ലഹരിയിൽ വിരാജിക്കുന്ന എല്ലാ ശക്തികൾക്കും വരാവുന്ന അപഭ്രംശത്തെ പറ്റിയും കോരനിലൂടെ, ലൗകികതയുടെ ഭ്രമിപ്പിക്കുന്ന വഴിത്താരയിലേക്ക് എടുത്തു വയ്ക്കുന്ന ഓരോ കാൽപ്പാദങ്ങളും മൃത്യുവിലേക്കാണ് എന്ന് കാണിച്ചു തരുകയും

യക്ഷിയിലൂടെ, ഭോഗാത്മകതയുടെ ലഹരി വരച്ചു വച്ചതായും സിനിമയുടെ ആഴത്തിലേക്ക് ഇറങ്ങിച്ചെന്നാൽ തോന്നാം.

കൊറോണയ്ക്ക് ശേഷം ഒരു മലയാള സിനിമ നിറഞ്ഞ തീയേറ്ററിൽ ഇരുന്നു കണ്ടു ഇവിടെ അമേരിക്കയിൽ, എന്ന പ്രത്യേകതയും ഉണ്ട്.



സാമൂഹികപാഠം

അനിൽ പെണ്ണുക്കര

# ചാവുന്നോന്റെ നീതി കൊല്ലുന്നവൻ തീരുമാനിക്കും

പ്രിയപ്പെട്ട കാട്ടിലെ അമ്മയ്ക്ക്,

അമ്മ ആരെന്നോ അച്ഛനാരെന്നോ അറിയില്ല, അല്ലെങ്കിൽ ഓർമ്മയില്ല. അറിയുമെങ്കിൽ, ഓർക്കുമെങ്കിൽ, ഒരു മകന്റെ പ്രാണവേദനയായി, തീരാസങ്കടമായി കേട്ടുകൊള്ളുക. കാറ്റ് എന്റെ വിലാപം നിങ്ങളെ കേൾപ്പിക്കാതിരിക്കില്ല. കാട്ടാറുകൾ എന്റെ കണ്ണീർ പറയാതിരിക്കില്ല.

വലുതാകുന്നതുവരെ നിങ്ങളെന്നെ പാലിച്ചു. പിൻകാൽ നീട്ടി ഞാൻ കൂടെയുണ്ടോ എന്നറിഞ്ഞു കരുതലോടെ കൊണ്ടുനടന്നു. ജീവനത്തിന്റെ ബാലപാഠങ്ങൾ പറഞ്ഞുതന്നു. മോനേ, ഈ കാട് നമുക്കു മാത്രമുള്ളതല്ല. എല്ലാവർക്കുമുള്ളതാണ്. നമുക്കുമാത്രം ഒരവകാശം ഇവിടെയില്ല. എന്നാൽ തിന്നാനും കുടിക്കാനുമുള്ളതിൽ നിനക്കും അവകാശമുണ്ട്. അത് ഈ കാട് നമുക്കോരോരുത്തർക്കും തന്ന അവകാശമാണ്. നിനക്ക് തിന്നാൻ പറ്റുന്നതേ തിന്നാവൂ. കുടിക്കാൻ പറ്റുന്നതേ കുടിക്കാവൂ. വിശക്കുമ്പോഴേ തിന്നാവൂ, രക്ഷപ്പെടാനേ കൊല്ലാവൂ, വിശക്കുമ്പോഴേ കൊല്ലാവൂ എന്ന കാട്ടുനീതിപോലും ഇല്ലാത്തതാണെന്ന കഥകൾ പറഞ്ഞു തന്നു. ഞാനത് മറന്നുകളഞ്ഞു. മനുഷ്യരെ പേടിക്കണം. എന്നാൽ അവരിലും നല്ലവരുണ്ട്. കൈയിൽ മുള്ളുകൊണ്ട സിംഹത്തിനെ രക്ഷിച്ച നല്ല മനുഷ്യന്റെ കഥ. മൃഗങ്ങളോട് മനുഷ്യർ കാട്ടിയിട്ടുള്ള സ്നേഹവും ക്രൂരതകൾ....

കാട് കൈയേറി സ്വന്തമാക്കി നമ്മേ തുരത്തിയോടിച്ച കഥകൾ... മനുഷ്യർ നാം കാടിറങ്ങുമ്പോൾ ബഹളം വയ്ക്കുന്നു... അവർക്ക് പേടിയാണ്. കൈയേറിയതെന്തും തിരികെ ചോദിക്കുമോ എന്ന പേടി. ഉടമയ്ക്ക് തിരികെ കൊടുക്കേണ്ടി വരുമോ എന്ന മോഷ്ടാവിന്റെ ഭയം.

ഇറ്റുവെള്ളത്തിനും ആഹാരത്തിനുമായാണ് അമ്മേ, ഞാൻ അവർ നാടെന്നു പറയുന്ന നമ്മുടെ കാട്ടിൽ ചെന്നത്. ഒരുപാടുപേർ ആക്രമിച്ച മുറിവും വേദനയും ക്ഷീണവും ഉണ്ടായിരുന്നു. അവർ എന്നെ മനസ്സിലാക്കുമെന്ന് വിചാരിച്ചു. നമ്മുടെ രക്ഷകരെന്നു വിളിക്കുന്നവരും കൈയേറ്റക്കാരും ഒരുമിച്ചു. കൂട്ടത്തിൽ നമ്മുടെ കൂട്ടത്തിൽപ്പെട്ടവരും ഉണ്ടായിരുന്നു. അവർ രക്ഷിക്കുകയല്ല ചെയ്തത്. അവരുടെ പ്രഹരവും മനുഷ്യന്റെ വിഷവും എന്നെ കെടുത്തി. ഞാനൊന്നും ചെയ്തില്ല. ഒന്നും നശിപ്പിച്ചില്ല. ആരേയും നോവിച്ചില്ല.

പക്ഷെ, അക്രമം കാണിക്കുന്നവർക്കും പിടിച്ചുപറിക്കുന്നവർക്കും കള്ളനും അവർക്കു കഞ്ഞിവെക്കുന്നവർക്കുമേ മനുഷ്യരുടെ ഇടയിൽ സ്ഥാനമുള്ളൂ. മാനിക്കുന്നവരാണ്; നമുക്ക് മനുഷ്യർക്ക് വോട്ടുചെയ്യാൻ പറ്റില്ലല്ലോ. എങ്കിൽ നമുക്കാർക്കും ഈ ഗതികേട് വരില്ലായിരുന്നു.

എനിക്കവർ ആവളോം ഹേമം തന്നു. അവർ എനിക്കു പേരിട്ടു. തണ്ണീർക്കൊമ്പൻ... പക്ഷേ, തണ്ണിമാത്രം തന്നില്ല.

എന്നെ കൊന്ന് അവർ പേടിയകറ്റി. അവകാശം ചോദിച്ച് ഇനി ഞാൻ ചെല്ലില്ലല്ലോ. മനുഷ്യർ ഭീരുക്കളാണ്. ഒന്നും പറ്റില്ലമ്മേ.. നമുക്ക് നഷ്ടപ്പെട്ടത് നഷ്ടപ്പെട്ടതു തന്നെ. പിടിച്ചു പറിച്ചവൻ ഉടമയും ഉടമ കവർച്ചക്കാരനുമാണ്. നമ്മുടെ കാട്ടിൽപോലും ഇല്ല ഈ നിയമം. നാം ഉടമകളല്ല. ആക്രമണകാരികളും പിടിച്ചുപറിക്കാനും വരുന്നവരാണ്. നമുക്കു നീതിയില്ല. നിയമമില്ല. കൊല്ലുന്നവൻ പറയും ചത്തവന്റെ വിധി. നാളെ എന്റെ ഉടൽ കീറിമുറിക്കും. ആത്മഹത്യ എന്ന് പ്രഖ്യാപിക്കും. പ്രേമനൈരാശ്യം എന്ന് പറയും. നാട്ടിലേക്കു വരരുത്. പട്ടിണികിടന്നു ചത്തോണം. അല്ലെങ്കിൽ ദുർമരണം... അമ്മേ ഈ ശ്വാസം കാട്ടിലെങ്ങും അലയടിച്ചു നടക്കുമെന്ന് വിചാരിക്കുന്നു. എന്ന് കാടേറിയവർ വിളിക്കുന്ന തണ്ണീർക്കൊമ്പൻ; കൊന്നശേഷം കണ്ണീർക്കൊമ്പൻ. ഭാഷയ്ക്ക് പഞ്ഞമില്ലാത്തവർ ലൈവിൽ പറയുന്നു. അമ്മേ കൂട്ടം പിരിയരുത് എന്ന ഉപദേശത്തിന് ഇങ്ങനെയൊരു വലിയ ദുരനുഭവമുണ്ടെന്ന് പറഞ്ഞില്ലല്ലോ. ഭഗവാനും അങ്ങനെയായിരുന്നല്ലോ. പൂർണ്ണമാക്കിയിരുന്നെങ്കിൽ അഭിമന്യു രക്ഷപ്പെടുമായിരുന്നു.

## സാമൂഹികപാഠം:

ചാവുന്നോന്റെ നീതി കൊല്ലുന്നവൻ തീരുമാനിക്കും. അതിന് ചിലപ്പോഴെക്കെ പോസ്റ്റുമോർട്ടം എന്നും പറയും.

# കരുണയുടെ കരസ്പർശമായി വൈസ്മെൻ ഇന്റർനാഷണൽ നോർത്ത് അറ്റ്ലാന്റിക് റീജിയൺ





ഫീച്ചർ



നിഷ ജൂഡ്, ന്യൂയോർക്ക്

കൽക്കട്ട നഗരത്തിൽ പ്ലേഗ് പടർന്നു പിടിച്ചു ജനങ്ങൾ മരിച്ചുവീഴുമ്പോൾ പ്രാണരക്ഷാർത്ഥം അവിടെ നിന്ന് പാലായനം ചെയ്യുന്ന കാര്യത്തിൽ ജഗ്മോഹൻ ഹരിമോഹൻ സഹോദരങ്ങളുടെ തികച്ചും വ്യത്യസ്ഥമായ ചിന്തയും തീരുമാനങ്ങളും രവീന്ദ്രനാഥ് ടാഗോറിന്റെ 'ചതുരംഗ' വായിച്ചിട്ടുള്ളവർ ആരും മറക്കില്ലല്ലോ!

തന്നേക്കാൾ ദുർബലരായ പാവപ്പെട്ട മനുഷ്യർ മരിച്ചു വീഴുമ്പോൾ കണ്ണടച്ച് ഇരുട്ടാക്കി സ്വയം രക്ഷയ്ക്കായി നഗരം വിടാൻ ജഗ്മോഹന് ആകുന്നില്ല. അതേസമയം സ്വാർത്ഥനായ ഹരിമോഹൻ സ്വന്തം സഹോദരനെ പോലും ഉപേക്ഷിച്ചു സ്വയം രക്ഷ തേടുന്നു. കോവിഡ് കാലം മുതൽ ഇങ്ങോട്ട് ഇന്നലെ വരെയുള്ള ദിവസങ്ങളിൽ കോവിഡിന്റെ ലോങ്ങ് ടെം എഫെക്ട് മുതൽ കോവിഡ് വാക്സിന്റെ പാർശ്വഫലങ്ങൾ കൊണ്ട് വരെ പലതരം ദുരിതങ്ങളിലൂടെ കടന്നുപോകുന്ന ഒരു വലിയ സമൂഹം നമുക്കൊക്കെ ചുറ്റിനും ഉണ്ട്. അവരെയും അവരുടെ ദുരിതങ്ങളെയും കാണാത്തതു പോലെ സ്വന്തം കാര്യം നോക്കി സ്വന്തം കംഫർട്ട് സോണിൽ ജീവിക്കണോ അതോ ഒരു കൈ നീട്ടി മുങ്ങി താഴുന്ന അവരെക്കൂടി പിടിച്ചു ഉയർത്തണോ എന്ന് ആണ് നമ്മുടെ മുന്നിലുള്ള ഒരേയൊരു ചോദ്യം.

വൈസ് മെൻ ഇന്റർനാഷണൽ നോർത്ത് അറ്റ്ലാന്റിക് റീജിയണിന്റെ ക്രിസ്തുമസ് എഡിഷൻ ബുള്ളറ്റിനിൽ മുൻ റീജിണൽ ഡയറക്ടർ ഡോക്ടർ അലക്സ് മാത്യു തന്റെ സന്ദേശത്തിൽ പറയുന്ന ഇതേ ചോദ്യത്തിന് ഉത്തരം ആണ് വൈസ് മെൻ ഇന്റർനാഷണലിന്റെ പ്രവർത്തനങ്ങളും.

ഈ കഴിഞ്ഞ വർഷത്തെ ഓരോ ക്ലബ്ബിന്റെയും സാമൂഹ്യക്ഷേമ സേവനങ്ങൾ ന്യൂയോർക്കിലും ന്യൂജേഴ്സിയിലും നിരാലംബരായ മനുഷ്യർക്ക് കൈത്താങ്ങ് ആയതും ഭവന നിർമ്മാണത്തിന് ആളും അർത്ഥവും നൽകി ചേർത്ത് പിടിച്ചതും മാത്രമല്ല, കുടിയിറക്കപ്പെട്ട മണിപ്പൂരിലെ മനുഷ്യർക്ക് ഉള്ള സഹായം ആയും കേരളത്തിലെ ഒരുപാട് ഒരുപാട് മനുഷ്യരുടെ ചികിത്സാ ചിലവുകൾ ആയും അതെല്ലാം തെളിഞ്ഞു നിൽക്കുന്നു.

സംഘടനയ്ക്ക് പ്രകൃതിയോടും ഉള്ള ഉത്തരവാദിത്വം വെളിവാക്കുന്നതായിരുന്നു ഏപ്രിലിലെ ബ്രോൺസ് റിവർ റിസർവേഷൻ മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങൾ. 'Y's Men' എന്ന് പേരുള്ള ഒരു സംഘടനയിൽ പുരുഷന്മാരെ പോലെ



തന്നെ തുല്യരാണ് സ്ത്രീകളും എന്ന് ഇന്റർനാഷണൽ വിമൻസ് ഡേ ആഘോഷങ്ങളുടെ ഭാഗമായി നടത്തിയ സിമ്പോസിയത്തിൽ സമൂഹത്തിൽ സ്ത്രീകൾ ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, ഗാർഹിക പീഡനങ്ങൾ, ലൈംഗിക അതിക്രമങ്ങൾ എന്നിവ ചർച്ച ചെയ്തതോടൊപ്പം UNന്റെ ഈ വർഷത്തെ തീം ആയ 'Digit All: Innovation and Technology for gender equality' ഓർമ്മപ്പെടുത്തൽ കൂടി നടത്തിയത് സംഘടനയുടെ പ്രവർത്തനങ്ങൾക്ക് ഒരു പൊൻതൂവൽ ആയി.



# നിശീഥിനി

കവിത



ശ്രീജ വി. എസ്.

നിദ്രതൻ ദേവി ചന്ദ്രപ്രഭ
ചൊരിയുമ്പോൾ
യാത്ര തുടരുന്നു മനതാരിൻ
അകകാമ്പിൽ മാനവരെല്ലാം.
ഏകാന്തതയും
പിന്നിലോട്ടോടിയ ചിന്തകളും
സംവാദസൂക്തം നടത്തുന്നു.
ജനൽപ്പാളിയിലൂടെ ഇളം തെന്നൽ
ഗുരുവായൂരപ്പന്റെ
രാമച്ച വിശറിയാകുന്നു.
മുറ്റത്തെ മാവിലകൾ ഇളംകാറ്റിനോട്
സ്വകാര്യങ്ങൾ പറഞ്ഞും കേട്ടും
കുണുങ്ങി കുണുങ്ങി ചിരിക്കുന്നു.
പരിഭവങ്ങളും വിഷാദങ്ങളും
ഓർമ്മകളായി പരിലസിക്കുന്നു.
നിശാചർമ്മം നിവൃതമാകുന്നു...

# 'ഹെവൻ' ഷോർട്ട് മൂവി റീൽസ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ അവാർഡ് നേടി

ജോമി ജോസ് കൈപ്പാറേട്ട് കഥയെഴുതി സംവിധാനം ചെയ്ത ഹെവൻ എന്ന ഷോർട്ട് മൂവി റീൽസ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ ബെസ്റ്റ് മലയാളം ഫിലിം ആയി തെരഞ്ഞെടുക്കപ്പെട്ടു. വിവിധ രാജ്യങ്ങളിൽ നിന്നുള്ള എഴുനൂറിനു മുകളിൽ എൻട്രികളിൽ നിന്നുമാണ് ഹെവൻ ഷോർട്ട് മൂവി അവാർഡിന് അർഹമായത്. ഫെബ്രുവരി 18-ന് മഹാരാഷ്ട്രയിലെ ഔറംഗബാദിൽ നടന്ന ഫെസ്റ്റിവലിൽ ജോമി കൈപ്പാറേട്ടും ഹെവൻ ഷോർട്ട് മൂവിയുടെ നിർമ്മാതാക്കളിൽ ഒരാളും പ്രധാന കഥാപാത്രവുമായ റോബിൻ സ്റ്റീഫൻ പുത്തൻമണ്ണത്തും ചേർന്ന് ഫിലിം ഫെസ്റ്റിവൽ ഡയറക്ടർ ലക്ഷ്മി ബാബയിൽ നിന്നും അവാർഡ് ഏറ്റുവാങ്ങി.






നിരവധി ഹ്രസ്വചിത്രങ്ങൾക്ക് കഥയെഴുതി സംവിധാനം ചെയ്യുകയും ഫിലിം ഫെസ്റ്റിവലുകളിൽ അവാർഡുകൾ നേടുകയും ചെയ്ത ജോമി ജോസ് കൈപ്പാറേട്ടിന്റെ ഏറ്റവും പുതിയ ഷോർട്ട് മൂവിയാണ് ഹെവൻ. രണ്ടാഴ്ചകൊണ്ട് ഒരു ലക്ഷത്തിൽ കൂടുതൽ ആളുകളാണ് എളൂർ എന്ന യൂട്യൂബ് ചാനലിലൂടെ ഈ ഹ്രസ്വചിത്രം കണ്ടിരുന്നത്. ചിത്രത്തിലെ 'നിന്നോടകലുമ്പോൾ' എന്ന വീഡിയോ ഗാനം ഇതിനോടകം യൂട്യൂബിൽ വയറലായി കഴിഞ്ഞു.

വിദേശത്തു താമസിക്കുന്ന മക്കളും നാട്ടിൽ ഒറ്റയ്ക്കു താമസിക്കുന്ന അവരുടെ മാതാപിതാക്കളും നിർബന്ധമായും കണ്ടിരിക്കേണ്ട ഷോർട്ട് മൂവി. ജീവിത പ്രാരാബ്ധങ്ങൾക്കിടയിൽ മക്കൾ പ്രവാസിയാകേണ്ടി വരുമ്പോൾ ഒറ്റപ്പെട്ടു പോകുന്ന മാതാപിതാക്കളുടെ ജീവിതവും മക്കളുടെ മാനസികാവസ്ഥയും യഥാർത്ഥത്തിൽ നടന്ന ഒരു സംഭവവുമായി ബന്ധപ്പെടുത്തിക്കൊണ്ട് തയ്യാറാക്കിയ ഹ്രസ്വചിത്രമാണ് ഹെവൻ. സ്റ്റാർ മാജിക്കിലൂടെ ശ്രദ്ധേയയായ ഐശ്വര്യ രാജീവ്, സിനിമാതാരങ്ങളായ ജെയിൻ കെ. പോൾ, എൽദോ രാജു, സ്റ്റീഫൻ ചെട്ടിക്കൻ എന്നിവരോടൊപ്പം റോബിൻ സ്റ്റീഫൻ പുത്തൻമാനത്ത്, ജോസ് കൈപ്പാറേട്ട്, മോളി പയസ്, രാജീവ് വി.ആർ, സ്വരാജ് സോമൻ തുടങ്ങിയവരും അഭിനയിച്ചിട്ടുണ്ട്.

നേഴ്സിങ്ങാണ് പ്രൊഫഷനെങ്കിലും ജോമിയുടെ സംവിധാന മികവിൽ പിറന്ന നിരവധി ഹ്രസ്വചിത്രങ്ങൾ ഇതിനോടകം ശ്രദ്ധിക്കപ്പെട്ടുകഴിഞ്ഞു. കൊച്ചിൻ ഇന്റർനാഷണൽ ഷോർട്ട് ഫിലിം അവാർഡ്, ഇന്ത്യൻ ഇന്റർനാഷണൽ ഷോർട്ട് ഫിലിം അവാർഡ്, കെസിവൈഎം ജനപ്രിയ ഷോർട്ട് ഫിലിം പുരസ്കാരം, ഐഎച്ച്എൻഎ ഓസ്ട്രേലിയ 2023 അവാർഡ്, ഇന്ത്യൻ ഫിലിം ഹൗസിന്റെ 2023-ലെ മികച്ച സംവിധായകനും കഥയ്ക്കുമുള്ള അവാർഡ് തുടങ്ങിയ പുരസ്കാരങ്ങൾ ഇതിനോടകം ജോമി ജോസ് കൈപ്പാറേട്ട് നേടിയിട്ടുണ്ട്.

യൂട്യൂബിൽ ഇതിനോടകം ശ്രദ്ധേയമായിരിക്കുന്ന നിന്നോടകലുമ്പോൾ എന്ന ഗാനം രചിച്ചിരിക്കുന്നത് ടെസ്സ ഡേവിസാണ്. ഐഡിയ സ്റ്റാർ സിംഗർ സീസൺ 6-ലെ ഫൈനലിസ്റ്റായിരുന്ന നന്ദുകിഷോർ ബാബുവാണ് ഗാനത്തിന് സംഗീതം ഒരുക്കിയിരിക്കുന്നത്. ജോയൽ വി ജോയി ആണ് ഈ മനോഹരഗാനം ആലപിച്ചിരിക്കുന്നത്.

എളൂർ മീഡിയായുടെ ബാനറിൽ സ്റ്റഡി സ്പാരോ ഗ്ലോബൽ എഡ്യൂക്കേഷന്റെ സഹകരണത്തോടെ റോബിൻ സ്റ്റീഫൻ പുത്തൻമാനത്ത്, ജോൺ മുളയങ്കൽ ആൻഡ് അജോ മാനംമൂട്ടിൽ എന്നിവർ ചേർന്നാണ് ഹെവൻ നിർമ്മിച്ചിരിക്കുന്നത്.

ബ്ലെസ്സൺ ചാക്കോ മുപ്രാപ്പള്ളിൽ ആൻഡ് സ്റ്റീഫൻ ജോസ് തേക്കിലക്കാട്ട് എന്നിവരാണ് ലൈൻ പ്രൊഡ്യൂസേഴ്സ്.

ക്യാമറ ആൻഡ് എഡിറ്റിംഗ്-സോബി എഡിറ്റ്ലൈൻ, ആശയം-ആൽബിൻ നടുവീട്ടിൽ, മ്യൂസിക്-അനിറ്റ് ജോയി, ഡബ്ബിംഗ്-ഗീതം ഡിജിറ്റൽ സ്റ്റുഡിയോ, ബിബീ ഓഡിയോ ലാബ്, ഡിഡിഎം സ്റ്റുഡിയോ, എഫ്ക്ട്സ് ആൻഡ് മാസ്റ്ററിങ്-മണികണ്ഠൻ എസ്, സഹസംവിധായകർ-സ്വരാജ് സോമൻ ആൻഡ് ജോബിൻ നീജോസ്, ആർട്ട് -ആൽബിൻ കെ സജി, ജെറിൻ ജോസ് ആൻഡ് അജോഷ് കെ. ടോം, മേക്കപ്പ്-അരുൺ വെള്ളിക്കോത്ത്, ഹെലികോം-അജിത് വി.ആർ, പിആർഒ സ്റ്റീഫൻ ചെട്ടിക്കൻ.

ജോമി ജോസ് കൈപ്പാറേട്ടിന് എല്ലാവിധ ആശംസകളും അഭിനന്ദനങ്ങളും അറിയിക്കുന്നു.

# ജോൺ പാട്ടപ്പതി ഫോമാ കൺവൻഷൻ വൈസ് ചെയർമാൻ

ചിക്കാഗോ: ഫോമയുടെ അന്തർദ്ദേശീയ കൺവൻഷൻ ഓഗസ്റ്റ് 8, 9, 10, 11 തീയതികളിലായി ഡൊമിനിക്കൻ റിപ്പബ്ലിക്കിലെ ലോകപ്രശസ്ത ഫൈവ് സ്റ്റാർ ഹോട്ടൽ പുന്റാകാനയിൽ വെച്ച് നടത്തുന്നതാണ്. കേരളത്തിൽ നിന്നും അമേരിക്കയിൽ നിന്നും വിവിധ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ നേതാക്കൾ പങ്കെടുക്കുന്ന പ്രസ്തുത കൺവൻഷന്റെ നാഷണൽ വൈസ് ചെയർമാനായി ചിക്കാഗോയിൽ നിന്നും ജോൺ പാട്ടപ്പതിയെ തെരഞ്ഞെടുത്തതായി പ്രസിഡണ്ട് ഡോ. ജേക്കബ് തോമസ്, സെക്രട്ടറി ഓജസ് ജോൺ, ട്രഷറർ ബിജു തോണിക്കടവിൽ, വൈസ്പ്രസിഡണ്ട് സണ്ണി വള്ളിക്കളം, ജോ. സെക്രട്ടറി ഡോ. ജെയ്മോൾ ശ്രീധർ, ജോ. ട്രഷറർ ജെയിംസ് ജോർജ്, ഫോമ കൺവൻഷൻ ചെയർമാൻ തോമസ് സാമുവൽ എന്നിവർ ഒരു സംയുക്ത പ്രസ്താവനയിൽ അറിയിക്കുകയുണ്ടായി.

**ജോഷി വള്ളിക്കളം**


ജോൺ പാട്ടപ്പതി 2018-20 കാലഘട്ടത്തിൽ സെൻട്രൽ റീജിയൻ ആർവിപി ആയിരുന്നപ്പോൾ ഏറ്റവും നല്ല പ്രവർത്തനത്തിനുള്ള സെൻട്രൽ റീജിയനുള്ള അവാർഡ് അന്നത്തെ ഫോമ നാഷണൽ പ്രസിഡണ്ട് അനിയൻ ജോർജിൽ നിന്നും കരസ്ഥമാക്കുകയുണ്ടായി. മാത്രമല്ല, ജോൺ പാട്ടപ്പതി നാഷണൽ കമ്മിറ്റിയംഗം, സെൻട്രൽ റീജിയൻ ട്രഷറർ, മിഡ്വെസ്റ്റ് മലയാളി അസോസിയേഷൻ പ്രസിഡണ്ട്, കെ.സി.എസ് വൈസ് പ്രസിഡണ്ട്, സെന്റ് മേരീസ് ക്നാനായ ചർച്ചിന്റെ ട്രഷറർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ളതുമാണ്.



ഒരു കാര്യം ഏറ്റെടുത്താൽ വളരെ ചുറുചുറുക്കോടെയും ആത്മാർത്ഥമായും കാര്യപ്രാപ്തിയോടെയും പ്രവർത്തിച്ച് അതു വിജയിപ്പിക്കുകയും ചെയ്യുന്ന ജോൺ പാട്ടപ്പതി ഫോമ നാഷണൽ കൺവൻഷനും വിജയിപ്പിക്കും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ലെന്ന് ഫോമ നാഷണൽ എക്സിക്യൂട്ടീവ് അംഗങ്ങൾ പറയുകയുണ്ടായി. അദ്ദേഹത്തിനു വേണ്ട എല്ലാ സഹകരണവും നല്കണമെന്ന് അവർ അഭ്യർത്ഥിക്കുകയും ചെയ്തു.

# ഓർമ്മയിലെന്നും

താതാ നീ എൻ മനസ്സിനുള്ളിൽ
മായാത്ത ഓർമ്മയാണെന്നും
കൈയ്ക്കുള്ളിലും തോളിലുമിട്ടെന്നെ വളർത്തി
പിന്നെ കൈപിടിച്ചെന്നെ നടത്തി
ചന്ദ്രനെ കാണിച്ചു പാട്ടുകൾ പാടി
ചങ്കത്തു കിടത്തിയെന്നെ ഉറക്കി
നാടിന്റെയും കാടിന്റെയും കഥകൾ പറഞ്ഞു
നാടാകെ എന്നെ കാട്ടിത്തന്നു
ജീവിതയാത്രയിൽ താങ്ങായ് തണലായ്
കൈകോർത്തെന്നോട് കൂടെനിന്നു
പിന്നെയാ കൈകൾ അകന്നുപോയി
എന്നേയ്ക്കുമായി മറഞ്ഞുപോയി
ഓർമ്മയിൽ വിടരും തേങ്ങലായി തീരും
പിന്നെ കണ്ണുനീരായി മാറും
താതാ നീ എൻ മനസ്സിനുള്ളിൽ
മായാത്ത ഓർമ്മയാണെന്നും



**ജോയി ഇണ്ടിക്കുഴി**

# നുകംവെച്ച കാളകൾ

രാജു മൈലപ്ര

വണ്ട്, ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ തെരഞ്ഞെടുപ്പ് ചിഹ്നം 'നുകംവെച്ച കാള' ആയിരുന്നു. കാലചക്രം തിരിഞ്ഞപ്പോൾ അത് കറങ്ങി ത്തിരിഞ്ഞ് 'കൈപ്പത്തി'യിൽ എത്തി നിൽക്കുന്നു.

എന്റെ എളിയ അഭിപ്രായത്തിൽ, ഈ വരുന്ന ലോകസഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസിന് മത്സരിക്കുവാൻ പറ്റിയ ചിഹ്നം ഈ പഴയ നുകംവെച്ച കാള തന്നെയായിരിക്കും. അതിൽ കാളകൾക്കു പകരം പ്രതിപക്ഷ നേതാവിന്റെയും കേരളത്തിലെ കോൺഗ്രസ് പ്രസിഡണ്ടിന്റെയും ചിത്രങ്ങൾ വരച്ചു ചേർക്കാം.

ചിലതൊക്കെ കാണുമ്പോൾ എങ്ങനെയാണ് പ്രതികരിക്കാതിരിക്കുന്നത്? അത്തരം കോപ്രായങ്ങളാണല്ലോ ഈ മഹാന്മാർ രണ്ടുംകൂടി പത്രക്കാരുടെ മുന്നിൽ 'ലൈവ്' ആയി കാണിച്ചുകൊണ്ടിരിക്കുന്നത്. ചാണ്ടി ഉമ്മന്റെ വിജയാഘോഷ വേളയിലാണ് നമ്മൾ ഇത് ആദ്യം കാണുന്നത്.

'ആരാദ്യം പറയും, ആരാദ്യം പറയും.

പറയാതിനി വയ്യ, പറയാനും വയ്യ...' എന്ന പാട്ടിന്റെ അകമ്പടിയോടെ ടെലിവിഷൻ മൈക്രോഫോണുകൾക്കു വേണ്ടിയുള്ള നാണംകെട്ട വടംവലി.

ഈ കഴിഞ്ഞദിവസം നടത്തിയ പത്രസമ്മേളനത്തിലാണ് പ്രേക്ഷകരുടെ ആവശ്യപ്രകാരം ഈ നാടകം വീണ്ടും അരങ്ങേറിയത്. സതീശൻ സമയത്ത് പരിപാടിക്ക് എത്താതിരുന്നത് സുധാകർജിയെ ചൊടിപ്പിച്ചു.

"ആ മൈ....ൻ എവിടെപ്പോയി കിടക്കുവാ?" എന്ന് അദ്ദേഹത്തിന്റെ തിരുവായ് മൊഴിഞ്ഞത് പത്രക്കാർ ഒപ്പിയെടുത്തു. ഇതു കണ്ടറിഞ്ഞ സതീശൻജീ കത്തിജ്വലിച്ചു. തീയണയ്ക്കാൻ ഹൈക്കമാൻഡ് ഇടപെട്ടു. രാഹുൽജിയെ ഉപദേശിച്ച് ഉപദേശിച്ച് ഒരു വഴിയിലാക്കിയ വേണുനാദം ഉണർന്നു. രണ്ടുപേരും കെട്ടിപ്പിടിച്ച് പൊട്ടിക്കരഞ്ഞ്, പരസ്പരം ഉമ്മകൊടുത്ത് പത്രക്കാരുടെ മുന്നിൽനിന്നു പരസ്യമായി പറയണം.

"ഞങ്ങൾ ജ്യേഷ്ഠാനുജന്മാരെപ്പോലെയാണെന്ന്."

"അതൊക്കെ സുധാകരൻ ചേട്ടന്റെ ഒരു തമാശയാണെന്ന്" സതീശൻ പറഞ്ഞു.

"അവനെന്റെ സ്വന്തം അനിയനെപ്പോലെയാണെന്ന്" സുധാകർജിയും തട്ടിവിട്ടു.

സീറ്റുവിഭജനം വരുമ്പോൾ, സ്വത്തു തർക്കത്തിൽ ഏർപ്പെടുന്ന ജ്യേഷ്ഠാനുജന്മാരെപ്പോലെ പരസ്പരം കത്തിക്കുത്തു നടത്താതിരുന്നാൽ നല്ലത്.

ഭരണമുന്നണി നല്ല ഒന്നാന്തരം കിടിലോൽക്കിടിലം സ്ഥാനാർത്ഥികളെ രംഗത്തിറക്കി കഴിഞ്ഞിട്ടും പ്രതിപക്ഷത്തിന്റെ സീറ്റുവിഭജനം കീറാമുട്ടിയായിത്തന്നെ തുടരുന്നു.

കൊല്ലത്തു പ്രേമചന്ദ്രൻ തന്നെയാണ് സ്ഥാനാർത്ഥി. പാർലമെന്റിൽ മികച്ച പ്രകടനം കാഴ്ചവെക്കുന്ന ഒരു മെംബറാണ് ബഹുമാനപ്പെട്ട പ്രേമചന്ദ്രൻ. അതുകൊണ്ടാണല്ലോ പ്രധാനമന്ത്രിയുടെ സർപ്രൈസ് വിരുന്നിൽ, പ്രത്യേക ക്ഷണിതാവായി പങ്കെടുത്ത് പാനീപൂരിയും പനീർമട്ടറും മുക്കുമുട്ടെ ഭക്ഷിപ്പാനും പാനം ചെയ്യുവാനും അദ്ദേഹത്തിന് അവസരം കിട്ടിയത്.

പ്രേമചന്ദ്രന്റെ എതിരാളിയായി നടൻ മുകേഷിനു പകരം വാഴക്കുല ഡോക്ടർ ചിന്താ ജെറോമിനെ നിർത്തുന്നതായിരുന്നു നല്ലത്. എങ്ങാനും ജയിച്ചുവന്നാൽ പാർലമെന്റിൽ പോയി "Actually what is politics? Politics is the art of changing the impossible things of today to the possible things of tomorrow. Romantic poets Kely and Shelly died youth. So youth can do it."



ലേഖകൻ

ഇത്തരത്തിലുള്ള ഉഗ്രൻ ഇംഗ്ലീഷ് ഡയലോഗുകൾ കാച്ചി ബി.ജെ.പിക്കാരുടെ കണ്ണുതള്ളിച്ചേനേ, ചിന്താ മാഡം.

കേരളത്തിൽ നിന്നും സൂപ്പർ സ്റ്റാർ സുരേഷ് ഗോപി ഒഴികെ മറ്റാരും തന്നെ ജയിച്ചു കേന്ദ്രത്തിൽ പോയാലും വലിയ ഗുണമൊന്നുമില്ല. ഗോപി കൊച്ചാട്ടൻ ജയിച്ചാൽ കാബിനറ്റു റാങ്കു പദവിയുള്ള ഒരു കേന്ദ്രമന്ത്രിയെ കേരളത്തിനു കിട്ടും. സംസാരിക്കുമ്പോൾ ബലം പിടിച്ച് ചില 'പ്രത്യേക ആക്ഷൻ' കാണിക്കുമെങ്കിലും ആളൊരു ശുദ്ധഗതിക്കാരൻ ആണെന്നു തോന്നുന്നു.

കോൺഗ്രസിന്റെ നേതാക്കന്മാരുടെ നേതാവായ രാഹുൽമോൻ, 'ഭാരത് ജോഡോ യാത്ര'യ്ക്കുശേഷം 'ഭാരത് ജോഡോ നവയാത്ര'യുമായി തെക്കുവടക്കു നടക്കുകയാണ്. ആദ്യത്തെ യാത്ര കഴിഞ്ഞപ്പോൾ കൈയിലിരുന്ന നാല് സംസ്ഥാനങ്ങളുടെ ഭരണം പോയിക്കിട്ടി.

കേരളത്തിലെ കോൺഗ്രസുകാരും 'സമരാഗ്നി' എന്ന പേരിൽ യാത്ര നടത്തുന്നുണ്ട്. നേതാക്കന്മാരുടെ തമ്മിലടി ഒഴിച്ചാൽ അഗ്നിക്കു വേണ്ടത്ര ചൂടില്ല.

ബിജെപിക്കാരു രണ്ടു ദിവസംകൊണ്ട് കേരളത്തിനുടനീളം നടത്തിയ പദയാത്രയിൽ

'അഴിമതിക്കു പേരു കേട്ട കേന്ദ്രഭരണം

ഇന്നു തച്ചുടക്കുവാനായി നിരക്കു കൂട്ടരെ..' എന്ന ഗാനം ആലപിച്ച് ഗപ്പടിച്ചു.

ആരെന്തു പറഞ്ഞാലും ഭരണമുന്നണി നടത്തിയ 'കേരള നവയാത്രയ്ക്ക്' ഒരു ഗും ഉണ്ടായിരുന്നു. ടോയ്‌ലെറ്റും ലിഫ്റ്റും ഘടിപ്പിച്ച സൂപ്പർസോണിക് ലക്ഷ്വറി കോച്ച് . അതു നിറയെ കോമാളിത്തൊപ്പി ധരിച്ച മന്ത്രി പുംഗവന്മാർ. അവർക്കു കൊറിക്കാൻ അണ്ടിപ്പരിപ്പും കുടിക്കുവാൻ നാരീ പാനിയും. പൗരപ്രമുഖരോടൊപ്പം അടിപൊളി പ്രഭാതഭക്ഷണം. വഴിനീളെ വരാലുകറിയും മട്ടൺ മപ്പാസുമുൾപ്പെട്ട വിശിഷ്ട ഭോജ്യങ്ങൾ. കരിങ്കൊടി കാണിച്ച കോൺഗ്രസ് കുഞ്ഞുങ്ങളുടെ തലമണ്ട അടിച്ചു പൊട്ടിച്ച രക്ഷാപ്രവർത്തനം എന്ന പുതിയ കലാപ്രകടനം. ആകെപ്പാടെ കണ്ടിരിക്കാൻ ഒരു ഓളമുണ്ടായിരുന്നു.

കോൺഗ്രസിന്റെ ഇന്നത്തെ ഒരു ഗതിയും പരഗതിയുമില്ലാത്ത പോക്കു കാണുമ്പോൾ, പിണറായി വിജയൻ തന്നെ വീണ്ടും അധികാരത്തിലെത്താനാണ് സാധ്യത. ഉപതെരഞ്ഞെടുപ്പു ഫലങ്ങൾ അതാണല്ലോ കാണിക്കുന്നത്.

വീണാ വിജയൻ ഉടൻ അറസ്റ്റിലാകുമെന്നും പിണറായി വിജയൻ ജയിലിലാകുമെന്നും മറ്റും മറുനാടനെപ്പോലെയുള്ളവർ വിളിച്ചു പറയുന്നതു കേട്ട് ആരും മനപ്പായസമുണ്ണണ്ടാ, ആരോപണങ്ങളെല്ലാം ഒരു അഡ്ജെസ്റ്റ്മെന്റിൽ അലിഞ്ഞില്ലാതാകും. അതാണല്ലോ പതിവ്.

രാഷ്ട്രീയത്തിലിറങ്ങുന്നത് പത്ത് പുത്തൻ ഉണ്ടാക്കാനല്ലേ? അല്ലാതെ പുണ്യം കിട്ടാനൊന്നുമല്ലല്ലോ!

കാശുണ്ടാക്കിയവർ മിടുക്കന്മാർ!

അല്ലാത്തവർ മരമണ്ടന്മാർ!!!

## സാഹിത്യവേദി മാർച്ച് 1-ന്

ചിക്കാഗോ: സാഹിത്യവേദിയുടെ അടുത്ത സമ്മേളനം മാർച്ച് 1-ന് വെള്ളിയാഴ്ച ചിക്കാഗോ സമയം വൈകുന്നേരം 7.30-ന് സൂം വെബ് കോൺഫറൻസ് വഴിയായി കൂടുന്നതാണ്. (Zoom Meeting Link:https://us02web.zoom.us/j/81475259178. Passcode: 2990. Meeting ID: 814 7525 9178). വള്ളുവനാടിന്റെ പ്രിയ കഥാകാരൻ നന്തനാർ ഓർമ്മയായിട്ട് 50 വർഷം കഴിയുന്നു. തലമുറകൾ പലതും പിന്നിട്ടിട്ടും അദ്ദേഹത്തിന്റെ രചനകൾ ഇന്നും നന്നായി വായിക്കപ്പെടുന്നു.



ഭാഷയിലെ മികച്ച ബാലസാഹിത്യ കൃതി എന്ന് വിശേഷിപ്പിക്കപ്പെടുന്ന നന്തനാരുടെ 'ഉണ്ണിക്കുട്ടന്റെ ലോകം' വായിക്കാത്ത മലയാളികളുണ്ടാകില്ല. ഉപജീവനം തേടി പട്ടാളത്തിൽ ചേർന്ന അദ്ദേഹം യുദ്ധത്തിന്റെയും വിഭജനത്തിന്റെയും മുറിവുകളും ബാരക്കിനുള്ളിലെ വീർപ്പുമുട്ടിക്കുന്ന അനുഭവങ്ങളും എഴുതി. അങ്ങനെ പട്ടാളക്കഥകൾ എന്ന് മലയാളിക്ക് അപരിചിതമായ ഒരു സാഹിത്യ ശാഖയും ഭാഷയിൽ ഉടലെടുക്കുകയുണ്ടായി. എഴുത്തിലെ ലാളിത്യവും സൗകുമാര്യവും ജീവിതത്തോടു ചേർന്നു നിൽക്കുന്ന കഥാസന്ദർഭങ്ങളും അദ്ദേഹത്തെ വായനക്കാരുടെ ഇഷ്ടകഥാകാരനാക്കി മാറ്റി.

ജീവിത കാലഘട്ടം-1926-1974. 'ആത്മാവിന്റെ നോവുകൾ' എന്ന നോവലിന് 1964-ലെ കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. സഹധർമ്മിണി ശ്രീമതി പി. രാധ കഴിഞ്ഞ ജനുവരിയിൽ തൊണ്ണൂറാം വയസ്സിൽ നിര്യാതയായി. മൂന്ന് മക്കൾ. മൂത്ത മകൻ സുധാകരൻ കുറ്റിപ്പുറത്തുള്ള കെൽട്രോണിൽ നിന്ന് വിരമിച്ചു. അദ്ദേഹത്തിന്റെ പിതാവിന്റെ വേർപാടിന്റെ അരനൂറ്റാണ്ട് തികയുന്ന സന്ദർഭത്തിൽ നന്തനാരുടെ കൃതികളെപ്പറ്റിയും അച്ഛനെപ്പറ്റിയുള്ള ഓർമ്മകളും സാഹിത്യവേദിയിൽ പങ്കുവെക്കുന്നു.

ഫെബ്രുവരി മാസത്തിലെ സാഹിത്യവേദിയിൽ എം.പി. സേതുമാധവൻ പങ്കുവെച്ച ജീവിതാനുഭവങ്ങൾ സാഹിത്യവേദി അംഗങ്ങൾ ഏറെ ആസ്വദിച്ചു. എല്ലാ സാഹിത്യസ്നേഹികളേയും മാർച്ച് മാസ സാഹിത്യവേദിയിലേക്ക് സഹർഷം സ്വാഗതം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക്: സുധാകരൻ +91 98950 58324, പ്രസന്നൻപിള്ള 630 935 2990, ജോൺ ഇലക്കാട് 773 282 4955.

## നോർത്തമേരിക്ക മാർത്തോമ്മാ സഭാ ഭദ്രാസന ദിനാചരണം മാർച്ച് 3-ന്

പി.പി. ചെറിയാൻ

ന്യൂയോർക്ക്: നോർത്തമേരിക്ക മാർത്തോമ്മാ സഭ ഭദ്രാസനം മാർച്ച് 3-ന് ഭദ്രാസന ദിനമായി ആചരിക്കുന്നു. മാർച്ച് മാസത്തിലെ ആദ്യഞായറാഴ്ചയാണ് എല്ലാവർഷവും ഭദ്രാസന ഞായറാഴ്ചയായി ആചരിക്കുന്നത്.

മാർത്തോമ്മാ സഭയുടെ നോർത്ത് അമേരിക്ക ഭദ്രാസനത്തിലെ അംഗങ്ങൾ എന്ന നിലയിൽ ഒരുമിച്ചുള്ള യാത്രയിൽ ലഭിച്ച ദൈവിക മാർഗനിർദേശങ്ങൾക്കും അനുഗ്രഹങ്ങൾക്കും സർവ്വശക്തനായ ദൈവത്തിന് നന്ദി പറയാനുള്ള അവസരമാണ് ഭദ്രാസന ഞായർ. ലോകത്തിന്റെ ഈ ഭാഗത്ത് ആരാധനാ സമൂഹങ്ങൾ സ്ഥാപിക്കാൻ പ്രയത്നിച്ച പയനിയർമാരെ നന്ദിയോടെ സ്മരിക്കാം. നമ്മുടെ വൈദികരെയും അല്മായരെയും ഭദ്രാസനത്തിലെ എല്ലാ സംഘടനകളെയും മിഷൻ സംരംഭങ്ങളെയും പ്രാർത്ഥനാപൂർവം ഉയർത്തിപ്പിടിക്കാം. നമുക്ക് ഒരുമിച്ച് ധാരാളം ഫലം കായ്ക്കുവാനും ദൈവത്തിനു മഹത്വം നല്കാനും പ്രാർത്ഥിക്കാം. ഇതുമായി ബന്ധപ്പെട്ട് ഭദ്രാസന എപ്പിസ്കോപ്പ റൈറ്റ് റവ.ഡോ. ഏബ്രഹാം മാർ പൗലോസ് പുറത്തിറക്കിയ സന്ദേശത്തിൽ പറയുന്നു.

അന്നേ ദിവസം ഭദ്രാസനം തയ്യാറാക്കിയ പ്രത്യേക ആരാധനാക്രമം ഉപയോഗിക്കേണ്ടതാണ്. രൂപതയുടെ വിവിധ പ്രവർത്തനങ്ങൾ, മിഷൻ പദ്ധതികൾ, പരിപാടികൾ എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി



മുൻകാലങ്ങളിൽ ചെയ്തതുപോലെ 'പൂൾ പിറ്റ് ചേഞ്ച്' (പ്രസംഗപീഠം കൈമാറ്റവും) ക്രമീകരിച്ചിട്ടുണ്ട്. രൂപതാ ഞായറാഴ്ച കളക്ഷൻ സ്വന്തം ഇടവകയിൽ ക്രമീകരിക്കാനും വിസിറ്റിംഗ് ഇടവകയിൽ പിരിവ് ഏകോപിപ്പിക്കാനുമുള്ള ചുമതല വികാരിമാർക്കായിരിക്കും. ഭദ്രാസന പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നതിന് ഉദാരമായി സംഭാവന നല്കാൻ തിരുമേനി അഭ്യർത്ഥിച്ചിട്ടുണ്ട്. ഞായറാഴ്ചത്തെ വഴിപാടിലൂടെയും വ്യക്തിഗത സംഭാവനകളിലൂടെയും ലഭിക്കുന്ന തുക 2024 ഏപ്രിൽ 15-നു മുമ്പ് ഭദ്രാസന കാര്യാലയത്തിലേക്ക് അയയ്ക്കേണ്ടതാണെന്നും അറിയിപ്പിൽ പറയുന്നു.

ദൈവരാജ്യത്തിന്റെ വിപുലീകരണത്തിനായി നമുക്ക് കൈകോർക്കാം. ഭദ്രാസന ശുശ്രൂഷയിൽ പിന്തുണ നൽകാനും പങ്കുചേരാനും ദൈവം എല്ലാവരേയും ശക്തിപ്പെടുത്തട്ടെ എന്ന് തിരുമേനി ആശംസിച്ചു.

## മനുഷ്യകടത്തലിന് ഇന്ത്യൻ വംശജൻ അറസ്റ്റിൽ

ചിക്കാഗോ: കാനഡ വഴി അമേരിക്കയിലേക്ക് അനധികൃത കുടിയേറ്റ പ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്ന ഹർഷകുമാർ മൈൻലാൽ പട്ടേൽ എന്ന ഇന്ത്യൻ വംശജൻ ദഹയർ എയർപോർട്ടിൽ അറസ്റ്റിലായി. ഫെബ്രുവരി 22-ന് വ്യാഴാഴ്ച അറസ്റ്റിലായ ഇടാളെ 28 വരെ തടങ്കലിൽ പാർപ്പിക്കുവാൻ കോടതി ഉത്തരവായി. ഇയാളുടെ ജാമ്യാപേക്ഷ ഫെബ്രുവരി 28-ന് പരിഗണിക്കുമെന്ന് അഭിഭാഷകൻ മൈക്കിൾ ലിയോനാർഡ് അറിയിച്ചു. ഒരു പരിചയക്കാരനെ സ്വീകരിക്കാൻ എയർപോർട്ടിൽ എത്തിയതായിരുന്നു പട്ടേൽ.

നിരവധി പേരുകളിൽ അറിയപ്പെട്ടിരുന്ന ഹർഷകുമാർ പട്ടേൽ, സ്റ്റീവ് ഷാൻഡ് എന്നൊരു വ്യക്തിയുമൊത്ത് ദീർഘനാളായി അമേരിക്കയിലേക്ക് അനധികൃത കുടിയേറ്റം സംഘടിപ്പിക്കുന്ന പ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്നു. കനത്ത മഞ്ഞു വീഴ്ച അനുഭവപ്പെട്ട 2022 ജനുവരി 19-ന് മിനസോട്ടാ-കാനഡാ അതിർത്തി വഴി അമേരിക്കയിലേക്ക് ഇവർ കടത്തിയ അനധികൃത കുടിയേറ്റ സംഘത്തിൽപ്പെട്ട നാല് അംഗ ഇന്ത്യൻ കുടുംബാംഗങ്ങൾ കൂട്ടംവിട്ട് അതിശൈത്യത്തിൽ മരവിച്ച് മരണപ്പെടുകയുണ്ടായി. 2022 ഫെബ്രുവരിയിൽ നടന്ന പ്രസ്തുത ദാരുണ സംഭവത്തിന്റെ പേരിൽ അറസ്റ്റിലായ സ്റ്റീവ് ഷാൻഡിൽ നിന്നു ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഹർഷകുമാർ പട്ടേൽ ഹോംലാൻഡ് സെക്യൂരിറ്റി അധികൃതരുടെ നിരീക്ഷണത്തിലായതും അറസ്റ്റ് ചെയ്യപ്പെട്ടതും. സ്റ്റീവ് ഷാൻഡിന്റെ ഫോണിൽ നിന്ന് അനധികൃത മനുഷ്യകടത്തിനായി ഇവർ സ്വീകരിച്ച മാർഗ്ഗങ്ങളുടെയും നടപടികളുടെയും വിശദാംശങ്ങൾ അധികൃതർക്ക് ലഭിച്ചിട്ടുണ്ട്.

# ഡബ്ല്യുഎംസി ഫിലാഡൽഫിയ പ്രൊവിൻസിന്റെ മദേഴ്സ് ആൻഡ് ഫാദേഴ്സ് ഡേ ആഘോഷം ജൂൺ 8–ന്

ഫിലാഡൽഫിയ: വേൾഡ് മലയാളി കൗൺസിൽ ഫിലാഡൽഫിയ പ്രൊവിൻസിന്റെ ഈ വർഷത്തെ മദേഴ്സ് ആൻഡ് ഫാദേഴ്സ് ഡേ ആഘോഷപരിപാടികൾ ജൂൺ എട്ടിന് ശനിയാഴ്ച വൈകിട്ട് നാല് മുതൽ എട്ടു മണി വരെ സെന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് ചർച്ച് ഹാളിൽ വെച്ച് വിവിധ കലാപരിപാടികളോടു കൂടി നടക്കുമെന്ന് കമ്മിറ്റി അറിയിച്ചു.




ഈ വർഷത്തെ മദേഴ്സ് ആൻഡ് ഫാദേഴ്സ് ഡേ ആഘോഷങ്ങളുടെ ഭാഗമായി സമാഹരിക്കുന്ന തുക കേരളത്തിലെ നിർദ്ധനരായ യുവതീയുവാക്കളുടെ സമൂഹ വിവാഹ നടത്തിപ്പിനായി പ്രയോജനപ്പെടുത്തുമെന്ന് പ്രസിഡണ്ട് നൈനാൻ മത്തായി പറഞ്ഞു. സമൂഹത്തിലെ അശരണരായ കുടുംബങ്ങളോട് ചെയ്യുന്ന ഈ വലിയ ജീവകാരുണ്യ പ്രവർത്തനത്തിൽ പങ്കാളികളാകുവാൻ ഏവരെയും അദ്ദേഹം ഓർമ്മിപ്പിച്ചു. ആഘോഷപരിപാടികളുടെ പൂർണവിജയത്തിനും സമൂഹവിവാഹത്തിന്റെ തുക സമാഹരണത്തിനുമായി ഈ മാസം പതിനെട്ടാം തീയതി നൈനാൻ മത്തായിയുടെ ഭവനത്തിൽ വെച്ച് നടന്ന മീറ്റിംഗിൽ വിവിധ സബ് കമ്മിറ്റികൾ രൂപീകരിച്ചു.

വളരെ ചിട്ടയോടും സാമൂഹിക നന്മയിലൂന്നിയുമുള്ള കാരുണ്യപ്രവർത്തനങ്ങളാണ് കഴിഞ്ഞ ഭരണസമിതി വിഭാവനം ചെയ്ത് പൂർത്തീകരിച്ചത്. സംഘടനയുടെ മുൻകാല കാരുണ്യപ്രവർത്തനങ്ങളുടെ മികവിൽ നിർദ്ധനരായ യുവതീയുവാക്കളുടെ ഈ വർഷത്തെ സമൂഹവിവാഹത്തിനു ഫിലാഡൽഫിയയിലെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരും സംഘടനയുടെ അംഗങ്ങളും പൂർണ്ണമായോ ഭാഗികമായോ അവരവരുടെ പിന്തുണയും സാമ്പത്തിക സഹായങ്ങളും വാഗ്ദാനം ചെയ്തു കഴിഞ്ഞു.

പ്രസിഡണ്ട് നൈനാൻ മത്തായി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. വു

**നൈനാൻ മത്തായി**

മൺ ചെയർ മറിയാമ്മ ജോർജ്, വൈസ് പ്രസിഡണ്ട് ജോസ് ആറ്റുപുറം എന്നിവർ ആശംസകൾ അറിയിച്ചു. സെക്രട്ടറി ലൂക്കോസ് മാത്യു സ്വാഗതവും ട്രഷറർ തോമസുകുട്ടി വർഗീസ് നന്ദിയും പറഞ്ഞു.

മദേഴ്സ് ആൻഡ് ഫാദേഴ്സ് ഡേ കലാപരിപാടികളുടെ കോ-ഓർഡിനേറ്ററായി വിമൻസ് ഫോറം ചെയർപേഴ്സൺ ഷൈലാ രാജനെ യോഗം തെരഞ്ഞെടുത്തു.

സംഘടനയുടെ എല്ലാ അംഗങ്ങളും യോഗത്തിൽ അഭിപ്രായങ്ങൾ പങ്കുവെക്കുകയും ആഘോഷങ്ങളുടെ പൂർണ്ണ വിജയത്തിനായി അത് പ്രാബല്യത്തിൽ വരുത്താനും യോഗത്തിൽ ഐകകണ്ഠ്യേന തീരുമാനമെടുത്തു. ആഘോഷപരിപാടികളുടെ പുരോഗതി അവലോകനം ചെയ്യാൻ അടുത്ത മാസം ഒരു യോഗം കൂടുവാനും തീരുമാനിച്ചു. അത്താഴവിരുന്നോടെ യോഗം എട്ടു മണിക്ക് പര്യവസാനിച്ചു.

# നേതൃസ്ഥാനത്തുനിന്നും ബൈജു രവീന്ദ്രനെ പുറത്താക്കി

ബംഗളൂരു: എഡ്ടെക് സ്റ്റാർട്ടപ്പായ ബൈജൂസിന്റെ സ്ഥാപകനും സി.ഇ.ഒയുമായ ബൈജു രവീന്ദ്രനെ കമ്പനിയുടെ നേതൃസ്ഥാനത്തുനിന്നു പുറത്താക്കി നിക്ഷേപകർ. ഫെബ്രുവരി 23-ന് ചേർന്ന നിക്ഷേപകരുടെ അടിയന്തര പൊതുയോഗത്തിലാണു നടപടി. 60 ശതമാനം ഓഹരിയുടമകളും ബൈജു രവീന്ദ്രനെ പുറത്താക്കുന്നതിനായി



ബൈജു രവീന്ദ്രൻ, ദിവ്യ ഗോകുൽനാഥ്

കൊണ്ടുവന്ന പ്രമേയത്തെ അനുകൂലിച്ചതായാണു സൂചന.

ബൈജു രവീന്ദ്രനെയും കുടുംബത്തെയും കമ്പനിയിൽനിന്നു പുറത്താക്കുന്നതിനാണു നിക്ഷേപകരുടെ അടിയന്തരയോഗം (ഇജിഎം) ചേർന്നത്. നിക്ഷേപകരിൽ ഒരുവിഭാഗം ബൈജു രവീന്ദ്രനെ പുറത്താക്കണമെന്ന് ആവശ്യപ്പെട്ട് മുന്നോട്ടുവെച്ച പ്രമേയം ഓൺലൈൻ യോഗത്തിൽ ചർച്ചയായി. ബൈജു രവീന്ദ്രന്റെ കെടുകാര്യസ്ഥതയും പരാജയങ്ങളും ചൂണ്ടിക്കാട്ടിയായിരുന്നു നിക്ഷേപകരുടെ നീക്കം. കമ്പനിയുടെ നേതൃത്വത്തിലുള്ള ബൈജു രവീന്ദ്രൻ, ഭാര്യയും സഹസ്ഥാപകയുമായ ദിവ്യ ഗോകുൽനാഥ്, ബൈജുവിന്റെ സഹോദരൻ റിജു എന്നിവർ യോഗത്തിൽ പങ്കെടുത്തില്ല. യോഗതീരുമാനത്തിനു സാധുതയില്ലെന്ന് അവർ പ്രതികരിച്ചു. യോഗതീരുമാനം മാർച്ച് 13 വരെ നടപ്പാക്കില്ല. എതിർപ്പുള്ള നിക്ഷേപകർക്കെതിരെ ബൈജു രവീന്ദ്രൻ ഫയൽചെയ്ത ഹർജി കർണാടക ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്നതാണ് ഇതിനു കാരണം. അതേസമയം, അടിയന്തര പൊതുയോഗം സ്റ്റേ ചെയ്യണമെന്ന ആവശ്യം ഹൈക്കോടതി നിരസിച്ചിരുന്നു. ബൈജൂസിൽ 32 ശതമാനം ഓഹരി നിക്ഷേപകരുടെ കൈയിലാണെന്നു ചൂണ്ടിക്കാട്ടിയാണു ഹൈക്കോടതി സ്റ്റേ ആവശ്യം തള്ളിയത്. ബൈജു രവീന്ദ്രനും കുടുംബത്തിനും കമ്പനിയിൽ 26.3 ശതമാനം ഓഹരിയാണുള്ളത്.

ബൈജൂസിലെ നാലു നിക്ഷേപകർ ബൈജു രവീന്ദ്രനെ പുറത്താക്കി പുതിയ സിഇഒയെയും ബോർഡിനെയും നിയമിക്കണമെന്നാവശ്യപ്പെട്ട് ദേശീയ കമ്പനി നിയമ ട്രൈബ്യൂണലിൽ ഹർജി ഫയൽ ചെയ്തിരുന്നു. ബൈജൂസിന്റെ അക്കൗണ്ടുകൾ പരിശോധിക്കണമെന്നും ഇവർ ഹർജിയിൽ ആവശ്യപ്പെട്ടു. പ്രോസസ്, ജി.എ., സോഫിന, പീക്ക് എക്സ്‌വി എന്നീ കമ്പനികളാണു പരാതിക്കാർ.

# റഷ്യ–യുക്രെയ്ൻ യുദ്ധം; മാനുഷികദുരന്തത്തിന്റെ രണ്ടു വർഷങ്ങൾ

യുക്രെയ്ൻ: യു.എൻ. മനുഷ്യാവകാശ നിരീക്ഷണദൗത്യത്തിന്റെ കണക്കുകൾ പ്രകാരം യുക്രെയ്നിൽ ഇതുവരെ കൊല്ലപ്പെട്ട സാധാരണക്കാർ 10,582; പരുക്കേറ്റവർ 19,875. കൊല്ലപ്പെട്ട യുക്രെയ്ൻ സൈനികർ 35,000.

ഈ മാസം 14 വരെ റഷ്യൻ പക്ഷത്ത് 44,654 പേരുടെ മരണം സ്ഥിരീകരിച്ചതായി ബിബിസി ന്യൂസ് പറയുന്നു. മരണം 1.07 ലക്ഷം വരെയാകാമെന്നും അവർ പറയുന്നു. റഷ്യയ്ക്കുവേണ്ടി പൊരുതുന്ന കൂലിപ്പട്ടാളമായ വാഗ്നർ സേനയിലെ 20,000 പേർ കൊല്ലപ്പെട്ടതായി അവരുടെ തലവൻ യെവ്ഗനി പ്രിഗോഷിൻ 2023 മേയിൽ പറഞ്ഞിരുന്നു. റഷ്യൻ സേനയിൽ 1.20 ലക്ഷം പേർ കൊല്ലപ്പെട്ടതായും പ്രിഗോഷിൻ പറഞ്ഞിരുന്നു. 24 വിദേശരാജ്യങ്ങളിൽ നിന്നുള്ള 192 പേരും കൊല്ലപ്പെട്ടു. കർണാടകയിൽനിന്നുള്ള മെഡിക്കൽ വിദ്യാർത്ഥി നവീനും ഇക്കൂട്ടത്തിലുണ്ട്.

60 ലക്ഷം യുക്രെയ്ൻകാർ അഭയാർത്ഥികളായി അയൽരാജ്യങ്ങളിലെത്തി. 80 ലക്ഷം പേർക്കു സ്വന്തം രാജ്യത്തുതന്നെ മറ്റിടങ്ങളിലേക്കു മാറേണ്ടിവന്നു. 4.38 കോടി വരുന്ന ജനസംഖ്യയുടെ മൂന്നിലൊന്നോളം പേർ സ്വന്തം വീടുവിട്ടുപോയി. ഇവരിൽ 90 ശതമാനംപേരും സ്ത്രീകളും കുട്ടികളും. രണ്ടാം ലോകയുദ്ധത്തിനുശേഷം യൂറോപ്പ് കണ്ട ഏറ്റവും വലിയ അഭയാർത്ഥി പ്രതിസന്ധി; ചരിത്രത്തിലെ നാലാമത്തേതും.

കേന്ദ്ര സർക്കാരിന്റെ കണക്കനുസരിച്ചു യുക്രെയ്നിൽനിന്നു യുദ്ധത്തെത്തുടർന്നു മടങ്ങിയെത്തിയ ഇന്ത്യൻ വിദ്യാർത്ഥികൾ 15,783. സൈനിക നടപടി പ്രഖ്യാപിക്കുമ്പോൾ യുക്രെയ്നിനെ അതിവേഗം കീഴടക്കാമെന്നാണ്



റഷ്യൻ പ്രസിഡണ്ട് വ്ളാഡിമിർ പുട്ടിൻ കരുതിയതെങ്കിലും സൈന്യത്തിന്റെ യുദ്ധപരിചയക്കുറവും എതിർപക്ഷത്തെ ശക്തമായ ചെറുത്തുനിൽപ്പും മൂലം കണക്കുകൂട്ടൽ പിഴച്ചു. ഹർകീവ്, ഖേഴ്സൻ തുടങ്ങി പിടിച്ചെടുത്ത പല പ്രധാന നഗരങ്ങളും പിന്നീട് വിട്ടുകൊടുക്കേണ്ടിവന്നു. എന്നാൽ, യുക്രെയ്നിന്റെ പ്രതിരോധം ഇപ്പോൾ ദുർബലമാകുകയാണ്.

# ഭൂമി നൽകേണ്ടത് സമ്പന്നർക്കല്ല പാവപ്പെട്ടവർക്ക്: ഹൈക്കോടതി

കൊച്ചി: സർക്കാർ ഭൂമി പതിച്ചു നൽകേണ്ടത് വൻശക്തികളായ സമ്പന്നർക്കല്ലെന്നും ഭൂരഹിതരായ പാവപ്പെട്ടവർക്കായിരിക്കണമെന്നും ഹൈക്കോടതി. വയനാട് മാനന്തവാടി കല്ലോടി സെന്റ് ജോർജ് ഫൊറോന പള്ളി കൈവശംവെച്ചിരിക്കുന്ന 5,5358 ഹെക്ടർ സർക്കാർ ഭൂമിക്ക് പട്ടയം നൽകാനുള്ള സർക്കാർ തീരുമാനം റദ്ദാക്കിയ ഉത്തരവിലാണ് ജസ്റ്റിസ് പി.വി. കുഞ്ഞികൃഷ്ണന്റെ നിരീക്ഷണം. ആയിരക്കണക്കിന് ഭൂരഹിതരായ ആദിവാസികൾ ഒരുതുണ്ട് ഭൂമിക്കായി അപേക്ഷ നൽകി കാത്തിരിക്കുമ്പോൾ ഇത്തരത്തിൽ ഭൂമി പതിച്ചുനൽകുന്നത് നിഷ്കളങ്കതയോടെ ചിരിക്കുന്ന ആദിവാസികളുടെ നെഞ്ചിലേക്ക് കത്തി കുത്തിയിറക്കുന്നതിന് തുല്യമാണെന്നും കോടതി അഭിപ്രായപ്പെട്ടു. പള്ളിക്ക് ഭൂമി നൽകുന്നതിനെതിരെ കെ. മോഹൻദാസ് അടക്കമുള്ള സാമൂഹികപ്രവർത്തകരും ഭൂരഹിതരായ ആദിവാസികളും നൽകിയ ഹർജിയിലാണ് ഉത്തരവ്.

# സെ. ആൻഡ്രൂസ് മിഷൻ ഇടവകയിൽ ഫാമിലി/യൂത്ത് കോൺഫറൻസ് കിക്കോഫ്

ഉമ്മൻ കാപ്പിൽ

ന്യൂയോർക്ക്: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി/യൂത്ത് കോൺഫറൻസ് കിക്കോഫ് മീറ്റിംഗിന് ലോങ് ഐലൻഡ് സെ. ആൻഡ്രൂസ് ഓർത്തഡോക്സ് മിഷൻ ഇടവക ഫെബ്രുവരി 4-ന് വേദിയായി.

ഇടവക വികാരി ഫാ. ഡാനിയൽ (ഡെന്നിസ്) മത്തായി വിശുദ്ധ കുർബാനയ്ക്ക് നേതൃത്വം നല്കി. വിശുദ്ധ കുർബാനയ്ക്കുശേഷം ഫാമിലി യൂത്ത് കോൺഫറൻസ് പ്രതിനിധി സംഘത്തെ ഷെയ്ൻ ഉമ്മൻ (ഭദ്രാസന കൗൺസിൽ അംഗം) പരിചയപ്പെടുത്തി. ചെറിയാൻ പെരുമാൾ (കോൺഫറൻസ് സെക്രട്ടറി), മാത്യു ജോഷ (ട്രഷറർ), ഐറിൻ ജോർജ്, റോണ വർഗീസ്, ലിസ് പോത്തൻ, ജോനാഥൻ മത്തായി, പ്രേസി ജോൺകെസിയ ഏബ്രഹാം (കോൺഫറൻസ് കമ്മിറ്റി അംഗങ്ങൾ) എന്നിവരായിരുന്നു സംഘത്തിൽ ഉണ്ടായിരുന്നത്. ഷെയ്ൻ ഉമ്മൻ കഴിഞ്ഞ സമ്മേളനത്തിലെ തന്റെ മികച്ച അനുഭവം പങ്കുവെയ്ക്കുകയും. കോൺഫറൻസിൽ രജിസ്റ്റർ ചെയ്യാൻ എല്ലാവരേയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു.



ചെറിയാൻ പെരുമാൾ കോൺഫറൻസിൽ യുവജനപങ്കാളിത്തത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ഫാമിലി കോൺഫറൻസിലൂടെ യുവജനങ്ങൾ നേതൃനിരയിലേക്കു വരാനുള്ള അവസരങ്ങളെപ്പറ്റിയും ഓർമ്മിപ്പിച്ചു. കോൺഫറൻസിന്റെ തീയതി, സ്ഥലം, പ്രസംഗകർ, ചിന്താവിഷയം എന്നിവ ഉൾപ്പെടെയുള്ള പൊതുവായ വിവരങ്ങളും അദ്ദേഹം നല്കി. സഭാവിശ്വാസത്തിന്റെ പുതിയ പാഠങ്ങൾ പഠിക്കാനും സുഹൃത്ബന്ധങ്ങൾ ബലപ്പെടുത്താനും കോൺഫറൻസിലെ മുൻകാല പങ്കാളിത്തം എത്രമാത്രം സഹായിച്ചു എന്ന് ലിസ് പോത്തൻ വിശദീകരിച്ചു. രജിസ്ട്രേഷന്റെ വിശദാംശങ്ങളും ലിസ് പോത്തൻ നല്കി. കോൺഫറൻസിലൂടെ തനിക്കു നേടാൻ കഴിഞ്ഞ സുഹൃത്തുക്കളെക്കുറിച്ചും അവർ ഭദ്രാസനത്തിന്റെ ആത്മീയ ശുശ്രൂഷകളിൽ തുടർന്നും എങ്ങനെ സേവനം ചെയ്യുന്നുവെന്നും ഐറിൻ ജോർജ് സൂചിപ്പിച്ചു.

സമ്മേളനത്തിനായി ആസൂത്രണം ചെയ്യുന്ന കായിക-വിനോദ പരിപാടികളെക്കുറിച്ചുള്ള വിശദാംശങ്ങളും ഐറിൻ നല്കി. കോൺഫറൻസിന്റെ അനുസ്മരണാർത്ഥം പ്രസിദ്ധീകരിക്കുന്ന സുവനീറിനെക്കുറിച്ചും സഹകരിക്കാനുള്ള അവസരങ്ങളെപ്പറ്റിയും പ്രേസി ജോൺ സംസാരിച്ചു. ആകർഷകമായ സമ്മാനങ്ങൾ നേടാനുള്ള അവസരം പ്രയോജനപ്പെടുത്തി റാഫിൾ ടിക്കറ്റുകൾ വാങ്ങി ഫാമിലി കോൺഫറൻസിനെ പിന്തുണയ്ക്കാൻ ജോനാഥൻ മത്തായി എല്ലാവരേയും പ്രോത്സാഹിപ്പിച്ചു. റോണ വർഗീസ് സ്പോൺസർഷിപ് അവസരങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ നല്കി.

സെന്റ് ആൻഡ്രൂസ് പള്ളിയിൽ യുവത്വവും ഊർജസ്വലതയും നിറഞ്ഞ ഒരു വലിയ സമൂഹം ഉള്ളതിനാൽ കോൺഫറൻസിന്റെ ശക്തമായ ഭാഗമാകാൻ എല്ലാവരേയും മാത്യു ജോഷ ക്ഷണിച്ചു. സമ്പന്നമായ ഒരു ആത്മീയ അനുഭവത്തിനായി കോൺഫറൻസിൽ പങ്കെടുക്കാൻ ഫാ. ഡെന്നിസ് മത്തായി സഭാംഗങ്ങളെ പ്രോത്സാഹിപ്പിച്ചു.

ഡയമണ്ട് സ്പോൺസർ എന്ന നിലയിൽ ഷെയ്ൻ ഉമ്മൻ പിന്തുണ വാഗ്ദാനം ചെയ്തപ്പോൾ ഗ്രാൻഡ് സ്പോൺസർ എന്ന നിലയിൽ റോൺ ജേക്കബ് തന്റെ പിന്തുണ അറിയിച്ചു. കോൺഫറൻസിൽ രജിസ്റ്റർ ചെയ്തുകൊണ്ടും സുവനീറിൽ ആശംസാ സന്ദേശങ്ങൾ നല്കിയും റാഫിൾ ടിക്കറ്റുകൾ വാങ്ങിക്കൊണ്ടും നിരവധി അംഗങ്ങൾ പിന്തുണ വാഗ്ദാനം ചെയ്തു.

വികാരി, ഭാരവാഹികൾ ഇടവക അംഗങ്ങൾ എന്നിവരുടെ ഉദാരമായ പിന്തുണയ്ക്കും സഹകരണത്തിനും ഫാമിലി കോൺഫറൻസ് കമ്മിറ്റിയെ പ്രതിനിധീകരിച്ച് മാത്യു ജോഷ നന്ദി അറിയിച്ചു.

2024 ജൂലൈ 10 മുതൽ 13 വരെ പെൻസിൽവേനിയ ലങ്കാസ്റ്ററിലെ വിൻധം റിസോർട്ടിലാണ് സമ്മേളനം നടക്കുന്നത്. സൺഡേസ്കൂൾ ഡയറക്ടർ ജനറലും പുതുപ്പള്ളി സെ. ജോർജ് ഓർത്തഡോക്സ് പള്ളി വികാരിയുമായ ഫാ. ഡോ. വർഗീസ് വർഗീസ് (മീനടം) മുഖ്യപ്രഭാഷണം നടത്തും. ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ ഫാ. സെറാഫിം മജ്മുദാറും സൗത്ത് വെസ്റ്റ് ഭദ്രാസന വൈദികൻ ഫാ. ജോയൽ മാത്യുവും യുവജന സെഷനുകൾക്ക് നേതൃത്വം നല്കും. 'ദൈവിക ആരോഹണത്തിന്റെ ഗോവണി' എന്ന വിഷയത്തെപ്പറ്റി "ഭൂമിയിലുള്ള കാര്യങ്ങളിലല്ല, മുകളിലുള്ള കാര്യങ്ങളിൽ നിങ്ങളുടെ മനസ്സ് സ്ഥാപിക്കുക" (കൊളൊസ്യർ 3:2) എന്ന വചനത്തെ ആസ്പദമാക്കിയാണ് കോൺഫറൻസിന്റെ ചിന്താവിഷയം. ബൈബിൾ, വിശ്വാസം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സംവേദനാത്മക സെഷനുകൾ ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക്: ഫാ. അബു പീറ്റർ കോൺഫറൻസ് കോ-ഓർഡിനേറ്റർ (914 806 4595), ചെറിയാൻ പെരുമാൾ കോൺഫറൻസ് സെക്രട്ടറി (516 439 9087) എന്നിവരുമായി ബന്ധപ്പെടുക.

# ഫാ. അലക്സ് ജോയിയുടെ നേതൃത്വത്തിൽ കോൺഫറൻസ് ടീമിന് ആൽബനിയിൽ സ്വീകരണം

ഉമ്മൻ കാപ്പിൽ

ആൽബനി: ഫാമിലി/യൂത്ത് കോൺഫറൻസ് ടീം ഫെബ്രുവരി 18-ന് ഞായറാഴ്ച ആൽബനി സെ. പോൾസ് ഇന്ത്യൻ ഓർത്തഡോക്സ് ഇടവക സന്ദർശിച്ചു. കോൺഫറൻസ് ടീമിന് ഇടവകയിൽനിന്ന് മാതൃകാപരമായ സ്വീകരണം ലഭിച്ചു. ചെറിയാൻ പെരുമാൾ (ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് സെക്രട്ടറി), അജിത് വട്ടശ്ശേരിൽ (മുൻ കോൺഫറൻസ് സെക്രട്ടറി/മുൻ ഭദ്രാസന കൗൺസിൽ അംഗം), ഫിലിപ്പ് തങ്കച്ചൻ, ലിസ് പോത്തൻ, അലക്സ് പോത്തൻ (കോൺഫറൻസ് കമ്മിറ്റി അംഗങ്ങൾ) എന്നിവരായിരുന്നു ടീം അംഗങ്ങൾ.



ചെറിയാൻ പെരുമാൾ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിന്റെ ഏറ്റവും വലിയ ആത്മീയ കൂട്ടായ്മയുടെ തീയതി, സ്ഥലം, പ്രസംഗകർ, തീം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ നല്കി. ഫിലിപ്പ് തങ്കച്ചൻ രജിസ്ട്രേഷൻ വിശദാംശങ്ങളെക്കുറിച്ചു സംസാരിച്ചു. പള്ളിയിലെ അവിസ്മരണീയമായ സന്ദർശനത്തിന് സഹകരിച്ച സഭാംഗങ്ങളെ അദ്ദേഹം പ്രശംസിച്ചു. പള്ളിയുടെ സൗന്ദര്യം അതിന്റെ കെട്ടിടത്തിൽ മാത്രമല്ല, പങ്കെടുക്കുന്ന അംഗങ്ങളും അതിന്റെ ഭാഗമാണെന്ന് അദ്ദേഹം പരാമർശിച്ചു. യുവാക്കൾ കോൺഫറൻസിൽ പങ്കെടുക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും മൂന്നിനും 21-നും ഇടയിൽ പ്രായമുള്ള എല്ലാവർക്കും കുറഞ്ഞനിരക്കിൽ രജിസ്റ്റർ ചെയ്യാമെന്നും അദ്ദേഹം സൂചിപ്പിച്ചു.

കോൺഫറൻസിന്റെ ധനസമാഹരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ലിസ് പോത്തൻ സംസാരിച്ചു. സുവനീർ, റാഫിൾ എന്നിവയിലൂടെ കോൺഫറൻസിനായി എല്ലാവരും സഹകരിക്കുവാൻ ലിസ് അഭ്യർത്ഥിച്ചു.

ഫാമിലി കോൺഫറൻസിന്റെ എളിയ തുടക്കത്തെക്കുറിച്ചും ഫാ. അലക്സ് ജോയി സെക്രട്ടറിയായിരിക്കെ കോൺഫറൻസിന്റെ ആദ്യനാളുകളിൽ എത്രമാത്രം പിന്തുണച്ചിരുന്നുവെന്നും അജിത് വട്ടശ്ശേരിൽ അനുസ്മരിച്ചു.

കോൺഫറൻസിൽ രജിസ്റ്റർ ചെയ്യുവാനും സാമ്പത്തികമായി സഹായിക്കുവാനും ഫാ. അലക്സ് ജോയ് എല്ലാവരെയും പ്രോത്സാഹിപ്പിച്ചു. എന്റർടെയ്ൻമെന്റ് സായാഹ്നത്തിൽ ഓരോ പള്ളിക്കും ഏഴു മിനിറ്റ് വീതം ലഭ്യമാണെന്ന് അദ്ദേഹം പരാമർശിക്കുകയും ഒരു പ്രോഗ്രാമിനായി മുൻകൂട്ടി രജിസ്റ്റർ ചെയ്യാൻ സഭാംഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

ഭദ്രാസനത്തിലെ ഏറ്റവും ചെറിയ ദേവാലയങ്ങളിൽ ഒന്നാണ് ആൽബനി ഇടവക. എങ്കിലും വികാരിയുടെ നേതൃത്വത്തിൽ മിക്കവാറും എല്ലാ അംഗങ്ങളും ആവേശത്തോടെ പങ്കെടുക്കുകയും കോൺഫറൻസിനും ഭദ്രാസനത്തിനും സാധ്യമായ എല്ലാവിധ പിന്തുണ അറിയിക്കുകയും ചെയ്തു.

പോൾ ജോണും എലിസബത്തും സ്പോൺസർമാരായി തങ്ങളുടെ പിന്തുണ വാഗ്ദാനം ചെയ്തു. റാഫിളിൽ ആദ്യമായി എംജിഒസിഎസ്എം അംഗങ്ങൾ അവരുടെ സംഭാവനകൾ വാഗ്ദാനം ചെയ്തു. ഇത് സമ്മേളനത്തിനായുള്ള ഭാവി തലമുറയുടെ പ്രതിബദ്ധത കാണിക്കുന്നു. ഡേവി ചീരൻ, അനിൽ തോമസ്, ജോർജ് കുര്യൻ, ശോശാമ്മ വർഗീസ് എന്നിവർ സുവനീറിൽ ആശംസകൾ നല്കി പിന്തുണ അറിയിച്ചു. റാഫിളുകളിലൂടെയും സുവനീറിലൂടെയും ഇടവകയിലെ ഭൂരിഭാഗം അംഗങ്ങളും സമ്മേളനത്തിന് പിന്തുണ നല്കി.

ഇടവക സന്ദർശിക്കാൻ സമയവും പ്രയത്നവും ചെലവഴിച്ചതിനും എല്ലാ പള്ളികളിലും ഈ ശുശ്രൂഷയുടെ സന്ദേശം പ്രചരിപ്പിക്കുന്നതിനും കോൺഫറൻസ് ടീമിന് ഏലിയാമ്മ ജേക്കബ് (ഇടവക സെക്രട്ടറി) നന്ദി അറിയിച്ചു. സമ്മേളനത്തിന് ഉദാരമായ പിന്തുണ നല്കിയ വികാരിക്കും ഭാരവാഹികൾക്കും ഇടവകാംഗങ്ങൾക്കും ഭാരവാഹികൾ കടപ്പാട് അറിയിച്ചു.

# പ്രതിസന്ധികളിൽ പരിഹാരം ദൈവാശ്രയം മാത്രം

എൽസി ബേബി

'ദൈവത്തെ ത്യജിച്ചുപറഞ്ഞു മരിച്ചുകളയുക' (ജോബ് 2:9) ഒരു ഭാര്യ തന്റെ ഭക്തനായ ഭർത്താവിനോട് പറഞ്ഞ വാക്കുകളാണിത്. ഇന്ന് അനേകരുടെ ഹൃദയങ്ങളിൽ ദൈവവിരോധിയായ സാത്താൻ മന്ത്രിച്ച്, ആത്മഹത്യക്ക് പ്രേരിപ്പിച്ച്, നിർബന്ധിച്ചു കൊന്നുകളയുന്ന ക്രൂരനായ കൊലപാതകനാകുന്നു പിശാച്. ആദിമുതൽ ഏദൻ പറുദീസായിൽ കടന്ന് ദൈവസൃഷ്ടിയായ മനുഷ്യനോട് 'ദൈവം കല്പിച്ചിരിക്കുന്നത് സത്യമല്ല, നീ മരിക്കില്ല' എന്ന് കള്ളം പറഞ്ഞ് വഞ്ചിച്ച സാത്താൻ ഇന്നും ബലഹീന മനുഷ്യരെ ദാരുണമായി വധിക്കുന്ന പൈശാചിക ശക്തി മനസ്സിലാക്കാതെ ആത്മഹത്യയിലേക്ക് തള്ളിയിടുന്ന അവസ്ഥ! പരിശുദ്ധനും സർവ്വശക്തനുമായ ജീവനുള്ള ഏക സത്യദൈവത്തെ ത്യജിച്ചുപറഞ്ഞ് ഭോഷ്കിന്റെ അപ്പനും കൊലപാതകനും അന്ധകാരപ്രഭുവുമായ പിശാചിന്റെ ചതിയിൽപ്പെട്ട് നാശത്തിലേക്കു പോകുന്ന എത്രയോ ജീവിതങ്ങളാണ് നമുക്കു ചുറ്റുമുള്ളത്.

പരിശോധനകളും പ്രതിസന്ധികളും കടുത്ത നിരാശയും നേരിടുന്ന സാഹചര്യങ്ങളിലാണ് പിശാച് തന്റെ തന്ത്രങ്ങളുമായി സമീപിക്കുന്നത്. അതേസമയം പരിശുദ്ധനും സർവ്വശക്തനുമായ ദൈവം നമ്മുടെ ഹൃദയങ്ങളിൽ മന്ത്രിക്കുന്ന ശബ്ദം ശ്രദ്ധിക്കുക. ദൈവവുമായി നിരന്തരം സംസർഗ്ഗം ചെയ്ത് ദൈവത്തിൽ പൂർണ്ണവിശ്വാസവും ആശ്രയവുമുള്ളവർക്കു മാത്രമേ താഴെ വിവരിക്കുന്ന ദൈവശബ്ദം കേൾക്കാനാകുകയുള്ളു.

'എന്റെ കൃപ നിനക്കു മതി (2കൊരി. 12:9)' ഏതു പ്രതിസന്ധികളേയും വിജയകരമായി തരണം ചെയ്യാനുള്ള അപാരമായ ദൈവശക്തിയാകുന്നു ദൈവകൃപ. ഈ ദൈവകൃപയിൽ മാത്രം ശരണപ്പെടുക. ഇന്നത്തെ ഈ പ്രതിസന്ധി എന്നേക്കുമുള്ളതല്ല. അതു മാറി ഒരു നല്ല നാളെ നമുക്കായി കാത്തിരിക്കുന്നു എന്നു വിശ്വസിച്ചു



ലേഖിക

കൊണ്ട് കർത്താവേ, ഈ പ്രതിസന്ധിയിലൂടെ കടന്നുപോകാനുള്ള കൃപ തരണേ എന്നു പ്രാർത്ഥിക്കുക. ദൈവം നമുക്കാർക്കും അകന്നവനല്ല. സർവ്വശക്തനായ ദൈവം നമ്മോടുകൂടെയുണ്ട്. മകനേ, മകളേ എന്റെ കൃപ നിനക്കു മതി. ഞാൻ നിന്നോടു കൂടെയുണ്ട്, ഭയപ്പെടേണ്ട. എന്റെ ബലമുള്ള കരങ്ങളിൽ ഞാൻ നിന്നെ വഹിച്ചിരിക്കുന്നു. ഉറപ്പും ധൈര്യവുമുള്ളവനായി മുന്നോട്ടു പോകുക എന്ന ശബ്ദം കേൾക്കുക, വിശ്വസിക്കുക, വിശ്വാസത്തോടെ മുന്നോട്ടു പോകുക.

'സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കും' (റോമ. 8:28) ദൈവത്തിൽ പൂർണ്ണവിശ്വാസവും ആശ്രയവുമുള്ളവർക്കു മാത്രമുള്ള ദൈവത്തിന്റെ വാഗ്ദാനമാകുന്നു. ഏതെല്ലാം പ്രതിസന്ധികൾ നേരിട്ടാലും ഭയപ്പെടാതെ, പതറിപ്പോകാതെ ധൈര്യം നല്കുന്ന അനേകം വാഗ്ദാനങ്ങൾ തിരുവചനത്തിലുണ്ട്. അവയുടെയൊക്കെ ആകെത്തുകയാകുന്നു ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവരെ തന്നെ സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്ന എന്ന അറിവ്. ദൈവത്തിൽ വിശ്വാസമോ ആശ്രയമോ ഇല്ലാത്തവർക്ക് ഈ വാഗ്ദത്തം ഒരിക്കലും പ്രയോജനപ്പെടുകയില്ല എന്നോർക്കുക. ദൈവമക്കളെക്കുറിച്ച് ഒരപ്പനേപ്പോലെ ദൈവത്തിനു വലിയ ഉദ്ദേശ്യങ്ങളുണ്ട്. അവരുടെ വിശ്വാസം വർദ്ധിപ്പിച്ചു ശക്തീകരിക്കാൻ വേണ്ടി മാത്രമാകുന്നു ചില പ്രതിസന്ധികളും പരിശോധനകളും. അവ നന്മയ്ക്കായി മാത്രമാകുന്നു എന്നു വിശ്വസിച്ച് ഈ ദൈവികവാഗ്ദാനങ്ങളെ മുറുകെപ്പിടിച്ച് മുമ്പോട്ടോടുക.

പരമാധികാരിയായ ദൈവത്തിനു മഹത്വം കൊടുക്കുക. (ജോബ് 1:21) ഇയ്യോബിനു സകലവും നഷ്ടമായപ്പോൾ പറഞ്ഞ വാക്കുകൾ നമുക്കു പാഠമാക്കാം. "ഞാൻ എമ്മയുടെ ഗർഭാശയത്തിൽ നിന്നും നഗ്നനായി പുറപ്പെട്ടുവന്നു. നഗ്നനായിത്തന്നെ മടങ്ങിപ്പോകും. യഹോവ തന്നു, യഹോവ എടുത്തു, യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ." എത്ര ആഴമേറിയ, അർത്ഥവത്തായ വാക്കുകൾ. നമുക്കുള്ളതെല്ലാം ദൈവത്തിന്റെ ദാനം മാത്രമല്ല, ദൈവത്തിന്റേതാകുന്നു. അവ നഷ്ടമാകുമ്പോൾ ഇയ്യോബ് പറഞ്ഞതുപോലെ യഹോവ തന്നു, യഹോവ എടുത്തു, അവന്റെ നാമം മാത്രം വാഴ്ത്തപ്പെട്ടതാകട്ടെ എന്നു പറഞ്ഞ് യഹോവയെ ആരാധിച്ചു മഹത്വപ്പെടുത്തുവാനിടയായാൽ അതിനേക്കാളേറെ നമ്മുടെ കർത്താവ് സന്തോഷിച്ചു മഹിമപ്പെടുത്തുന്ന മറ്റൊരവസ്ഥയുമില്ല.

നമ്മുടെ കർത്താവ് അറിയാത്ത, അനുവദിക്കാത്ത ഏതു പരിശോധനകളോ പ്രതിസന്ധികളോ കഷ്ടതകളോ ബുദ്ധിമുട്ടുകളോ ആകുന്നു ഇന്നു നിങ്ങൾ അഭിമുഖീകരിക്കുന്നത്. അവന്റെകൃപകൾ കുറഞ്ഞുപോയിട്ടുണ്ടോ? നിന്നെ ഉദ്ധരിക്കാനാകാതെ ദൈവകരങ്ങൾ കുറുതായിപ്പോയിട്ടുണ്ടോ? പരമാധികാരിയായ ദൈവത്തിനു കഴിയാത്ത ഏതെങ്കിലും പ്രതിസന്ധികളുണ്ടോ? നീ ആരിലാണ് വിശ്വാസവും ആശ്രയവും സമർപ്പിച്ചിരിക്കുന്നത്. നിന്റെ നോട്ടം ആരിലാകുന്നു. പ്രതിസന്ധികളിലോ, സാഹചര്യങ്ങളിലോ? വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ കർത്താവായ യേശുവിനെ മാത്രം നോക്കി നിന്റെ ഓട്ടം ഓടുക. നിന്റെ വിശ്വാസക്കണ്ണുകൾ പ്രതിസന്ധികളെ വിട്ട് സർവ്വശക്തനിലേക്ക് ഉയർത്തി കാണുക. അവിശ്വാസം, സംശയം, ഭയം, ആശങ്കകൾ, ആവലാതികളെല്ലാം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കുരിശിന്റെ ചുവട്ടിൽ കുഴിച്ചിടുക. തിരുവചനം വായിച്ച്, ധ്യാനിച്ച്, (ശേഷം 30-ാം പേജിൽ)

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 82.88 |
| യൂറോ | 89.90 |
| സ്റ്റെർലിംഗ്പൗണ്ട് | 105.07 |
| സ്വിസ് ഫ്രാങ്ക് | 94.23 |
| സിംഗപ്പൂർ ഡോളർ | 61.66 |
| കനേഡിയൻ ഡോളർ | 61.30 |
| ഒമാൻ റിയാൽ | 215.31 |
| ബഹ്റൈൻ ദിനാർ | 219.94 |
| സൗദി റിയാൽ | 22.10 |
| യു.എ.ഇ. ദിർഹം | 22.56 |
| കുവൈത്ത് ദിനാർ | 269.33 |

# THE BLACK SILKY WAY



Bindu Santhosh

Miles and miles long
Ups and downs, straight and wavy
Through the mountains and the Valley
Over the river, through the tunnel
Across the meadow, crossing the desert.
Goes on and on, the black silky way….

Big and small, in all colors
Beautiful, branded, or bare minimum
Racing or pacing along….
Over the bumps and speed breakers
Goes along the black silky way….

Competing the race ….
Not knowing who's on the way.
Some pass by, some stay along
Anxious to meet loved once ....
Heart broken on departure….
Fearful new once or old retired folks
Steering the wheel….
Moving along the black silky way….
Destination being the same.

Some in a hurry, missing the beauty.
Other's care less, enjoying the moment.
Thrilled ones, embracing the challenge.
While others exhausted and tired
Fighting for survival…. on the black silky way

Some sneakin, other's give way….
Over taking and rejoicing
Not realizing the fetal end
Careful once, following rules.
Not spared the tragic end…. on the black silky way

Tornado and rain, snow, or hail
Show no Mercy!
Moment of distraction, blink of an eye
Cost limb or life….
Smooth and peaceful journey, short-lived
Bumper-to-bumper, makes journey slow.
Not knowing when journey ends
Till then have to stroll…. The silky black way….




# ദൈവത്തെ അനുസരിക്കാത്ത പ്രവാചകൻ

**രാജു തരകൻ**

തിരുവചനത്തിൽ പ്രവാചകന്മാരുടെ ശുശ്രൂഷ വ്യത്യസ്ത മേഖലകളിലായിരുന്നു. രാജാക്കന്മാരുടെ ഭരണകാലഘട്ടത്തിൽ പ്രതിസന്ധികൾ ഉടലെടുക്കുമ്പോൾ പ്രവാചകന്മാരെയാണ് രാജാകന്മാർ സമീപിച്ചിരുന്നത്. പ്രവാചകന്മാർ ദൈവസന്നിധിയിൽ ദൈവീക ആലോചനക്കായ് കാത്തിരുന്നു ലഭിക്കുന്ന മറുപടിയനുസരിച്ചാണ് തുടർ നടപടികൾ സ്വീകരിക്കുന്നത്. പുതിയനിയമ വിശ്വാസികളായ ഭക്തന്മാർക്ക് പ്രതിസന്ധികൾ ഉടലെടുക്കുമ്പോൾ പ്രവാചകരെ അന്വേഷിച്ച് പോകേണ്ട കാര്യമില്ല. ദൈവസന്നിധിയിൽ മുട്ടുമടക്കിയാൽ ദൈവം നിശ്ചയമായും മറുപടി നൽകും.

നാം ഇവിടെ വിചിന്തനം ചെയ്യുന്നത് ദൈവീക അരുളപ്പാട് ലഭിച്ച യോനാ പ്രവാചകനെ കുറിച്ചാണ്. ഒന്നാം അദ്ധ്യായം ഒന്നാം വാക്യം ആരംഭിക്കുന്നത് യോനയ്ക്ക് യഹോവയുടെ അരുളപ്പാട് ഉണ്ടായതെന്തെന്നാൽ എന്ന് തുടങ്ങിയാണ്. അതിനർത്ഥം യോനയ്ക്ക് ദൈവീക വിളിയുണ്ടായിരുന്നു, ദൈവീക ശുശ്രൂഷയ്ക്ക്. എന്നാൽ യോന യഹോവയുടെ സന്നിധിയിൽ നിന്ന് പുറപ്പെട്ട് ദൈവീക ആലോചനയെ നിരസിച്ച് തർസ്സിശിലേയ്ക്ക് പോകുന്ന കപ്പലിലാണ് യാത്ര ചെയ്തത്. തൽഫലമായി ഉണ്ടായ സാമ്പത്തിക നഷ്ടവും, മാനസിക സംഘർഷവും കപ്പിത്താനും, കപ്പൽ ജോലിക്കാർക്കും, അതിലെ യാത്രക്കാർക്കും അനുഭവിക്കേണ്ടതായി വന്നു. ഇന്നും ഇതുപോലെ ദൈവീക നിയോഗം ലഭിച്ച വിശ്വാസികളും സഭാശുശ്രൂഷകരും വചന വിരുദ്ധമായി യാത്ര ചെയ്യുന്നവരുടെ ഗണത്തിൽ ഉണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്.

യോന എന്ന പദത്തിന് പ്രാവ് എന്നാണർത്ഥം. പ്രാവ് ഒരിക്കലും കൂട്ടം വിട്ട് അശുദ്ധിയുള്ള സ്ഥലത്ത് പോയി ഇരിക്കാറില്ല. അതുകൊണ്ടാണ് കർത്താവ് തന്നെ അനുഗമിക്കുന്നവരോട് 'നിങ്ങൾ പ്രാവിനെപ്പോലെ കളങ്കമില്ലാത്തവരായിരിക്കണം' എന്ന് ഉപദേശിച്ചത്. എന്നാൽ ഹോശേയ പ്രവചനത്തിൽ യിസ്രായേൽ ജനത്തെ താരതമ്യം ചെയ്തിരിക്കുന്നത്, നിങ്ങൾ ബുദ്ധിയില്ലാത്ത പൊട്ടപ്രാവ് എന്നാണ് (ഹോശേയ 7-ന്റെ 10-12). ദൈവത്തെ അന്വേഷിക്കുന്നവരാണ് ബുദ്ധിയുള്ളവർ (സങ്കീർത്തനം 53-ന്റെ 2). നാം നമ്മുടെ ജീവിതത്തിന്റെ പ്രാരംഭത്തിൽ തന്നെ ദൈവത്തിൽ ആശ്രയിക്കുന്നവരും അന്വേഷിക്കുന്നവരും ആയിരിക്കണം. ദൈവമേ, നീ എന്റെ ദൈവം. അ



ലേഖകൻ

തികാലത്തേ ഞാൻ നിന്നെ അന്വേഷിക്കും (സങ്കീർത്തനം 63-ന്റെ 1). ദൈവം എന്തുകൊണ്ടാണ് കപ്പൽ തകർന്നുപോകത്തക്കവണ്ണം കൊടുങ്കാറ്റ് അടുപ്പിച്ചത്? ദൈവം ദയവില്ലാത്ത ദൈവമാണോ? തുടങ്ങിയ ചോദ്യങ്ങൾ നമ്മൾ പലർക്കും ഈ വേദഭാഗം ധ്യാനിക്കുമ്പോൾ ഉയർന്നുവരാറുണ്ട്. ജീവിതത്തിൽ പ്രതിസന്ധികൾ കടന്നു വരുമ്പോൾ അതിന്റെ പിന്നിലും ദൈവത്തിന് പദ്ധതികൾ ഉണ്ടെന്നുള്ള യാഥാർത്ഥ്യം നാം വിസ്മരിച്ചു കളയരുത്. ദൈവം കൊടുങ്കാറ്റ് അടിപ്പിച്ചതിന്റെ ലക്ഷ്യം തുടർന്നുള്ള അദ്ധ്യായങ്ങളിൽ നിന്ന് വ്യക്തമാകുന്നുണ്ട്.

കൊടുങ്കാറ്റിനാൽ കപ്പൽ കടലിൽ മുങ്ങി താഴുന്ന അവസ്ഥ വന്നപ്പോൾ അതിലെ യാത്രക്കാർ എല്ലാം ജീവരക്ഷയ്ക്കായി പ്രാർത്ഥിച്ചപ്പോൾ യോന കപ്പലിന്റെ അടിത്തട്ടിൽ കിടന്ന് ഉറങ്ങുകയായിരുന്നു (അദ്ധ്യായം 1-ന്റെ 5). വിശ്വാസ ജീവിതത്തിൽ പ്രതിസന്ധികൾ വരുമ്പോൾ മടുത്തുപോകാതെ പ്രാർത്ഥിക്കുന്നവരായിരിക്കണം ദൈവമക്കൾ. പ്രാർത്ഥനയിൽ കൂടിയാണ് നാം ദൈവത്തോട് സംസാരിക്കുന്നത്. പ്രശ്നങ്ങൾ നമ്മുടെ ജീവിതത്തിൽ വരുമ്പോൾ മാത്രമല്ല, ദൈവഹിതം അറിയുന്നതിനും അനുദിന ജീവിതത്തിലെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രാർത്ഥനയാണ് പ്രതിവിധി.

യോന എന്തുകൊണ്ടാണ് ദൈവീക ആലോചനയെ നിരസിച്ചത്? യിസ്രയേലിന്റെ ശത്രുക്കളായ അശ്ശൂരിന് നാശം ഉണ്ടാകണമെന്നാണ് യോനയുടെ ഹൃദയവാക്യം. അതുകൊണ്ടാണ് അശ്ശൂരിന്റെ തലസ്ഥാനമായ നിനെവേയിലേക്ക് പുറപ്പെട്ടത്.

യോനയുടെ പ്രസംഗം മൂലം ഒരു ലക്ഷത്തിയിരുപതിനായിരത്തിൽ പരം ജനങ്ങളാണ് അന്ന് മാനസാന്തരപ്പെട്ട് ദൈവത്തിൽ വിശ്വസിച്ചത് (യോന 4-ന്റെ 11). യോനയ്ക്ക് ജനങ്ങളുടെ മാനസാന്തരം അത്യന്തം അനിഷ്ടമായി. അവന് കോപം വന്നു (4-ന്റെ 1). പെന്തെക്കോസ്ത് പ്രവാചകരുടെ ഇടയിൽ അവർ പ്രവചിക്കുന്നത് സംഭവിക്കാതെ വരുമ്പോൾ നിരാശരും അസന്തുഷ്ടരും ആയിത്തീരുന്നവരും നിരവധിയാണ്.

യോനയെപ്പോലെ ഇത്തരത്തിലുള്ള മനോഭാവം അഭികാമ്യമല്ല. യോന കപ്പലിന്റെ അടിത്തട്ടിൽ ഉറങ്ങിയതുപോലെ ഇന്നും വിശ്വാസ ജീവിതത്തിൽ ദൈവീക ആലോചനക്ക് വിരുദ്ധമായി പ്രവർത്തിച്ച് ആത്മീക വിഷയങ്ങളിൽ ക്ഷീണം സംഭവിച്ച് ഉറങ്ങുന്നവരുണ്ട്. യോന മത്സ്യത്തിന്റെ വയറ്റിൽ കിടന്നത് കർത്താവിന്റെ മരണത്തിന്റെ നിഴലാണ് (മത്തായി 12-ന്റെ 39, 40).

എന്നാൽ നമ്മുടെ കർത്താവ് യോനയിലും വലിയവനാണ്. ശിംശോനെപ്പോലെ ദലീലയുടെ മടയിൽ ഉറങ്ങാൻ ഇടവരാതെ നാം വിശുദ്ധിയും വേർപാടും പാലിച്ച് ജീവിതം നയിക്കുന്നവരായിരിക്കണം. അവൻ നിങ്ങളോടു എന്തെങ്കിലും കല്പിച്ചാൽ അത് ചെയ്യുവിൻ. തന്മൂലമാണ് അത്ഭുതങ്ങൾ സംഭവിക്കുന്നത്. കല്പിക്കാത്തത് ചെയ്യുന്നതാണ് അനുസരണക്കേട്.

## സമാധാനക്കൊയ്ത്ത്

ദൈവത്തിൽ തിരുനാമം
പൂജിതമാകണമീഭൂവിൽ
ദൈവസ്തുതികൾ മുഴങ്ങിടണം
ലോകം മുഴുവനുമെന്നാളും
ദൈവവചനം പറഞ്ഞിടണം
അത് ലോകത്തുള്ളോരറിഞ്ഞിടണം
ആ വചനം മാംസമാക്കിടണം
അത് ഹൃദയത്തിൽ വളർത്തിടണം
ദൈവാത്മാവാൽ നിറഞ്ഞിടണം
അതിന്റെ ഫലങ്ങൾ പുറപ്പെടണം
അയൽക്കാരനെ സ്നേഹിക്കുന്നോർ
ആയിട്ടങ്ങനെ മാറിടണം.
നാം സത്യത്തിൽ ഉറച്ചിടണം
നീതിയിൽ ചരിച്ചിടണം
ക്ഷമയുടെ വിത്തുകൾ പാകിടണം
പിന്നെ സമാധാനം കൊയ്തിടണം.




മാത്യു ചെറുശ്ശേരി

## സിഎംഎ വിമൻസ്ഫോറം ചെറുകഥാ മത്സരം നടത്തുന്നു

ചിക്കാഗോ: മാർച്ച് 2-ന് നടത്തുന്ന അന്താരാഷ്ട്ര വനിതാ ദിനാഘോഷത്തിൽ വനിതകൾക്കായി ചെറുകഥാമത്സരം നടത്തുന്നു. മാർച്ച് 2-ന് ശനിയാഴ്ച മോർട്ടൻഗ്രോവ് സെ. മേരീസ് ക്നാനായ ചർച്ച് ഓഡിറ്റോറിയത്തിൽ 3 മണിക്ക് മത്സരം ആരംഭിക്കും.

കഥയുടെ വിഷയം അര മണിക്കൂർ മുമ്പ് നല്കും. അവരവർക്ക് ഇഷ്ടമുള്ള രീതിയിൽ കഥയെഴുതി സമർപ്പിക്കാവുന്നതാണ്. നിന്നുപോയ സർഗ്ഗവാസനകൾ തൊട്ടുണർത്തുന്നതിനുള്ള അവസരമായി ഈ മത്സരം ഉപയോഗപ്പെടുത്തണമെന്ന് സിഎംഎ വിമൻസ് ഫോറം ഭാരവാഹികൾ അറിയിച്ചു. വെജിറ്റബിൾ ഫ്രൂട്ട് കാർവിങ്, ഫ്ളവർ അറേഞ്ച്മെന്റ്, സാരി ഉടുക്കൽ മത്സരം എന്നിവയും അന്നേദിവസം നടത്തപ്പെടുന്നതാണ്.

അമ്മയും മക്കളും ചേർന്നുള്ള കലാപരിപാടികൾ, സമൂഹഗാനം, ഒപ്പന, ഗ്രൂപ്പ് ഡാൻസ് തുടങ്ങിയ വിവിധ കലാപരിപാടികൾ പൊതുസമ്മേളനത്തിനുശേഷം നടത്തപ്പെടുന്നതായിരിക്കും. എല്ലാവർക്കും കുടുംബസമേതം പങ്കെടുക്കാവുന്ന ചിക്കാഗോ മലയാളി അസോസിയേഷന്റെ വർണ്ണശബളമായ ഈ ആഘോഷത്തിലേക്ക് എല്ലാവരെയും സ്നേഹപൂർവം ക്ഷണിക്കുന്നതായി സിഎംഎ ബോർഡ് മെംബേഴ്സ് അറിയിച്ചു.



# ലോക്കോ പൈലറ്റില്ലാതെ ട്രെയിൻ ഓടിയത് 70 കി.മീ.

ജമ്മു: ജമ്മു-കാശ്മീരിലെ കഠുവയിൽനിന്ന് പഞ്ചാബിലെ ഉച്ചി ബാസി വരെയുള്ള 70 കിലോമീറ്റർ ദൂരം ഗുഡ്സ് ട്രെയിൻ ലോക്കോ പൈലറ്റില്ലാതെ ഓടി. മെറ്റലുകൾ നിറച്ച 53 വാഗണുകളുള്ള ട്രെയിൻ അതിവേഗത്തിൽ അഞ്ചു സ്റ്റേഷനുകൾ പിന്നിട്ടെങ്കിലും ഭാഗ്യംകൊണ്ടു മാത്രം അപകടങ്ങളെല്ലാം വഴിമാറിപ്പോകുകയായിരുന്നു.



പഞ്ചാബിലെ ഉച്ചിബാസി സ്റ്റേഷനു സമീപം ഗുഡ്സ് ട്രെയിൻ തടഞ്ഞു നിർത്തിയപ്പോൾ

ഫെബ്രുവരി 25-ന് രാവിലെ 7.25 -ന് കഠുവ റെയിൽവേ സ്റ്റേഷനിൽനിന്ന് ഉരുണ്ടുനീങ്ങിയ ട്രെയിൻ രണ്ടു മണിക്കൂറിനുശേഷം ഒമ്പതോടെ ട്രാക്കിൽ തടിക്കഷ്ണങ്ങൾ നിരത്തിവെച്ച് നിർത്തുകയായിരുന്നു. ഡ്രൈവർ മാറുന്നതിനായാണ് കഠുവ സ്റ്റേഷനിൽ ട്രെയിൻ നിർത്തിയത്. ലോക്കോ പൈലറ്റും അസിസ്റ്റന്റ് ലോക്കോ പൈലറ്റും ട്രെയിനിൽനിന്ന് ഇറങ്ങിയെങ്കിലും ഹാൻഡ്ബ്രേക്ക് ഇടാൻ രണ്ടുപേരും മറന്നുവെന്നാണ് നിഗമനം.

പത്താൻകോട്ട് ഭാഗത്തേക്കുള്ള ദിശയിൽ നിർത്തിയിട്ടിരുന്ന ട്രെയിൻ, മുന്നിലെ ചെറിയ ഇറക്കത്തിലൂടെ തനിയെ ഉരുണ്ടു നീങ്ങുകയായിരുന്നുവെന്ന് ദൃക്സാക്ഷികൾ പറഞ്ഞു. ഒരു വേള മണിക്കൂറിൽ 100 കിലോമീറ്റർ വരെ വേഗതയിൽ ട്രെയിൻ സഞ്ചരിച്ചുവെന്ന് പറയപ്പെടുന്നു. മുന്നറിയിപ്പില്ലാതെ ട്രെയിൻ നീങ്ങിയതോടെ അമ്പരപ്പിലായ ഉദ്യോഗസ്ഥർ അതിവേഗം രക്ഷാദൗത്യം തുടങ്ങി. ഒടുവിൽ പഞ്ചാബിലെ മുഖേരിയാനു സമീപം ഉച്ചിബാസി സ്റ്റേഷനു തൊട്ടടുത്തുവെച്ച് ട്രെയിൻ തടഞ്ഞുനിർത്തുകയായിരുന്നു.

# സിപിഐ സ്ഥാനാർത്ഥികളായി

തിരുവനന്തപുരം: ലോക്സഭാ തെരഞ്ഞെടുപ്പിൽ മാവേലിക്കരയിൽ അരുൺകുമാറിനെ മത്സരിപ്പിക്കാൻ സിപിഐ സംസ്ഥാന എക്സിക്യൂട്ടീവിൽ ധാരണ. വയനാട്ടിൽ ആനി രാജയും തിരുവനന്തപുരത്ത് പന്ന്യൻ രവീന്ദ്രനും തൃശൂരിൽ വി.എസ് സുനിൽകുമാറും മത്സരിക്കും. മാവേലിക്കരയിൽ സി.എ അരുൺകുമാറിന് വേണ്ടത്ര സ്വീകാര്യത ലഭിച്ചിരുന്നില്ല. ജില്ലാ കൗൺസിൽ അംഗവും മന്ത്രി പി. പ്രസാദിന്റെ അഡീ. പ്രൈവറ്റ് സെക്രട്ടറിയുമാണ് സി.എ അരുൺകുമാർ. ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാറിന്റെ പേരും ജില്ലാ കൗൺസിൽ നിർദേശിച്ചിരുന്നു. എന്നാൽ, അരുൺകുമാറിന്റെ പേരിനാണ് മുൻതൂക്കം ലഭിച്ചത്. തിരുവനന്തപുരത്ത് സ്ഥാനാർത്ഥിയായി പരിഗണിക്കുന്ന മുതിർന്ന നേതാവും മുൻ സംസ്ഥാന സെക്രട്ടറിയുമായ പന്ന്യൻ രവീന്ദ്രൻ മത്സരത്തിനു പൂർണ സമ്മതം അറിയിച്ചിട്ടില്ല.

# ‘ദ ഫേസ് ഓഫ് ദ ഫേസ്‌ലെസ്’ ലോക ക്രിസ്ത്യൻ സിനിമയുടെ നെറുകയിൽ

കൊച്ചി: 2023-ലെ ഏറ്റവും മികച്ച ക്രിസ്ത്യൻ സിനിമയ്ക്കുള്ള ഇന്റർനാഷണൽ ക്രിസ്ത്യൻ വിഷ്വൽ മീഡിയ (ഐ.സി.വി.എം.) ഗോൾഡൻ ക്രൗൺ അവാർഡ് ‘ദ ഫേസ് ഓഫ് ദ ഫേസ്‌ലെസ്’ കരസ്ഥമാക്കി. അമേരിക്കയിലെ ടെന്നിസിൽ നടന്ന ചടങ്ങിൽ സിനിമയുടെ സംവിധായകനായ ഷൈസൺ പി. ഔസേഫ്, നിർമാതാവായ സാന്ദ്രാ ഡിസൂസ റാണാ എന്നിവർ അംഗീകാരം ഏറ്റുവാങ്ങി. തന്റെ 21-ാം വയസിൽ മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി മധ്യപ്രദേശിലെത്തി ഒരു പ്രദേശത്തെ പീഡിതജനതയ്ക്കായി ജീവിതം ഹോമിച്ച വാഴ്ത്തപ്പെട്ട സിസ്റ്റർ റാണി മരിയയുടെ ത്യാഗോജ്വല ജീവിതം വിവരിക്കുന്ന സിനിമയാണിത്.

ഐ.സി.വി.എം. ഗോൾഡൻ ക്രൗൺ അവാർഡ് ലോകക്രിസ്ത്യൻ ചലച്ചിത്ര നിർമാണത്തിലെ മികവിന്റെ പ്രതീകമാണ്. സിനിമയ്ക്ക് ഐ.സി.വി.എം. 2023 ഗോൾഡൻ ക്രൗൺ അവാർഡ് ലഭിച്ചതിൽ സന്തോഷമുണ്ടെന്നും ഇതിലൂടെ തങ്ങളുടെ കഠിനാധ്വാനത്തെ ആഘോഷിക്കുക മാത്രമല്ല, മുഖമില്ലാത്തവരുടെ മുഖം എന്നതിന്റെ സാർവത്രിക ആകർഷണം അടിവരയിടുകകൂടിയാണെന്നും ചിത്രത്തിന്റെ സംവിധായകൻ ഷൈസൺ പി. ഔസേഫ് പറഞ്ഞു. എഴുപതിലധികം രാജ്യങ്ങളിലെ നൂറിലേറെ ക്രിസ്തീയ ചലച്ചിത്ര ആവിഷ്കാരങ്ങളിൽനിന്നാണ് ‘ദ ഫേസ് ഓഫ് ദ ഫേസ്‌ലെസ്’ മികച്ച അന്താരാഷ്ട്ര ചലച്ചിത്രമായി തെരഞ്ഞെടുക്കപ്പെട്ടത്. ചിത്രം ലോകമെമ്പാടും 50-ലധികം അംഗീകാരങ്ങൾ നേടുകയും ഓസ്കർ നോമിനേഷനുകൾക്ക് അർഹത നേടുകയും ചെയ്തു.




ഇന്റർനാഷണൽ ക്രിസ്ത്യൻ വിഷ്വൽ മീഡിയ ഗോൾഡൻ ക്രൗൺ അവാർഡ് നേടിയ ‘ദ ഫേസ് ഓഫ് ദ ഫേസ്‌ലെസ്’ സിനിമയുടെ സംവിധായകൻ ഷൈസൺ പി. ഔസേഫ് അംഗീകാരം ഏറ്റുവാങ്ങുന്നു

# സംഗീതജ്ഞൻ ഡി. ശേഷാചാരി അന്തരിച്ചു

ഹൈദരാബാദ്: വിഖ്യാത സംഗീതജ്ഞൻ ഡി. ശേഷാചാരി (66) അന്തരിച്ചു. കർണാടക സംഗീതലോകത്തെ പ്രതിഭകളായ ഹൈദരാബാദ് സഹോദരന്മാരിൽ ഒരാളാണ്. ഭാര്യ: ശാരദ. മക്കൾ: ശ്രീനിവാസാചാരി, അർച്ചന.



ഹൈദരാബാദിലെ സംഗീത പാരമ്പര്യമുള്ള കുടുംബത്തിലായിരുന്നു ശേഷാചാരിയുടെ ജനനം. പിതാവ് ദാരൂർ രത്നമാചാര്യലു, മാതാവ് സുലോചനാ ദേവി എന്നിവരായിരുന്നു സംഗീതത്തിൽ ശേഷാചാരിയുടെ ആദ്യ ഗുരുക്കന്മാർ. പിന്നീട് ഇരുവരും ഹൈദരാബാദ് ഗവ. മ്യൂസിക് ആൻഡ് ഡാൻസ് കോളജിൽനിന്ന് കർണാടക സംഗീതത്തിൽ വിദഗ്ധശിക്ഷണം നേടി.

ചെന്നൈയിൽ നടത്തിയ സംഗീതസദസോടെ ആസ്വാദകമനസിൽ ഇടംപിടിച്ച ഇരുവരും ഹൈദരാബാദ് സഹോദരന്മാരെന്ന പേരിൽ പ്രശസ്തരായി. ഇന്ത്യയിലും വിദേശത്തും നിരവധി സംഗീതക്കച്ചേരികൾ അവതരിപ്പിച്ച ഇരുവരുടെയും പ്രതിഭയ്ക്ക് ആദരമായി നിരവധി പുരസ്കാരങ്ങളും ലഭിച്ചു. ഹൈദരാബാദ് സംഗീത നാടക അക്കാദമിയുടെ യുവപ്രതിഭാ പുരസ്കാരം, മദ്രാസ് മ്യൂസിക് അക്കാദമി പുരസ്കാരം, കാഞ്ചി, കാമകോടി പീഠം ആസ്ഥാന വിദ്വാൻപട്ടം, ആന്ധ്രാപ്രദേശ് സർക്കാരിന്റെ കലാരത്ന പുരസ്കാരം എന്നിവ അവയിൽ ചിലതുമാത്രം.

## ലീഗിന് മൂന്നാം സീറ്റില്ല

(ഒന്നാം പേജിൽ നിന്നും)

എന്നാൽ ഇതിനോട് അനുഭാവ പൂർണമായ നിലപാടല്ല സംസ്ഥാന കോൺഗ്രസ് നേതൃത്വം തുടക്കം മുതലേ സ്വീകരിച്ചത്. ഇതാണു ലീഗിനെ കൂടുതൽ ചൊടിപ്പിച്ചത്. ഇതോടെ മൂന്നാം സീറ്റെന്ന ആവശ്യം ലീഗ് കടുപ്പിച്ചു. ലോക്സഭാ തെരഞ്ഞെടുപ്പു പടിവാതിൽക്കൽ നിൽക്കേ ലീഗിനെ അധികം പിണക്കാതെയുള്ള ഫോർമുലയെന്ന നിലയിലാണു രാജ്യസഭാ സീറ്റെന്ന വാഗ്ദാനം കോൺഗ്രസ് മുന്നോട്ടുവെച്ചത്.

രാജ്യസഭാ സീറ്റ് വിഷയത്തിൽ എ.ഐ.സി.സി. ഇടപെട്ടു വിട്ടുവീഴ്ചയ്ക്കു തയാറാകുമെന്ന കണക്കുകൂട്ടലിലാണു ലീഗ്. അനുകൂല തീരുമാനമുണ്ടായില്ലെങ്കിൽ ഒറ്റയ്ക്കു മത്സരിക്കണമെന്ന വികാരം ലീഗിനുള്ളിലുണ്ട്. അതിനാൽ, ലീഗിനെ പിണക്കുന്ന നിലപാടിലേക്കു കോൺഗ്രസ് പോകാനിടയില്ല.

## പൊതുസ്ഥാനാർത്ഥികൾ

(ഒന്നാം പേജിൽ നിന്നും)

മണ്ഡലങ്ങളിൽ മാത്രം മത്സരിച്ചാൽ മതിയെന്നും എല്ലായിടത്തും സ്ഥാനാർത്ഥികളെ നിർത്തി ബി.ജെ.പി. വിരുദ്ധ വോട്ടുകൾ ഭിന്നിക്കാൻ ഇടവരുത്തരുതെന്നുമാണ് ഹൈക്കമാൻഡിന്റെ നിലപാട്. എന്നാൽ, ഇടതുപക്ഷവുമായി ചേർന്നു സംസ്ഥാനത്തുടനീളം മത്സരിക്കണമെന്നാണു സംസ്ഥാന ഘടകത്തിന്റെ വാദം. ഡൽഹി, യു.പി എന്നിവിടങ്ങളിൽ സഖ്യത്തിനു രൂപമായെങ്കിലും ബി.ജെ.പിയെ വീഴ്ത്തുക ഇന്ത്യ മുന്നണിക്കു ദുഷ്കര ദൗത്യമാകും. യു.പിയിൽ 49.98 ശതമാനമായിരുന്നു ബി.ജെ.പിയുടെ വോട്ട് വിഹിതം. എസ്.പി. (18.11), കോൺഗ്രസ് (6.36) എന്നിവ ചേർന്നാലും ബി.ജെ.പി. ഏറെ മുന്നിലാണ്.

ഭാരത് ജോഡോ ന്യായ് യാത്രയിൽ രാഹുൽ, പ്രിയങ്ക എന്നിവർക്കൊപ്പം അണിനിരന്ന് എസ്.പി. നേതാവ് അഖിലേഷ് യാദവ്. ലോക്സഭാ തെരഞ്ഞെടുപ്പിൽ ഇന്ത്യ മുന്നണി ഒറ്റക്കെട്ടായി പോരാടുമെന്നും കേന്ദ്രത്തിൽ സർക്കാരുണ്ടാക്കുമെന്നും ആഗ്രയിലെ റാലിയിൽ അദ്ദേഹം പറഞ്ഞു.

## മാർത്തോമ്മൻ പൈതൃക സംഗമം

(ഒന്നാം പേജിൽ നിന്നും)

വൈകിട്ട് മൂന്നുമണിയോടെ ഘോഷയാത്ര സമ്മേളനനഗരമായ നെഹ്റു സ്റ്റേഡിയത്തിൽ എത്തി. തിങ്ങിക്കൂടിയ വിശ്വാസികളെ സാക്ഷിയാക്കി സഭാസ്ഥാനികൾ വേദിയിലേക്ക് പ്രവേശിച്ചു. പിന്നാലെ മെത്രാപ്പൊലീത്തമാർ എത്തി. അതിനു പിന്നാലെ തുറന്ന ജീപ്പിൽ മലങ്കര മെത്രാപ്പൊലീത്തയുടെ പരമ്പരാഗത ചിഹ്നങ്ങളിലൊന്നായ മുതലവായൻ തൊപ്പിയും ശിരോവസ്ത്രങ്ങളും ധരിച്ച്, ഇരട്ടപ്പത്തിയുള്ള സ്വർണഅംശവടിയുമായി സഭാധ്യക്ഷൻ ബസേലിയോസ് മാർത്തോമ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവ വേദിയിലേക്ക് പ്രവേശിച്ചു. നിറഞ്ഞ കൈയടികളോടെ ബാവയെ വിശ്വാസികൾ എതിരേറ്റു. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ശക്തി വിളിച്ചോതിയ മാർത്തോമ്മൻ പൈതൃക സംഗമം ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഉദ്ഘാടനം ചെയ്തു. സഭയുടെ ചരിത്രത്തിലെ അവിസ്മരണീയ മുഹൂർത്തത്തിനാണ് അക്ഷരനഗരി സാക്ഷ്യം വഹിച്ചത്. ഇന്ത്യൻ ഭരണഘടനയെ മറികടക്കാൻ ആർക്കും കഴിയില്ലെന്നു ഗവർണർ ഉദ്ഘാടനപ്രസംഗത്തിൽ പറഞ്ഞു. സുപ്രീംകോടതി വിധിക്ക് വിരുദ്ധമായി ചർച്ച് ബിൽ കൊണ്ടുവരാനുള്ള കേരളസർക്കാരിന്റെ നീക്കം സമ്മേളനത്തിൽ അധ്യക്ഷത വഹിച്ച പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ത്രിതീയൻ കാതോലിക്കാ ബാവ ഗവർണറുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ മറുപടിയായിട്ടാണു ഗവർണർ നിലപാട് വ്യക്തമാക്കിയത്. നിയമവും ഭരണഘടനയും അനുസരിക്കാനും ഗവർണറായ തനിക്ക് പോലും ഉത്തരവാദിത്വം ഉണ്ട്. ഭരണഘടനയനുസരിച്ച് സത്യപ്രതിജ്ഞ ചെയ്തവർക്ക് ഈ കാര്യത്തിൽ കൂടുതൽ ഉത്തരവാദിത്വമുണ്ടെന്നും ഗവർണർ കൂട്ടിച്ചേർത്തു.

ഭാരതീയ ദർശനമുൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുന്ന ഒരു ക്രൈസ്തവ സമൂഹമാണ് മലങ്കര ഓർത്തഡോക്സ് സഭ. ഭാരതീയ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിൽ ഈ സഭ എപ്പോഴും മുന്നിൽ നിൽക്കുന്നു. ഓർത്തഡോക്സ് സഭയുടെ തലവൻ ഒരു ഭാരതീയനാണെന്നത് അഭിമാനകരമാണെന്നും ഗവർണർ പറഞ്ഞു. മാർത്തോമ്മാശ്ലീഹയുടെ പൈതൃകം അവകാശമുള്ള ഓർത്തഡോക്സ് സഭ എല്ലാ ക്രൈസ്തവ വിഭാഗങ്ങൾക്കും മാതൃകയാണ്. വിദ്യാഭ്യാസ-ആരോഗ്യ രംഗത്ത് കേരളത്തിനും ഭാരതത്തിനും സഭ നൽകിയ സംഭാവന ആർക്കും വിസ്മരിക്കാനാകില്ലെന്നും ഗവർണർ പറഞ്ഞു.

സംഘർഷമല്ല സമന്വയമാണ് വേണ്ടതെന്നു മുഖ്യപ്രഭാഷണം നടത്തിയ ഗോവ ഗവർണർ പി.എസ്. ശ്രീധരൻ പിള്ള പറഞ്ഞു. പൈതൃകവും വിശ്വാസവും പരസ്പര പൂരകങ്ങളാണെന്നും ആരു ഭരിച്ചാലും വിശ്വാസമാണ് വലുതെന്നും ഗോവ ഗവർണർ പറഞ്ഞു.

കോട്ടയം എം.ഡി. സെമിനാരി മൈതാനിയിൽനിന്ന് ആരംഭിച്ച മാർത്തോമ്മൻ പൈതൃക വിളംബര ഘോഷയാത്രയോടെയായിരുന്നു തുടക്കം. ഘോഷയാത്ര തോമസ് ചാഴികാടൻ എം.പി. ഫ്ളാഗ് ഓഫ് ചെയ്തു.

# SEEKING BRIDEGROOM

*Knanaya Jacobite parents invite marriage proposals for their daughter (26 Yrs.), born and raised in the US, Master of Physician Assistant Working as a PA in a hospital. Marriage proposal invited from parents of Knanaya catholic / Jacobite, God-fearing boys born or raised & educated in the US or Canada with qualified Medical or other professional degrees & working. Please contact:
**knawedding101@yahoo.com**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to **foreverulove2023@gmail.com** or **469-371-7023**.

*Roman Catholic parents invite proposals for their daughter who is working as Pham-D. She is 38 and 5'-3" fair complex. She is born and brought up in U.S.A. We are seeking suitable alliance from professionally qualified Engineers, Doctors, Pharmacists, MBA accountants , IT professionals born and raised in U.S.A. who are Catholics and God-fearing and family oriented. Interested please respond with details including a recent picture to: **cyriac78@hotmail.com**

*Pentecostal parents settled in USA invite proposal for their daughter 28 years old, 5' born again, baptized and spirit filled. Born and brought up in USA. Masters in Accounting, working as a corporate senior tax accountant, pursuing CPA. Parents of qualified boys ( from USA or Canada) with good spiritual background may please respond with details and pictures to **smat16ab@gmail.com**

*USA Settled family seeking proposal for their daughter, 28 years old 5' 3" born and raised here in the US. She has graduated from medical school, and currently doing 2nd year residency in Family Medicine. She is born again, baptized, and has a heart for medical missions. Looking for proposals from interested parties. Please respond with contact number, picture/s and or with any online profile, if one available.
Contact- **Plavilakandan@gmail.com**

*U.S. settled, professional, Keralite Hindu parents invite proposals for their US-born and raised only child, Architect (M. Arc.), pretty, accomplished: singer, Indian Classical dancer, and pianist. 30,5', currently working in Southwest (willing to relocate to southern region) from professionals (preferably US citizens).

Visit Our Website:
www.keralaexpress.com
for Matrimonial Advt.

Interested parties kindly contact us with details and a recent picture to: **bejeweledsnow@hotmail.com**

*Seeking suitable groom for 25 yrs old daughter (Oct 1998) - Pentacostal background. She is currently doing her masters in social work and working full time as a case worker with a human trafficking organization. She graduated with bachelors degree in health science from Texas A&M. She is born again, spirit filled and has a heart for ministry, very active in church, Sunday school and youth groups. She has been to several mission trips overseas and has a heart to mentor, teach the word and minister to the youth. She organizes and motivates the youth to spend time in prayer and the word. Born in the middle east, raised in US since 5yrs of age. Looking for someone who has similar interests and loves the Lord and the church. We are settled in Dallas. If interested please email information to **annoov17@gmail.com.**

*Malayalee Born-Again girl 24, MIS, USA born, employed with a reputed firm — seeks Born-Again, Malayalee professional, 25-28 yrs, US born or came to US at young age. Contact **863-513-3759** or **johjohns46@yahoo.com**

*We are looking for a god-fearing Protestant Christian groom for our daughter. She is 25, slim, 5'6 and is working as a researcher in a biotech company. We would prefer someone born and raised in the US, at least 5'10 and is working or studying in the US. Please contact **(408) 203-6088** if interested.

*Christian Pentecostal parents inviting proposals for their daughter who is born again, baptized and spirit filled. 29 years (DOB: April 25, 1994). Graduated in Psychology and working as Family counselor. Seeking proposals from suitable boys professionally qualified (born and brought up in USA or Canada is preferred), good family backgrounds and born again, baptized and Spirit filled. Interested parents contact at **alexmat1963@gmail.com.**

*Pentecostal family settled in USA seeks proposal for their daughter, 24 years old, 5'5". Born and raised in the US and graduated with a Bachelor's from a prestigious university in the US and currently works in financial services at a well established professional bank. She is also pursing Masters in Evangelism. Seeking God fearing, born again Christian boys from USA or Canada with a professional background. If interested, please email at **k64abraham@gmail.com** or **630-748-9314.**

*Christian parents settled in USA since 1997 invite proposals for their daughter, 37 years old, 5'3", born again and baptized and in fellowship with a Pentecostal Church.Our daughter has multiple degrees including law degree and working with State government (Florida) for the last seven years. She was raised in the

# SEEKING BRIDE

*Double board certified physician currently working as a Medical Director at the VA. Beyond the realm of medicine, I prioritize strong family values and faith. I'm seeking a meaningful connection with someone who shares these principles, someone who values integrity, compassion, and growth. If you're ready to embark on a journey of companionship rooted in mutual respect and shared beliefs, I'd love to hear from you." Please respond with details and recent picture to **pvcglorytogod@gmail.com**

*Brother settled in the U.S. invites marriage proposal for Knanaya Catholic widower (U.S. returned, doing business, 2 sons, 1 in Canada & other one in Bangalore), 55, 5'8", 150lb from Knanya women or widows with or without children. Please contact us on **+1 863-447-0691 or email at joscoveneers@gmail.com.**

*Jacobite parents invite marriage proposals for their son 43 years old. Born and raised in Dubai, graduated from Czech medical university, P.G from New York. Innocently divorced. Presently working as a professor in one of the reputed medical schools in New York as professor, U.S. citizen. Interested parties contact. **91-9400026888**.

*Born Again Pentacostal church member, citizen of USA, 39 years old, single, working in USA as software engineer seeking born again Pentacostal girl from USA, looking for spiritually inclined, working professionally in USA. Please contact **deniscyrus@gmail.com / 609-968-1097.**

*Pentecostal parents are searching for a suitable match for their son, born in August 1991, 5'10" tall, an Attorney with a Juris Doctor degree. He works in Corporate Compliance and Privacy at a major hospital in the USA. He is dedicated to his church and enthusiastic about mission work. If interested please send details and recent pictures WhatsApp: **+91 9810701777.**
Email: **glorya9307@gmail.com**

*Christian professional parents looking for a match for our 31-year-old son: Born again, US born, physician in Internal Medicine residency – 2nd year, 6ft tall. Looking for Christian, US born, professional women age 24-31. Please send bio with family information and picture to **Marriage1292@gmail.com.**

*Pentecostal parents invite proposal for their son (age 25, h-175 cm), who is born-again, baptized, Holy Spirit-filled, raised in traditional Syrian Christian family, heavily involved in Church and mission activities, and has finished Masters in Medical Engineering from UK (currently in UK) from parents of God fearing educated Pentecostal girls settled in US and Canada. If interested, please contact **rinojjohn82@gmail.com,**
**+44 7776814498, +91 9846130814** with details and pictures.

*USA settled Christian family seeking proposal for their 34 year old son who was born in Sultanate of Oman and moved to US at the age of 6. He is 5'7", born again/ baptized and in fellowship with a Pentecostal Church in Florida. He has Masters degree from Georgia Tech and currently working with Lockheed Martin as a Senior Software Engineer since several years. He had to undergo a Kidney transplant in 2010 (his only sister donated her kidney). He is in very good health, athletic and socially active. We are looking for a born again, educated girl from US or elsewhere. Those who are interested, please text, whatsapp at **863-709-6031** or email to **mathewg1956@gmail.com.**

*Pentecostal parents seek a proposal for their 30-year-old son currently doing business in Kuwait. He was born and raised in Kerala and educated in Bangalore. He has a BBA and Hotel Management degree, is 5'7" tall, and has a fair complexion. Invite proposals from born-again, baptized, Holy Spirit-filled, and educated girls from the USA.
Email: **glorygeorge2255@gmail.com**
Phone: **+91 96058 05845 (India) 5867419373 (USA)**

*Parents prayerfully seek marriage for their 27-year-old son (Fair, 5'11"). He is born again, baptized and doing his MD residency (second year) in Houston, Texas. Seeking alliances from born again, baptized, USA brought up, educated girls. If interested, parents please share details with pictures at
**JOHNVUSA321@gmail.com**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

## SEEKING BRIDEGROOM CONTD.....

Middle East until 10 years of age and moved to US in 1997. Parents of born again, educated boys from US or Canada with good spiritual background may respond to me directly at **mathewg1956@gmail.com** or text at **863-709-6031.**

*Pentecostal family settled in USA is inviting marriage proposals for their 23-year-old daughter (May-2000), 5'3, completed her BSN and working as an emergency room nurse and also doing her MBA. She is born and brought up in the USA, well mannered, and fluent in Malayalam. Looking for God-fearing, born-again Christian boys under 30 with a professional background. If interested please contact **224-856-0429** with details and pictures.

KERALA EXPRESS

# നിര്യാതരായി

## മറിയം ചാക്കോ

**പെരുംതുരുത്ത്:** വാരപ്പടവിൽ മറിയം ചാക്കോ (പെണ്ണമ്മ -72) അന്തരിച്ചു. കൊടുതുരുത്ത് പന്നാപാറയിൽ കുടുംബാംഗമാണ്. ഭർത്താവ് ചാക്കോ ജോസഫ്. മക്കൾ: ജോസഫ് (യുഎസ്), മോളി (ഡൽഹി), ജിനു ജേക്കബ് (ന്യൂസിലൻഡ്). മരുമക്കൾ: സിജി ജോർജ് ചേലപ്പുറത്ത് തൊടുപുഴ (യുഎസ്), സജിമോൻ ജോസഫ് മടുക്കിയാങ്കൽ മേരിലാൻഡ്, ട്രിജി ജിനു തലക്കൽ തെള്ളകം (ന്യൂസിലൻഡ്).

## ബേബി

**കുടശനാട്:** പടിഞ്ഞാറേ മുക്കത്ത് ബേബി (91) അന്തരിച്ചു. ഭാര്യ ഇലഞ്ഞിമേൽ കൊച്ചുവടക്കേതിൽ പരേതയായ കുഞ്ഞമ്മ ബേബി. മക്കൾ: വർഗീസ്, ലീലാമ്മ ജോസ് മുക്കത്ത്, ലൈസാമ്മ, സൂസൻ (യുഎസ്), ജോളി. മരുമക്കൾ: കുതിരച്ചിറ കരിങ്കുന്നിൽ പുത്തൻവീട്ടിൽ അല്ലി, മംഗലം തോന്നിൽ വീട്ടിൽ ടി.ടി. മാത്യു, പുലിയൂർ മലയിൽ ബിജു ഭവനിൽ ഷേർലി, ചാരുംമൂട് സിബിൻവില്ലയിൽ ടി. സാബു പേരിശേരി തോട്ടത്തിൽ പടിഞ്ഞാറേതിൽ മാത്യു സാമുവൽ (യുഎസ്), കടമ്പനാട് മുണ്ടപ്ലാവിളയിൽ തോമസ് വർഗീസ് (മസ്കറ്റ്).

## മേരി അഗസ്റ്റിൻ



**കല്ലൂർക്കാട്:** എടമനകളത്തി (പുൽപ്പറമ്പിൽ) മേരി അഗസ്റ്റിൻ (84) അന്തരിച്ചു. നാഗപ്പുഴ പാറക്കാട്ടേൽ കുടുംബാംഗമാണ്. ഭർത്താവ് പി.ജെ. ജോസഫ്. മക്കൾ: സൈബു, ബെറ്റി (യുഎസ്), സാജു, റ്റിറ്റി (യുഎസ്), സേവി (ഓസ്ട്രേലിയ), അഡ്വ. ജിറ്റി. മരുമക്കൾ: ആൻസി പാത്തികുളങ്ങര പഴങ്ങനാട്, സൈമൺ പാറത്താഴം (യുഎസ്), മിനി നെല്ലിക്കുന്നേൽ മൂവാറ്റുപുഴ, സാജു വടക്കേൽ (യുഎസ്), ജാസ്മിൻ കടപ്ലാക്കൽ (ഓസ്ട്രേലിയ).

**മൂവാറ്റുപുഴ:** ആയവന വാമറ്റത്ത് ജോളി വാമറ്റത്തിന്റെയും റാണിയുടെയും മകൻ അഡ്വ. തോമാച്ചൻ ജെ. വാമറ്റം (32) അന്തരിച്ചു.

**മണർകാട്:** തമിഴ്നാട് വൈദ്യുതി വകുപ്പ് റിട്ട. ഉദ്യോഗസ്ഥൻ കുഴിപ്പുരയിടം മാലീൽ പി. ജോൺ (ബേബി-92)അന്തരിച്ചു.

**കുമരകം:** എഫ്എസ്എം സഭാംഗം സിസ്റ്റർ ഫ്രാൻസിസ് മേരി (ചിന്നമ്മ-95) അന്തരിച്ചു.

**തുരുത്തി:** യൂദാപുരം ആലഞ്ചേരി സിസിലിയാമ്മ ജോസഫ് (89) അന്തരിച്ചു.

## പ്രഫ. എം.ടി. ജയലക്ഷ്മി

**കോഴിക്കോട്:** ചേളന്നൂർ ശ്രീനാരായണഗുരു കോളജ് സുവോളജി വിഭാഗം മേധാവിയായിരുന്ന പ്രഫ. എം.ടി. ജയലക്ഷ്മി (78) അന്തരിച്ചു. മുൻമന്ത്രി എം.ടി. പത്മയുടെ സഹോദരിയാണ്. ഭർത്താവ് പ്രഫ. വി.കെ. വിജയൻ. മക്കൾ: ശ്യാം (യുഎസ്), ഡോ. സന്ദീപ് (ഒമാൻ), പരേതയായ ദീപ. മരുമക്കൾ: മിനി, ഉത്തര.

## മേഴ്സി ടൈറ്റസ്



**ഡാളസ്:** കോട്ടയം പാമ്പാടി മലയമറ്റം പരേതരായ എം.വി. വർഗീസിന്റെയും മറിയാമ്മ വർഗീസിന്റെയും മകൾ മേഴ്സി (66) ഡാളസിൽ അന്തരിച്ചു. ഭർത്താവ് ഉണ്ണൂണ്ണി ടൈറ്റസ്, പരേത ഡാളസ് ന്യൂടെസ്റ്റ്മെന്റ് (ടിപിഎം) ചർച്ചിലെ സജീവ അംഗമായിരുന്നു. മക്കൾ: ബ്ലസൻ ടൈറ്റസ്, ബിജോയ് ടൈറ്റസ്. മരുമക്കൾ: ഷെൽബി ഐപ്പ്, റൂബി സാം. സഹോദരങ്ങൾ: എം.വി. വർഗീസ് (കൊച്ചി), പാസ്റ്റർ ജെയിംസ് വർഗീസ് (പാമ്പാടി), സ്റ്റാൻലി വർഗീസ് (ഭോപ്പാൽ), അന്നമ്മ മാത്യു (ബംഗളൂരു).

**എളമക്കര:** സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ റിട്ട. മാനേജർ കീർത്തിനഗർ കൊളുത്താൽ മാത്യു ഏബ്രഹാം (74) അന്തരിച്ചു.

## അമ്മിണി വർഗീസ്

**തിരുവനന്തപുരം:** മുറിഞ്ഞപാലം ഈന്തിവിള ലെയ്ൻ മംഗലത്തുവീട്ടിൽ അമ്മിണി വർഗീസ് (87) അന്തരിച്ചു. കരുനാഗപ്പള്ളി പട്ടന്റയ്യികത്ത് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ വി. ജേക്കബ്. മക്കൾ: ജോർജ് ജേക്കബ് (യുഎസ്), രാജി ജേക്കബ് (സെ. തോമസ് സ്കൂൾ തിരുവനന്തപുരം). മരുമക്കൾ: ഷേർളി ജോർജ് (യുഎസ്), തോമസ് തോമസ്.

**കുറവിലങ്ങാട്:** ടിഒആർ ഫ്രാൻസിസ്കൻ സഭാംഗം ഫാ. ജോസഫ് ഫെർഡിനന്റ് (നെടിയോടത്ത്) വാരപ്പടവിൽ (93) അന്തരിച്ചു.

**ഏറ്റുമാനൂർ:** ബിഎസ്എൻഎൽ റിട്ട. ടിഡിഎ ശശിധരമന്ദിരത്തിൽ (വൈക്കം ഉദയനാപുരം തെക്കേക്കുറ്റ് മലക്കാട്ട്) ടി.കെ. ബാലചന്ദ്രൻ (സുധൻ-76) അന്തരിച്ചു.

**ഞീഴൂർ:** പായിത്തുരുത്തേൽ ജോമോൾ ജോസ് (55) യുകെയിൽ അന്തരിച്ചു.

## ഏലിയാമ്മ ഉണ്ണൂണ്ണി

**മാവേലിക്കര:** തെക്കേ കോട്ടവാതുക്കൽ കൊച്ചുപറമ്പിൽ ഏലിയാമ്മ ഉണ്ണൂണ്ണി (93) അന്തരിച്ചു. വെൺമണി തറയിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ സി. ഉണ്ണൂണ്ണി. മക്കൾ: ജോർജ്, ലീലാമ്മ, തോമസ് (മൂവരും യുഎസ്), പരേതരായ ജോൺ, മാത്യൂസ്. മരുമക്കൾ: ലീല, വർഗീസ് കിഴക്കേപറമ്പിൽ, ലില്ലി (മൂവരും യുഎസ്).

**ചങ്ങനാശേരി:** പായിപ്പാട് സെ. ജോസഫ്സ് കർമ്മലമഠാംഗം സിസ്റ്റർ ലില്ലി ജോസ് (89) അന്തരിച്ചു.

**പാമ്പാടി:** വെള്ളൂർ കല്ലക്കുളത്താം മേത്താപറമ്പിൽ വടക്കേക്കര വി.വി. തര്യൻ (കറിയാച്ചൻ-78) അന്തരിച്ചു.

## ലില്ലിക്കുട്ടി വർഗീസ്

**കായംകുളം:** പെനിയേൽ ലില്ലിക്കുട്ടി വർഗീസ് (68) അന്തരിച്ചു. ഭർത്താവ് പാസ്റ്റർ എം. വർഗീസ് (ഐപിസി കൊല്ലം നോർത്ത് സെന്റർ). മക്കൾ: വിൽസൻ മാത്യു (യുഎസ്), വർഗീസ് സാം, ഫിന്നി വർഗീസ് (കുവൈറ്റ്). മരുമക്കൾ: ഡോ. ജിന്തു വിൽസൺ (യുഎസ്), ആൻസി ഫിന്നി (കുവൈറ്റ്), പരേതയായ ജിബി.

## ഡോ. ജോസഫ് ഇടിക്കുള



**തലവടി:** നേവി റിട്ട. കമാൻഡർ കണ്ടത്തിൽ ഡോ. ജോസഫ് ഇടിക്കുള (79) ഫ്ളോറിഡയിൽ അന്തരിച്ചു. ഫ്ളോറിഡ ഗുഡ്ഷപ്പേർഡ് ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ടിൽ കാർഡിയോളജിസ്റ്റായിരുന്നു. ഭാര്യ കുട്ടിക്കൽ കോന്ത്യാമഠം ഡോ. ആഗ്നസ് (നേവി റിട്ട. കമാൻഡർ). മക്കൾ: ഡോ. അനിത, ഡോ. അഞ്ജലി. മരുമക്കൾ: ഡോ. ഡാൻ, ഡോ. ജേക്കബ്.

**കോതമംഗലം:** എക്സൈസ് റിട്ട. ഉദ്യോഗസ്ഥൻ കറുകടം കുന്നശേരിയിൽ കെ.പി. ഗീവർഗീസ് (78) അന്തരിച്ചു.


## തങ്കപ്പൻ ഫിലിപ്പോസ്

**തലയോലപ്പറമ്പ്:** നീർപ്പാറ നടുപ്പറമ്പിൽ തങ്കപ്പൻ ഫിലിപ്പോസ് (78) വാഷിങ്ടണിൽ അന്തരിച്ചു. ഭാര്യ മണി തങ്കപ്പൻ. മക്കൾ: അജിത്ത്, അരുൺ. മരുമക്കൾ: ജീന, ആവണി.

**മേലുകാവുമറ്റം:** പാമ്പക്കൽ അന്നമ്മ ആൻഡ്രൂസ് (90) അന്തരിച്ചു.

**പാലാ:** കയ്യാലയ്ക്കകം റാണി മാത്യു (77) അന്തരിച്ചു.

## അത്തുങ്കൽ മത്തായി ഫീലിപ്പോസ്



**ഹൂസ്റ്റൺ:** കുറുപ്പംപടി തുരുത്തി വേങ്ങൂർ അത്തുങ്കൽ പി. മത്തായി (89) അന്തരിച്ചു. ഭാര്യ അന്നമ്മ മത്തായി മേതല ചുള്ളിക്കൽ കുടുംബാംഗമാണ്. മകൻ: ബിജു മത്തായി. സഹോദരങ്ങൾ: മേരി വർഗീസ്, എ.പി. പൗലോസ്, എ.പി. ജോർജ്, എ.പി. മാത്യു, എ. ഐസക് ഫിലിപ്പ്, എ. ബേബി ഫിലിപ്പ്.

**തിരുവല്ല:** മാർത്തോമ്മാ സുവിശേഷ സേവികാസംഘം സേവിനി മഞ്ഞാടി വിശ്രാന്തി ഭവനിൽ എം. കുഞ്ഞന്നാമ്മ (79) അന്തരിച്ചു.

**വളഞ്ഞവട്ടം:** വണ്ടിപ്പെരിയാർ പഞ്ചായത്ത് എച്ച്എസ് റിട്ട. അദ്ധ്യാപിക പുത്തൻപുരയ്ക്കൽ പടിയറ പി.എം. അന്നമ്മ (88) അന്തരിച്ചു.

## ഡോ. തോംസൺ ടി. ഇടത്തിൽ

**കോട്ടയം:** റബർ ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ കഞ്ഞിക്കുഴി ഇടത്തിൽ ഡോ. തോംസൺ ടി. ഇടത്തിൽ (മാമച്ചൻ -79) അന്തരിച്ചു. ഈരാറ്റുപേട്ട ഇടത്തിൽ കുടുംബാംഗമാണ്. ഭാര്യ കൊഴുവനാൽ മണിയങ്ങാട്ട് പരേതയായ ഫിലോമിന തോംസൺ. മക്കൾ: ജാസ്മിൻ (റബ്ബർബോർഡ്), മഞ്ജു (യുഎസ്), ടെസ (ബംഗ്ളൂരു). മരുമക്കൾ: മാത്യൂസ് ജോസഫ് വടക്കയിൽ (പൊൻകുന്നം), മാർട്ടിൻ എസ് കല്ലുക്കാരൻ (അങ്കമാലി), ബിബിൻ തോമസ് അടപ്പൂ കല്ലിങ്കൽ (മുണ്ടക്കയം).

## മാത്യു വർഗീസ്

**ഇരവിപേരൂർ:** മുട്ടാണിക്കാട്ട് നോബിൾ വില്ലയിൽ മാത്യു വർഗീസ് (ശാന്തൻ-66) അന്തരിച്ചു. ഭാര്യ ഇരവിപേരൂർ പാറയിൽ മലയിൽ ആനി മാത്യു. മകൻ: നോബിൾ മാത്യു. മരുമകൾ: തിരുവല്ല കാവുംഭാഗം കൊട്ടുവിരുത്തിൽ ലിൻസി നോബിൾ (ഇരുവരും യുഎസ്).

**കുന്നങ്കരി:** ചന്ദ്രത്തുവാക്കൽ (പുഷ്പമംഗലം) സി.ജെ. തോമസ് (81) അന്തരിച്ചു.

**പുതുപ്പള്ളി:** റിട്ട.എസ്ബിടി മാനേജർ പട്ടശേരി മഠത്തിൽ പരേതനായ എം.കെ. ഉതുപ്പിന്റെ ഭാര്യ ഏലിയാമ്മ ഉതുപ്പ് (91) അന്തരിച്ചു.

**ചെറുവള്ളി:** എസ്സിടിഎം യുപിഎസ് റിട്ട. പ്രധാനാദ്ധ്യാപിക ചിത്രാലയത്തിൽ കെ.ആർ. കമലമ്മ (83) അന്തരിച്ചു.

## സി.ടി. മാത്യു

**കുറവിലങ്ങാട്:** ചിറത്തടത്തിൽ സി.ടി. മാത്യു (മത്തച്ചൻ -80) അന്തരിച്ചു. കുറവിലങ്ങാട് പഞ്ചായത്ത് മുൻ അംഗം, സഹ. ബാങ്ക് പ്രസിഡണ്ട്, കേരള കോൺ. (എം) കടുത്തുരുത്തി നിയോജകമണ്ഡലം സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ ആയാംകുടി അയ്യംപള്ളിൽ മേരിക്കുട്ടി മാത്യു. മക്കൾ: ആനിയമ്മ (യുഎസ്), ജോയിസ്, സജൻ, സൽമ (യുഎസ്). മരുമക്കൾ: പരേതനായ ജോസഫ് തലോടിയിൽ (കൂത്താട്ടുകുളം), ജോൺ കെ. സെബാസ്റ്റ്യൻ കാശാംകാട്ട് (വാഗമൺ), ബിന്ദു കേളംകൊമ്പിൽ (മാറിക), സിനി കുളത്തിനാൽ (അറക്കുളം), സോയി മാടപ്പാട്ട് (ഇലഞ്ഞി).

## എം.കെ. ദശകുമാർ

**പെരുന്ന:** പ്ലാപ്ര ശിവറാമിൽ എം.കെ. ദശകുമാർ (ബോയി-76) അന്തരിച്ചു. ഭാര്യ ശ്രീദേവി. മക്കൾ: ബോണി ഡി. കുമാർ (യുഎസ്), ബോബൻ ഡി. കുമാർ (ദുബായ്), ബബിത ഡി. കുമാർ (എറണാകുളം). മരുമക്കൾ: രഞ്ജു ബോണി, മിഷാ ബോബൻ, ആർ. രാജേഷ്.

**ചങ്ങനാശേരി:** വാഴപ്പള്ളി ഗവ. ഹൈസ്കൂൾ റിട്ട. അദ്ധ്യാപിക പെരുന്ന ചിറമുഖത്ത് ലീലാമ്മ ജോർജ് (86) അന്തരിച്ചു.

**കുടക്കച്ചിറ:** പാലാ മാർക്കറ്റിങ് സൊസൈറ്റി മുൻ സെക്രട്ടറി അന്തീനാട്ട് എ.എം. മാത്യു (മത്തായിച്ചൻ-94) അന്തരിച്ചു.

## ലീലാമ്മ ജേക്കബ്

**ഉപ്പുതറ:** പാറപ്പുറത്ത് ലീലാമ്മ ജേക്കബ് (62) അന്തരിച്ചു. ഭർത്താവ് പരേതനായ ജോർജ്കുട്ടി. മകൻ: എമിൽ (ചിക്കാഗോ). മരുമകൾ: ഉപ്പുതറ ചെറുകുന്നേൽ അനു.

## വത്സമ്മ ഉതുപ്പ്

**വാകത്താനം:** പ്ലാപറമ്പ് മുട്ടത്തുകര എം.ഒ. ഉതുപ്പിന്റെ (റിട്ട. എൻപിസിസി അബുദാബി) ഭാര്യ വത്സമ്മ ഉതുപ്പ് (74) അന്തരിച്ചു. നെല്ലിക്കൽ കുറുപ്പൻചേരിൽ കുടുംബാംഗമാണ്. മക്കൾ: ജോസി എം. ജോസ് (കോട്ടയം), ജൂലി മേരി ജോർജ് (ഹൂസ്റ്റൺ), ഡോ. ജ്യോതി ആനി ജോൺ (വാഷിങ്ടൺ ഡിസി). മരുമക്കൾ: സ്മിത ജോസി വള്ളിക്കാട്ട് (വാകത്താനം), ഷിജു ജോർജ് തച്ചനാലിൽ റാന്നി (ഹൂസ്റ്റൺ), ഡോ. ജോൺ മാത്യു കരിങ്ങാലിക്കാട്ടിൽ വഷണതോട്ടത്തിൽ അമയന്നൂർ (വാഷിങ്ടൺ ഡിസി).

**ചെങ്ങളം:** പട്ടടയിൽ കെ.ഒ. യേശുദാസ് (74) അന്തരിച്ചു.

**നാലുകോടി:** പോളച്ചിറ ഏലിയാമ്മ വർഗീസ് (89) അന്തരിച്ചു.


**മലകുന്നം:** പല്ലാട്ടു ത്രേസ്യാമ്മ ജോസഫ് (തെയ്യാമ്മ -78) അന്തരിച്ചു.

**മാലം:** ഇടച്ചേരിയിൽ എ.പി. മത്തായി (65) അന്തരിച്ചു.

## സിസ്റ്റർ മേരി എലിസബത്ത്

**വിജയവാഡ:** മിഷനറി സിസ്റ്റേഴ്സ് ഓഫ് ഇമാക്കുലേറ്റ് സഭാംഗം സിസ്റ്റർ മേരി എലിസബത്ത് പുറവടി അന്തരിച്ചു. സഹോദരങ്ങൾ: സിസിലിയാമ്മ (മാറാട്ടുകുളം), ജോസഫ്കുട്ടി (പുറവടി), ഏബ്രഹാം, ലൗലി (യുഎസ്).

## ഡോ. പി.എം. ജോസഫ്



**പാലാ:** കോട്ടയം ജില്ലാ മൃഗസംരക്ഷണ വകുപ്പ് റിട്ട. ഓഫീസർ പറമുണ്ടയിൽ ഡോ. പി.എം. ജോസഫ് (81) അന്തരിച്ചു. ഭാര്യ വൈക്കം പുത്തനങ്ങാടി ഗ്രേസി ജോസഫ്. മക്കൾ: പരേതനായ ബോബി ജോസഫ്, ബബിത, ബിജിത (ഇരുവരും യുഎസ്), ബിനിത (ഓസ്ട്രേലിയ). മരുമക്കൾ: സിൽവി ചാമപ്പറമ്പിൽ മുട്ടാർ, ജെറി ജോർജ് വടക്കുംമുറി പുത്തൻപറമ്പിൽ ചമ്പക്കുളം, ഡെറിക് അലക്സ് മൂലക്കുന്നേൽ പാലാ.

**അതിരമ്പുഴ:** ഓട്ടക്കാഞ്ഞിരം പാക്കത്തുകുന്നേൽ സെലിൻ ആന്റണി (71) അന്തരിച്ചു.

## എം.വൈ. സണ്ണി

**തൃക്കളത്തൂർ:** കാർഷിക സർവകലാശാല റിട്ട. അസി. എൻജിനീയർ മരങ്ങാട്ടുകുഴിയിൽ എം.വൈ. സണ്ണി (61) അന്തരിച്ചു. ഭാര്യ തൊടുപുഴ മുളപ്പുറം കുന്നുംപുറത്ത് ട്രീസ. മക്കൾ: മാർട്ടിൻ (യുഎസ്), നോബിൾ.

## ചെറിയാൻ പി. ജോൺ

**മാങ്ങാനം:** വിമുക്ത ഭടൻ മുണ്ടക്കയം മാടവന ചെറിയാൻ പി. ജോൺ (രാജു-76) അന്തരിച്ചു. ഭാര്യ പുതുപ്പള്ളി കൊട്ടാരത്തിൽ രമണി ചെറിയാൻ. മക്കൾ: റോഡ്ണി ജോൺ ചെറി (സൗത്ത് ആഫ്രിക്ക), റോക്കി ഏബ്രഹാം ചെറി (യുഎസ്). മരുമക്കൾ: ഷീജ പൂവക്കുന്നിൽ (അഞ്ചൽ), സ്മിത കാട്ടുമ്പുറം (ചാത്തന്നൂർ).

**മുട്ടമ്പലം:** മാമ്പിള്ളിയിൽ ബാബു മാമ്പിള്ളിയുടെയും ലൈജു ജോസിന്റെയും മകൾ മെറീന ബാബു (21) അന്തരിച്ചു.

**മാന്നാർ:** റിട്ട. മിലിട്ടറി ക്യാപ്റ്റൻ കുട്ടംപേരൂർ വെട്ടത്തേത്ത് കൊച്ചുകളരിക്കൽ വി.ജെ. ജോർജ് (89) അന്തരിച്ചു.

**തിരുവല്ല:** റിട്ട. എസ്എഒ പാലിയേക്കര കുമാരമംഗലത്തിൽ ഡോ. എൻ. കുമാരപണിക്കർ (106) അന്തരിച്ചു.

## CAREGIVER WANTED IN HOUSTON

Looking for a Caregiver for an adult male who lives with his wife in Houston. The couple are independent and only minimal help would be needed. We are open to both a live in or live out option.

**Please contact us at**

**713-885-6016**

## CAREGIVER WANTED IN NORTH CAROLINA

Live-in help needed to give company for a 80 year old healthy male with early signs of dementia living in Raleigh, North Carolina. Tasks include cooking Kerala style meals and administering medications (oral only) on time. Spacious room with private bathroom provided. Attractive compensation.

**Call or text Finny @ 919-446-4640**

## ചിക്കാഗോയിൽ കെയർടേക്കറെ ആവശ്യമുണ്ട്

ചിക്കാഗോയുടെ സൗത്ത് വെസ്റ്റ് സബർബിൽ താമസിക്കുന്ന പ്രായമുള്ള അമ്മച്ചിയെ പരിചരിക്കുവാൻ കെയർടേക്കറെ ആവശ്യമുണ്ട്. ഫുൾടൈം/പാർട്ട് ടൈം ആയി നിൽക്കുവാൻ താല്പര്യമുള്ളവർ വിളിക്കുക:

**ഫോൺ: (630) 205-5078**

## CAREGIVER WANTED IN SEATTLE, WASHINGTON

We are looking for nanny to take care of a our new born baby and also help with basic house chores in Seattle, Washington

**Please contact me at**

**4142178109**

### ഉപകാരസ്മരണ



*Inserted by: Firm Believer, Houston*

### ഉപകാരസ്മരണ



*Inserted by: Firm Believer, Houston*

## NANNY WANTED IN CHICAGO AREA

Looking for a Nanny to take care of our twin boys less than 1 year old. Option for living in is possible depending on situation.

**If interested,**

**please TEXT 630-935-4333**

**We offer competitive pay.**

### ഉപകാരസ്മരണ



*Inserted by: Firm Believer, Oklahoma*

### ഉപകാരസ്മരണ



*Inserted by: Firm Believer, Oklahoma*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Dallas*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Dallas*

**Visit Our Website:** **www.keralaexpress.com for Classified Advt.**

# കാണാത്ത തീരങ്ങൾ

ജോയ്സി

## കഥ ഇതുവരെ

**സന്ദീപും അല്ലിമയും പ്രണയത്തിലാണ്. വിവാഹത്തിന് സന്ദീപിന്റെ അച്ഛൻ ജാതകത്തിനു നിർബന്ധം പിടിച്ചപ്പോൾ അല്ലിമ ദത്തുപുത്രിയാണെന്ന് അവളുടെ അച്ഛനു തുറന്നു പറയേണ്ടിവന്നു. അവളുടെ ജന്മരഹസ്യം തേടി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും കിഷോറും ക്ലൂണി ഹോസ്പിറ്റലിലെ മലയാളി നേഴ്സ് സോഫിയ വഴി അല്ലിമയെ പ്രസവിച്ച സ്ത്രീയുടെ പേര് മാളവിക എന്നാണെന്നും വീട് മണിമലയിലാണെന്നും മനസ്സിലാക്കുന്നു. കൂടുതൽ അന്വേഷണവുമായി സന്ദീപും രാജഗോപാലും അല്ലിമയും മണിമലയിൽ സന്ദീപിന്റെ അച്ഛന്റെ അമ്മവീട്ടിലെത്തുന്നു. അവിടത്തെ അഞ്ജനയുടെ ഭർത്താവ് ഹേമചന്ദ്രൻ പോലീസ് ഓഫീസറാണ്. അച്ഛന്റെ അമ്മയുടെ അനുജത്തി മല്ലികയുടെ മകളാണ് മാളവിക എന്ന് സന്ദീപ് മനസ്സിലാക്കി. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക വീട്ടുകാരെ ഭയന്ന് ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. അവർ താമസിച്ച വീട് അല്ലിമയും സന്ദീപും കണ്ടുപിടിച്ചു. പഴയ കഥ അന്വേഷിച്ചുവന്നത് സന്ദീപാണെന്നറിഞ്ഞ ഹേമചന്ദ്രൻ അപകടം തിരിച്ചറിഞ്ഞു. അച്ഛമ്മയുടെ അനുജത്തിയുടെ മകൾ മാളവികയുടെ മകളാണ് അല്ലിമ എന്നു സന്ദീപ് അമ്മയോടു വെളിപ്പെടുത്തി. സന്ദീപിനൊപ്പം വന്ന പെൺകുട്ടി മാളവികയുടെ മകളായിരിക്കാമെന്ന ഹേമചന്ദ്രന്റെ നിഗമനം മറ്റുള്ളവരെ ഞെട്ടിച്ചു. അല്ലിമ ജീവനോടെ ഇരിക്കുന്നത് തങ്ങൾക്ക് ആപത്തായതിനാൽ അന്യസംസ്ഥാന കുറ്റവാളിയെ ഉപയോഗിച്ച് അല്ലിമയെ വകവരുത്താനും സന്ദീപിനെ വാഹനാപകടത്തിൽ ഇല്ലാതാക്കാനും ഹേമചന്ദ്രൻ പദ്ധതിയിടുന്നു. തേക്കിൻതണ്ടിൽ എത്തിയ സന്ദീപും സംഘവും അല്ലിമയുടെ മുത്തച്ഛനെയും മുത്തശ്ശിയെയും കണ്ടെത്തുന്നു. മാളവികയെ ബന്ധുക്കൾ ബലമായി പിടിച്ചുകൊണ്ടു പോവുകയായിരുന്നെന്ന് ശേഖരൻകുട്ടി അറിയിച്ചു. മാളുവിന്റെ ആഭരണങ്ങളും വസ്ത്രങ്ങളുമടങ്ങുന്ന പെട്ടി ശേഖരൻകുട്ടി അല്ലിമയ്ക്കു സമ്മാനിച്ചു. ഭാസ്കരമേനോന്റെ മുന്നിൽവെച്ച് മാളവികയെ സംബന്ധിച്ച എല്ലാ കാര്യങ്ങളും സന്ദീപ് മല്ലികയോടു വെളിപ്പെടുത്തി. ഹേമചന്ദ്രൻ സസ്പെൻഷനിലാകുന്നു. കിഷോറും സോഫിയായും തമ്മിലുള്ള പ്രേമബന്ധം ദൃഢമാകുന്നു. ഭാസ്കരമേനോൻ വന്നു സന്ദീപിനെ പിന്തിരിപ്പിക്കാൻ ശ്രമിച്ചതോടെ സന്ദീപ് പുറംകോട്ടുമാറുന്നു. അവരുടെ അന്വേഷണം ഇനി ആരു തുടരുമെന്ന ഘട്ടത്തിൽ ചന്ദ്രബാബുവിന്റെ സഹോദരൻ അനിബാബു അല്ലിമയെ കാണാനെത്തി. അയാളെ കാണാൻ സന്ദീപ് അങ്ങോട്ടു തിരിക്കുന്നു...**

## 85

ഉച്ചനേരത്താണു സന്ദീപ് എത്തിയത്. സുധാകരൻ നായരുടെ വീട്ടുമുറ്റത്ത് കാർ നിർത്തി ഇറങ്ങി.

സുധാകരൻ നായരും കിഷോറും ഓഫീസിലേക്കു പോയിരുന്നു. ഗോപിക പഠിക്കാനും. വൈഷ്ണവി മാത്രമേ വീട്ടിലുണ്ടായിരുന്നുള്ളൂ.

ഊണുകഴിക്കാൻ വൈഷ്ണവി സന്ദീപിനെ നിർബന്ധിച്ചെങ്കിലും അവൻ പറഞ്ഞു:

"ആന്റീ, ഞാൻ അല്ലീടെ വീട്ടിലോട്ട് പൊയ്ക്കോട്ടെ. അവരവിടെ വെയ്റ്റ് ചെയ്യുവാ. അവിടെപ്പോയിരുന്ന് ഊണുകഴിക്കുന്നതല്ലേ ഒരു ത്രില്ല്."

"അവിടെപ്പോയിരുന്ന് ഊണുകഴിക്കുന്നതിൽ വലിയ ത്രില്ലൊന്നുമില്ല. അല്ലീടെ കൂടെയിരുന്നു കഴിക്കുന്നതിൽ മാത്രേയുള്ളൂ ത്രില്ല്."

വൈഷ്ണവി തുറന്നങ്ങു പറഞ്ഞു.

"ഈ ആന്റിയെക്കൊണ്ടു തോറ്റു."

സന്ദീപ് ചെറിയൊരു ചമ്മലോടെ പറഞ്ഞു.

"ങാ- ചെല്ല് ഇതൊക്കെ ഇപ്പഴല്ലേയൊള്ളൂ."

"താങ്ക്യൂ ആന്റീ."

സന്ദീപ് ഗേറ്റ് കടന്ന് അഞ്ചാം നമ്പർ റോഡിലേക്കിറങ്ങി. അല്ലിമയുടെ വീടിനു നേർക്കു നോക്കി. അല്ലിമ സിറ്റൗട്ടിൽ കാത്തുനിൽക്കുന്നതു കണ്ടപ്പോൾ, നടന്നാൽ പോരാ കുതിച്ചു ചെല്ലാനൊരു വെമ്പൽ.

ഗേറ്റ് തുറന്നു കിടക്കുകയായിരുന്നു.

സന്ദീപ് സിറ്റൗട്ടിനു നേർക്കു ചെന്നപ്പോൾ അല്ലിമ പറഞ്ഞു.

"കാറിങ്ങോട്ടു കേറ്റിയിടുന്നു വിചാരിച്ചാ ഗേറ്റ് തുറന്നിട്ടത്."

"സോറി."

ചിരിച്ചുകൊണ്ടു സന്ദീപ് പറഞ്ഞു: "കാറല്ലേ അവിടെക്കൊണ്ടിട്ടൊള്ളൂ. ഞാനിങ്ങ് പോന്നില്ലേ. അവിടെയുള്ളവരെ പരിഗണിക്കാതെ ഞാൻ നേരെ ഇങ്ങോട്ടുവന്നാ അവർക്കൊരു പരിഭവം തോന്നും." അല്ലിമ അവനെ അടിമുടിയൊന്നു നോക്കി.

"എന്താ?" സന്ദീപ് ചോദിച്ചു.

"ക്ഷീണംണ്ട്."

"അതിപ്പത്തന്നെ മാറിക്കോളും. എനർജി ബാങ്കല്ലേ മുന്നിൽ."

സന്ദീപ് ആഹ്ലാദത്തുടിപ്പോടെ പറഞ്ഞു.

ആരുമില്ലായിരുന്നെങ്കിൽ അവൻ അരികെ വന്നു മൃദുവായൊരു ആലിംഗനംകൊണ്ട് തന്നെ വലയം ചെയ്യുമായിരുന്നെന്ന് അവൾക്കു തോന്നി. അതിനുവേണ്ടിയുള്ള ഒരു വെമ്പൽ കണ്ണിൽ കാണാനുണ്ട്.

തമ്മിൽ കാണുമ്പോഴേക്കും സന്ദീപിന്റെ ഹൃദയത്തിൽ ആനന്ദം അലതല്ലുന്നത് അല്ലിമയ്ക്ക് അവന്റെ മുഖത്തു കാണാൻ കഴിയുന്നുണ്ട്. ഫോണിൽ വീഡിയോകോളിൽ സംസാരിക്കുമ്പോഴും അങ്ങനെതന്നെയാണ്. എത്ര ടെൻഷനിൽ ഇരിക്കുകയാണെങ്കിലും ഫോണിന്റെ സ്ക്രീനിൽ തമ്മിൽ കണ്ടു കഴിയുമ്പോൾ, മൂടിക്കെട്ടിനിന്ന ആകാശത്ത് പെട്ടെന്നു സൂര്യവെളിച്ചം വ്യാപിച്ചപോലെയാണ്.

എന്തൊരു സന്തോഷം!

എല്ലാ വേവലാതികളും ശങ്കകളും ആരോ തുടച്ചു നീക്കിയപോലെ. കാണക്കാണെ മുഖം പൂപോലെ വിടരുന്നു.

കണ്ണിലും കവിളിലും ചുണ്ടിലും പ്രേമപ്പൂമ്പൊടി കലരുന്നു. അല്ലിമ അതിനെ മാജിക് എന്നാണു വിശേഷിപ്പിക്കാറ്. പ്രേമത്തിനു മാത്രം കഴിയുന്ന അത്യദ്ഭുതകരമായ മാജിക്ക്. അല്ലിമ സന്ദീപിനെ നേരെ ഊണുമുറിയിലേക്കാണു കൊണ്ടുപോയത്.

"അമ്മ ഓഫീസിൽ പോയി. അച്ഛനിന്നു ലീവെടുത്തു."

അല്ലിമ പറഞ്ഞു.

"അപ്പോ ഊണ് ആരുണ്ടാക്കി?"

"ഞാനും അച്ഛനുംകൂടെ."

"അങ്കിൾ കുക്ക്ചെയ്യുമോ?"

"എന്റെകൂടെ. കുക്കിങ് ഇഷ്ടമായിട്ടല്ല. എന്നെ ഹെൽപ്ചെയ്യാൻ വേണ്ടിയാ... വാത്സല്യംകൊണ്ടാ."

"എനിക്ക് അസൂയ തോന്നുന്നു."

"എന്റെ ജീവിതത്തിലെ ഏറ്റോം വല്യ ഭാഗ്യം എന്റെ അച്ഛനും അമ്മയുമാ."

"അപ്പോ ഞാനോ?"

"സന്ദുവേട്ടനൊക്കെ എന്നാ വന്നെ." അല്ലിമ ചിരിച്ചുകൊണ്ടു പറഞ്ഞു. രാജഗോപാൽ ഊണുമുറിയിലേക്കു വന്നു.

"ഗുഡ് നൂൺ അങ്കിൾ."

"വെരിഗുഡ്... സന്ദീപ് വരുംന്നു പറഞ്ഞതുകൊണ്ടാ ഞാൻ ഓഫീസിൽ പോകാതിരുന്നെ." രാജഗോപാൽ കസേര നീക്കിയിട്ട് ഇരുന്നു.

അല്ലിമ വേഗം ഊണു വിളമ്പി.

അവളും കഴിക്കാനിരുന്നു.

ഊണിനിടയിൽ വീട്ടിലെ വിശേഷങ്ങൾ - ഭാസ്കരമേനോനും കുടുംബവും വന്നുപോയതും മറ്റും സന്ദീപ് വിവരിച്ചു. രാജഗോപാൽ ആദ്യം എഴുന്നേറ്റു കൈകഴുകി.

"എന്തെങ്കിലുംകൂടി കഴിക്ക്." അല്ലിമ വിളമ്പാനൊരുങ്ങി.

"മതി കോരിയിട്ടു തന്നല്ലോ കുറേ... എന്റെ ലിമിറ്റെല്ലാം പൊളിഞ്ഞു."

"ത്രില്ലടിച്ചിട്ടാ ഞാൻ സന്ദുവേട്ടനു സെർവ് ചെയ്യുന്നെ. അതൊരു വല്ലാത്ത ഫീലിങ്ങാണ്. നല്ല സന്തോഷംതോന്നും."

"പോകണ്ടേ... മതിയാക്കാം. പോയിട്ട് തിരിച്ചുവന്ന് നമുക്കു സന്തോഷിക്കാം."

സന്ദീപ് സംതൃപ്തിയോടെ എഴുന്നേറ്റ് കൈ കഴുകി. രാജഗോപാൽ അൽപസമയത്തിനുള്ളിൽ പോകാൻ തയാറായി. ഒരു ഹാൻഡ്ബാഗുമായി അല്ലിമയും വന്നു. മൂന്നുപേരും ഇറങ്ങി വീടു പൂട്ടി.

ഫോർച്യൂണർ കാറിൽ നേരെ കാക്കനാട്ടേക്കു തിരിച്ചു.

"അങ്കിളിന്റെ നോട്ടത്തിൽ ആളെങ്ങനെയൊണ്ട്." യാത്രയ്ക്കിടയിൽ സന്ദീപ് ചോദിച്ചു.

"കാഴ്ചയ്ക്കൊരു റഫിയനാ... ഒരു ക്രിമിലൽ ലുക്ക് ഉണ്ട്. കണ്ണിലറിയാം. എന്നാലും ബന്ധങ്ങളോട് വല്യ മതിപ്പാ. അച്ഛനേം അമ്മേം വല്യ സ്നേഹമാ." രാജഗോപാൽ പറഞ്ഞു.

"അതൊരു നല്ല ലക്ഷണമാ."

സന്ദീപ് പറഞ്ഞു.

"ബ്രദറിനോടും അയാൾ സ്നേഹിച്ചു കെട്ടിക്കൊണ്ടുവന്ന പെൺകുട്ടിയോടും സ്നേഹോം ബഹുമാനോം മതിപ്പും ഒക്കെയുണ്ടായിരുന്നെന്നു തോന്നുന്നു." രാജഗോപാൽ കൂട്ടിച്ചേർത്തു.

"അച്ഛൻ പറഞ്ഞത് അക്ഷരാർഥത്തിൽ ശരിയാ..." അല്ലിമ പറഞ്ഞു: "എന്നെ അദ്ഭുതജീവിയെ കാണുന്നപോലെയാരുന്നു. കണ്ടിട്ടും കണ്ടിട്ടും പോരാ. മതിയാകുന്നില്ല."

"അതെല്ലാം നല്ലതാ. പക്ഷേ, നമുക്കതല്ല വേണ്ടത്." സന്ദീപ് പറഞ്ഞു.

"എന്താ സന്ദീപ് ഉദ്ദേശിക്കുന്നെ?"

"ആളെ കാണട്ടെ. നമുക്കു പറ്റുമോന്നു നോക്കീട്ടു പറയാം."

സീപോർട്ട്- എയർപോർട്ട് ഹൈവേയ്ക്കു സമീപമുള്ള ഹോട്ടൽ പാരഡൈസിന്റെ പാർക്കിങ് ഏരിയായിൽ രാജഗോപാൽ കാർ കൊണ്ടുചെന്നു നിർത്തി. കോണിപ്പടി കയറി രണ്ടാംനിലയിൽ എത്തിയശേഷം രാജഗോപാൽ ഒരു കോറിഡോറിലൂടെ വാതിലുകൾ നോക്കി നടന്നു.

റൂം നമ്പർ നൂറ്റിപ്പതിനഞ്ചിന്റെ വാതിലിൽ പതിയെ തട്ടി വിളിച്ചു.

സന്ദീപും അല്ലിമയും രാജഗോപാലിന്റെ പിന്നിൽ നിന്നു. ഇടനാഴിയിൽ മങ്ങിയ വെളിച്ചമേ ഉണ്ടായിരുന്നുള്ളൂ. സന്ദീപ് അല്ലിമയുടെ വലതുകൈ പരതിപ്പിടിച്ച് അതിൽ തന്റെ വിരലുകൾ കോർത്ത് കൈപ്പടം അമർത്തി. അടുത്ത നിമിഷം കൈ വിടുകയും ചെയ്തു. അല്ലിമ കൺകോണിലൂടെ അവനെ നോക്കി പുഞ്ചിരി തൂകി.

വാതിൽ തുറക്കപ്പെട്ടു. ഉറക്കച്ചടവോടെ കണ്ണും തിരുമ്മി അനിബാബു ആഗതരെ നോക്കി. അയാൾക്ക് ശരിക്കും സ്ഥലകാല ബോധം വന്നിട്ടുണ്ടായിരുന്നില്ല.

"മനസ്സിലായില്ലേ?"

രാജഗോപാൽ ചോദിച്ചു.

അനിബാബു തലകുലുക്കി.

"സൊപ്നം കാണുവാരുന്നു സാറേ. ഫോറസ്റ്റ്കാരുമായിട്ട് അടി. വാതിലേ മുട്ടുന്ന കേട്ടപ്പം ഞാനോർത്തു പോലീസാന്ന്."

"നല്ലപോലെ ഒറങ്ങിയോ?"

"ങാ... ഒറങ്ങി."

അല്ലിമയെ കണ്ടപ്പോൾ അയാളുടെ മുഖത്ത് വാത്സല്യവും സ്നേഹവും മതിപ്പും.

സന്ദീപിനെ കണ്ടപ്പോൾ എന്തോ ഓർത്തെടുക്കാനുള്ള ശ്രമം!

"എന്നെ മുൻപരിചയം ഒണ്ടോ?" സന്ദീപ് ചോദിച്ചു.

"എങ്ങാണ്ട് കണ്ടിട്ടൊള്ളപോലെ. സാറ് പോലീസിലാണോ?"

"അല്ല. എന്റെ മുത്തശ്ശീടെ അനുജത്തിയാ മാളവികയുടെ അമ്മ മല്ലികച്ചിറ്റ. മണിമല രക്തം ഒരൽപം എന്റെ ഞരമ്പിലും ഒണ്ട്. അതുകൊണ്ട് ഒരു നേരിയ പരിചയമൊക്കെ തോന്നാം." സന്ദീപ് പറഞ്ഞു.

"സാറാണോ ഈ കുഞ്ഞിനെ കല്യാണം കഴിക്കാൻ പോണെ?"



"അതെ. ഈ കുഞ്ഞ് ആരുടെ മകളാണെന്നുള്ള അന്വേഷണമാ എന്നെ പെരിയാർവാലി വരെ എത്തിച്ചത്." സന്ദീപ് പറഞ്ഞു.

മൂന്നുപേരും മുറിക്കുള്ളിലേക്കു കയറി.

"ഊണു കഴിച്ചാരുന്നോ?"

അല്ലിമ തിരക്കി.

"ഇല്ല. സാറ് മുറിയെടുത്തു തന്നിട്ട് പോയ ഒടനെ വാതിലടച്ച് ഒറ്റക്കെടപ്പ്. ഇതുപോലൊരു ഒറക്കം അടുത്ത കാലത്തൊന്നും ഞാനൊറങ്ങീട്ടില്ല."

അല്ലിമ ഹാൻഡ്ബാഗിനുള്ളിൽനിന്നു ചോറുംപൊതി എടുത്തു നീട്ടി.

"ഊണു കൊണ്ടുവന്നിട്ടുണ്ട്."

ചെറിയ പ്ലാസ്റ്റിക് കണ്ടെയ്നറുകൾക്കുള്ളിൽ വിളമ്പിക്കൊണ്ടുവന്ന കറികളും അവൾ മേശപ്പുറത്തു വെച്ചുകൊടുത്തു.

"എന്റീശ്വരാ... എനിക്കു വേണ്ടീട്ട് കൊണ്ടുവന്നതാ അല്ലേ?"

സ്നേഹിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യുന്നതിന്റെ അഭിമാനം അയാളുടെ മുഖത്തു വിളങ്ങി.

"കഴിച്ചോ- കഴിച്ചിട്ട് നമുക്ക് സംസാരിക്കാം." സന്ദീപ് പറഞ്ഞു.

അനിബാബു കൈകഴുകി. ചോറുംപൊതി തുറന്നുവെച്ച് കഴിക്കാനിരുന്നു. അയാൾ ഭക്ഷണം കഴിക്കുന്നതു കണ്ടാൽ കണ്ടുനിൽക്കുന്നവർക്കുകൂടി എന്തെങ്കിലും കഴിക്കാൻ തോന്നുമായിരുന്നു.

"സാറെന്തിനാ സാറെ കാണണംന്നു പറഞ്ഞത്?"

അനിബാബു സന്ദീപിനോടു ചോദിച്ചു.

"തീപ്പൊരി വല്ലതും ഉള്ളിൽ കെടപ്പൊണ്ടോന്ന് അറിയാൻ വേണ്ടിയാ."

അനിബാബുവിന്റെ മുഖഭാവം മാറി. മുഖത്തെ പേശികൾക്കൊരു മുറുക്കം.

പല്ലുകടിച്ചപോലെ ചെവിയ്ക്കരികെ താടിയെല്ല് മുഴച്ചു.

"തീപ്പൊരിയൊന്നുമല്ല സാറെ. തീയാ. കാട്ടുതീ..." അനിബാബു പറഞ്ഞു.

"നമുക്ക് രണ്ടുകാര്യങ്ങൾ അറിയണം. ഒന്ന്, ചന്ദ്രബാബുവിന് എന്താ സംഭവിച്ചത്. രണ്ട്, മാളവിക ജീവിച്ചിരിപ്പുണ്ടോ ഇല്ലയോ?"

"അറിയാനാണെങ്കി ഞാനില്ല സാറെ. ചന്ദ്രേട്ടനും ചേച്ചീം ജീവിച്ചിരിപ്പില്ലെന്ന് എനിക്കൊറപ്പാ."

"പിന്നെന്താ ചേട്ടന് വേണ്ടത്?"

"ചോരയ്ക്കു ചോരയല്ലേ സാറെ അതിന്റൊരു കണക്ക് ശെരിയാവണെങ്കി വേണ്ടത്?"

സന്ദീപ് അനിബാബുവിന്റെ കണ്ണിലേക്കുതന്നെ ഇമവെട്ടാതെ നോക്കി. അയാളുടെ കൺമുനകളിൽ പകയുടെ കനൽതിളക്കം കാണാം.

"ആ കണക്ക് ശരിയാവത്തില്ല ചേട്ടാ. നമുക്ക് കാര്യങ്ങൾ വെളിച്ചത്ത് കൊണ്ടുവരണം. ക്രൂരത കാണിച്ച ക്രിമിനൽസിനെ നിയമത്തിന്റെ കുരുക്കിലാക്കണം... അതല്ലേ ശരി."

അനിബാബു നിഷേധാർത്ഥത്തിൽ തലയാട്ടി.

"സാറെ, നിയമത്തിന്റെ കുരുക്കൊക്കെ ഒറ്റക്കലിപ്പിന് കൊലചെയ്യുന്നോരെ പിടിക്കാനേ കൊള്ളത്തൊള്ള്. കരുതിക്കൂട്ടി കൊല്ലുന്നോര് നല്ലപോലെ ആലോചിച്ച് ഒറപ്പിച്ചിട്ട് ചെയ്യും - തെളിവില്ലാണ്ട്. അവരൊക്കെ രക്ഷപെടും സാറെ..."

"ഞാനൊന്നു ചോദിക്കട്ടെ. ഇരുപത്തിരണ്ട് കൊല്ലമായില്ലേ. ചേട്ടനെന്തു ചെയ്തു?"

അതൊരു ചോദ്യമായിരുന്നു.

അനിബാബു നിശബ്ദനായി ഇരുന്നു.

"അറിയാഞ്ഞിട്ടല്ലല്ലോ ചെയ്യാത്തത്, ആണോ?"

'ചെയ്യാനിറങ്ങിത്തിരിച്ചാ കല്ലാറ്റുപടിക്കലേം മാങ്ങോട്ടുശ്ശേരീലേം ഒറ്റയെണ്ണത്തിനേം ബാക്കിവെക്കാതെ തീർത്തു കളയണം. പക്ഷേങ്കി, അതിനു ഞാൻ പോര സാറെ..."

അയാളുടെ ഉള്ളിൽ അമർന്നു കിടക്കുന്ന പകയും നിസ്സഹായതയും ആ വാക്കുകളിൽ പ്രകടമായിരുന്നു.

"ചേട്ടൻ ഈ പറഞ്ഞ രണ്ടുവീട്ടിലും നിരപരാധികൾ കുറേപ്പേരുണ്ടാകും. അവരുടെ കാര്യമോ?" സന്ദീപ് ചോദിച്ചു.

അനിബാബുവിനു മറുപടിയില്ല.

"ഞാൻ കുറ്റപ്പെടുത്തിയതല്ല. ചേട്ടന്റെ വികാരം എനിക്കു മനസ്സിലാകും."

"സാറെ, അവർ എന്റെ ചന്ദ്രേട്ടനെ കൊന്നു. മാളുച്ചേച്ചീനെ കൊന്നു... എന്നെ നശിപ്പിച്ചു... പതിനഞ്ചാം വയസ്സുമൊതല് പോലീസും ജെയിലുമാ എനിക്ക്. എന്റെ കുടുംബം കൊളംതോണ്ടി."

"അതെല്ലാം ശരിയാ. പക്ഷേ, നമുക്ക് പ്രതികാരം ചെയ്യാൻ അവകാശമില്ല. കൊലയാളികളെ നിയമത്തിന്റെ മുന്നിൽ എത്തിച്ചു കൊടുക്കാം. ചേട്ടന് ഇന്നേവരെ ഒരു ചോദ്യം ചോദിക്കാൻ പോലും പറ്റീട്ടില്ലല്ലോ. എന്താ കാരണം? ഒറ്റയ്ക്കാ... ചേട്ടൻ ഞങ്ങൾടെ കൂടെ നിൽക്ക്. ഓരോരുത്തരെയായിട്ട് നമുക്ക് പൊക്കിയെടുക്കാം. ഐക്യമാണ് ഏറ്റവും വലിയ ബലം."

ഇതിനിടയിൽ അനിബാബു ചോറുണ്ടു കഴിഞ്ഞു.

"കൈ കഴുകീട്ടു വാ..."

സന്ദീപ് നിർദേശിച്ചു. അനിബാബു അനുസരിച്ചു.

അയാൾ കൈകഴുകി തിരിച്ചു വന്നപ്പോൾ സന്ദീപ് പറഞ്ഞു.

"എനിക്ക് ഈ കേസിൽ മുന്നിൽ കയറി നിൽക്കാൻ പറ്റില്ല. കാരണം, എതിർവശത്ത് എന്റച്ഛന്റെ തറവാടാണ്. അല്ലിക്ക് നിക്കാൻ പറ്റില്ല. അവളൊരു പെൺകുട്ടിയാ... ഞങ്ങൾക്കൊരു മുന്നണിപ്പോരാളി വേണം."

"ചാവേറാകാനും ഒരുക്കാ സാറെ."

"അതൊന്നും വേണ്ട. മുന്നിൽ നിന്നാ മതി."

സന്ദീപ് പറഞ്ഞു.

"സാറെ, ഞാനൊരു ജയിൽപുള്ളിയാ. എന്നെ കാണുമ്പഴേ പോലീസുകാർക്ക് അറിയാം."

"അതൊന്നും സാരമില്ല."

"പിന്നെ, സാറെ... എന്റെ കയ്യിൽ കാശൊന്നും ഇല്ല. തന്നാലും ഇരിക്കേല. എങ്ങോട്ടു പോണെങ്കിലും ബസ്സേകേറണ്ടേ. എനിക്ക് ആൾക്കൂട്ടത്തിൽ കേറാൻ ഭയങ്കര മടിയാ സാറെ. അങ്ങനെ ജീവിച്ചേന്റെ കൊഴപ്പാ."

"എന്താ വേണ്ടതെന്നു പറഞ്ഞോ."

"സാറുതന്നെ പറഞ്ഞാ മതി."

"ഒരു സെക്കൻഡ്ഹാൻഡ് ബൈക്കെടുത്തു തരട്ടെ. ഒരു ഹെൽമറ്റും. അപ്പോ ആക്കൂട്ടത്തിൽ യാത്ര ചെയ്യാനുള്ള പേടി വേണ്ടല്ലോ."

"ബസ്സേക്കേറിയാ ആരെങ്കിലുമൊക്കെ തിരിച്ചറിയും സാറെ. അതാ പ്രശ്നം. പത്രത്തിലൊരുപാടു തവണ പടം അടിച്ചു വന്നിട്ടൊള്ളതുകൊണ്ടാ..."

"എനിക്കു മനസ്സിലായി. അതുകൊണ്ടാ ബൈക്ക് തരാമെന്നു പറഞ്ഞത്."

രാജഗോപാലും അല്ലിമയും സന്ദീപിനെ നോക്കി. സന്ദീപിന്റെ പദ്ധതി എന്താണെന്ന് അവർക്ക് അറിയില്ല.

"പീരുമേട് സർക്കിളിന്റടുത്ത് ഒരു പരാതി എഴുതിക്കൊടുക്കണം. ഇരുപത്തിരണ്ടു വർഷം മുൻപ് ഏലപ്പാറ ബസ്സ്റ്റാൻഡിൽ വെച്ച് ചന്ദ്രബാബു എന്നു പേരുള്ള സ്വന്തം ജ്യേഷ്ഠനെ കാണാതായി. അന്നു പരാതി കൊടുത്തിരുന്നു. നിലവിലുള്ള അവസ്ഥ അറിയിക്കണം. അതേ പരാതിതന്നെ പെരുവന്താനം പോലീസിലും കൊടുക്കണം."

"അവരെന്നെ അപ്പത്തന്നെ പിടിച്ച് അകത്തിടും സാറെ."

അനിബാബു പറഞ്ഞു.

"സ്റ്റേഷനിൽ കേറുന്നതിനു മുൻപ് എന്നെ വിളിക്കണം. കേറിക്കഴിഞ്ഞ് അരമണിക്കൂറിനുശേഷവും വിളിക്കണം. വിളി വന്നില്ലെങ്കി ബാക്കി ഞാൻ നോക്കിക്കോളാം."

"സാറേറ്റല്ലോ?"

"എന്താ സംശയം? കോട്ടയത്തും ഇടുക്കീലും എസ്.പി. ഓഫീസിലൊക്കെ നമുക്ക് ആളൊണ്ട്."

സന്ദീപ് ധൈര്യപ്പെടുത്തി.

"ഇന്നിപ്പോ ഞാനെന്താ ചെയ്യണ്ടേ. വീട്ടിലോട്ട് തിരിച്ചു പോട്ടെ?"

"വേണ്ട. ഇന്നിവിടെ താമസിക്ക്. നാളെ പീരുമേട്ടിലും പെരുവന്താനത്തും പോകണം. സെക്കൻഡ്ഹാൻഡ് ബൈക്ക് ഇന്നുതന്നെ നോക്കാം."

അനിബാബു അതു സമ്മതിച്ചു.

കാറിൽ തിരികെ പോരുമ്പോൾ രാജഗോപാൽ സന്ദീപിനോടു ചോദിച്ചു:

"അയാളെ വിശ്വസിക്കാമോ?"

"വിശ്വസിക്കണം. നമുക്ക് ഏതെങ്കിലുമൊരു യൂസ്ഡ് ടൂവീലർ ഗാരിജിലേക്കു പോകാം. അങ്കിളിനറിയോ എവിടൊക്കെ ഉണ്ടെന്ന്."

"തപ്പിയെടുക്കാം." രാജഗോപാൽ പറഞ്ഞു. "അയാൾ അബദ്ധം വല്ലതും കാണിക്കോ സന്ദീപ്?"

"മെരുക്കേണ്ടി വരും. കുറച്ചു സ്റ്റഡിക്ലാസ് കൊടുക്കാം. മൂപ്പർടെ ബോഡി അങ്കിൾ ശ്രദ്ധിച്ചോ? കാരിരുമ്പുപോലെ."

"സൂക്ഷിക്കണം. അമിതമായിട്ടു വിശ്വസിക്കരുത്."

രാജഗോപാൽ മുന്നറിയിപ്പു നൽകി.

(തുടരും)

# ഭാര്യമാർ തമ്മിൽ തർക്കം; ഒരാൾക്ക് രണ്ട് മതാചാരപ്രകാരം സംസ്കാരം

ചെന്നൈ: രണ്ടു വിവാഹം കഴിച്ചയാൾ മരിച്ചപ്പോൾ രണ്ട് മതാചാരപ്രകാരം സംസ്കാരച്ചടങ്ങുകൾ. തമിഴ്നാട്ടിലെ ശിവഗംഗ ജില്ലയിലെ കാരക്കുടി സ്വദേശിയായ അൻവർ ഹുസൈന്റെ (ബാലസുബ്രഹ്മണ്യൻ-55) സംസ്കാരമാണ് ഹൈന്ദവ, ഇസ്‌ലാം വിശ്വാസപ്രകാരമുള്ള ചടങ്ങുകളോടെ നടത്തിയത്. ഇയാളുടെ ആദ്യഭാര്യ ശാന്തിയും രണ്ടാം ഭാര്യ ഫാത്തിമയും തമ്മിലുള്ള തർക്കത്തെത്തുടർന്ന് മദ്രാസ് ഹൈക്കോടതി മധുര ബെഞ്ച് ഉത്തരവിടുകയായിരുന്നു.

സർക്കാർ ബസ് ഡ്രൈവറായിരുന്ന ബാലസുബ്രഹ്മണ്യൻ 2019-ൽ ആദ്യ ഭാര്യ ശാന്തിയിൽനിന്ന് വിവാഹമോചനം നേടിയിരുന്നു. എന്നാൽ, ശാന്തിയുടെ അപ്പീലിനെത്തുടർന്ന് കോടതി വിവാഹമോചനം റദ്ദാക്കി. ഇതിനിടെ ഫാത്തിമയെ വിവാഹം ചെയ്ത ബാലസുബ്രഹ്മണ്യൻ മതംമാറി അൻവർ ഹുസൈനായി. ഫെബ്രുവരി 17-നാണ് ഇദ്ദേഹം മരിച്ചത്. നിയമപ്രകാരം താനാണ് ഭാര്യയെന്ന് ചൂണ്ടിക്കാട്ടി ശാന്തി പോലീസിനെ സമീപിച്ചു. ഫാത്തിമയും അവകാശവാദം ഉന്നയിച്ചതിനാൽ മൃതദേഹം കാരക്കുടി സർക്കാർ ആശുപത്രി മോർച്ചറിയിൽ സൂക്ഷിച്ചു.

ശാന്തിയുടെ ഹർജി ഹൈക്കോടതി മധുര ബെഞ്ചിലെ ജസ്റ്റിസ് ജി.ആർ. സ്വാമിനാഥൻ അടിയന്തരമായി പരിഗണിക്കുകയായിരുന്നു. മൃതദേഹം ആദ്യം ശാന്തിക്ക് വിട്ടുനൽകാനും അരമണിക്കൂർ സമയം ഇവരുടെ വിശ്വാസപ്രകാരമുള്ള ചടങ്ങുകൾ നടത്താനും കോടതി നിർദേശിച്ചു.

ഈ ചടങ്ങുകൾക്കുശേഷം മൃതദേഹം ഫാത്തിമയ്ക്ക് കൈമാറണം. പിന്നീട് ഇവർക്ക് ഇസ്‌ലാം വിശ്വാസപ്രകാരമുള്ള ചടങ്ങുകളോടെ അടക്കം ചെയ്യാനുള്ള അനുമതിയും നൽകി. ഇതുപ്രകാരം ചടങ്ങുകൾ നടന്നു.

# ഒഡീസിയസ് ചന്ദ്രനിലിറങ്ങിയ ആദ്യ സ്വകാര്യപേടകം

വാഷിങ്ടൺ: ചന്ദ്രോപരിതലത്തിലിറങ്ങുന്ന സ്വകാര്യ കമ്പനിയുടെ ആദ്യ പേടകമെന്ന ചരിത്രനേട്ടം സ്വന്തമാക്കി യുഎസിന്റെ ഒഡീസിയസ്. ടെക്സസിലെ ഹൂസ്റ്റൺ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന ഇന്റ്യൂയിറ്റീവ് മെഷിൻസ് (ഐ.എം) കമ്പനി നിർമ്മിച്ച നോവ-സി ലാൻഡറാണ് ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ ഇറങ്ങിയത്.

ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ ഇന്ത്യയുടെ ചന്ദ്രയാൻ-3 ഇറങ്ങി ആറു മാസം പിന്നിടുമ്പോഴാണ് ഒഡീസിയസിന്റെ നേട്ടം. അര നൂറ്റാണ്ടിനുശേഷം യുഎസ് ചന്ദ്രനിൽ മടങ്ങിയെത്തിയെന്ന് നാസാ അഡ്മിനിസ്ട്രേറ്റർ ബിൽ നെൽസൺ പറഞ്ഞു. 1972-ൽ നാസ വിക്ഷേപിച്ച അപ്പോളോ-17 ആണ് അവസാനമായി ചന്ദ്രനിലിറങ്ങിയ യുഎസ് പേടകം.

സ്പെയ്സ് എക്സിന്റെ ഫാൽക്കൺ-9 റോക്കറ്റുപയോഗിച്ച് ഈ മാസം 15-നാണ് ഒഡീസിയസ് വിക്ഷേപിച്ചത്. 14 അടിയാണ് നോവ-സി ലാൻഡറിന്റെ ഉയരം. ഒഡീസിയസ് എന്നാൽ ലാൻഡറിന്റെ വിളിപ്പേരാണ്. ആറുദിവസം കൊണ്ട് ഏകദേശം പത്തു ലക്ഷം കിലോമീറ്ററിനടുത്ത് സഞ്ചരിച്ചാണ് ദൗത്യം ചന്ദ്രനിലെത്തിയത്. ചന്ദ്രനിലിറങ്ങുന്നതിനു മുന്നോടിയായി ഭ്രമണപഥത്തിൽ മാറ്റം വരുത്തിയതിനെത്തുടർന്ന് ലാൻഡിങ്ങിൽ ചില വെല്ലുവിളികൾ നേരിട്ടിരുന്നു. ലാൻഡ് ചെയ്യുന്നതിനു തൊട്ടുമുമ്പായി പ്രദേശം നിരീക്ഷിക്കുന്നതിനുള്ള ലേസർ ഉപകരണങ്ങളിലും സാങ്കേതികത്തകരാറുണ്ടായി. പിന്നീട് കൺട്രോൾ റൂമും പേടകവുമായുള്ള ബന്ധം വിച്ഛേദിക്കപ്പെട്ടു. രണ്ട് മണിക്കൂറെടുത്ത് ബന്ധം പുനഃസ്ഥാപിച്ചതിനു ശേഷമാണ് പേടകം ലാൻഡ് ചെയ്തെന്ന വിവരം ലഭിക്കുന്നത്.



ഒഡീസിയസ് ചന്ദ്രന്റെ ഭ്രമണപഥത്തിലെത്തിയപ്പോൾ പകർത്തിയ ചിത്രം

മനുഷ്യനെ അര നൂറ്റാണ്ടിനുശേഷം വീണ്ടും ചന്ദ്രനിലെത്തിക്കാനുള്ള നാസയുടെ ആർട്ടെമിസ് ദൗത്യത്തിനുള്ള തയ്യാറെടുപ്പുകളുടെ ഭാഗമായാണ് ഒഡീസിയസിന്റെ വിക്ഷേപണം.വിവരശേഖരണത്തിനായി നാസയുടെ ആറ് ശാസ്ത്രോപകരണങ്ങൾ ഒഡീസിയസ് ചന്ദ്രനിലെത്തിച്ചു. ആർട്ടെമിസ് പേടകത്തിന്റെ ഗതിനിർണയത്തിനും ആശയവിനിമയത്തിനും ഉപയോഗിക്കാവുന്ന റെട്രോ റിഫ്ളക്ടറും കൂട്ടത്തിലുണ്ട്. സ്വകാര്യമേഖലയിലെ നാലാമത്തെ ചാന്ദ്രദൗത്യമാണ് ഒഡീസിയസ് നാസയുടെ കൊമേർഷ്യൽ ലൂണാർ പെലോഡ് സർവീസസ് (സി.എൽ.പി.എസ്) പരിപാടിയുടെ ഭാഗമായാണ് ഇന്റുയിറ്റീവ് മെഷീൻസ് ദൗത്യത്തിന് തെരഞ്ഞെടുക്കപ്പെട്ടത്.

## ദൈവാശ്രയം മാത്രം

(22-ാം പേജിൽനിന്നും)

ചിന്തിച്ച് ഹൃദയത്തിൽ സംഗ്രഹിക്കുക. കർത്തൃപാദങ്ങളിൽ മുട്ടുകുത്തി സകലവും അവനിൽ ഭരമേല്പിച്ച് ഇയ്യോബ് ചെയ്തതുപോലെ യഹോവയെ സ്തുതിച്ചാരാധിക്കുക. സകല ബുദ്ധിയേയും കവിയുന്ന സമാധാനം നിന്റെ ഹൃദയത്തിൽ നിറഞ്ഞുകവിഞ്ഞൊഴുകും. നിന്റെ ഹൃദയം കർത്താവിൽ ഉല്ലസിച്ചാനന്ദിക്കും. ഇടവിടാതെ പ്രാർത്ഥിപ്പാനും എല്ലാറ്റിനും എല്ലായ്പ്പോഴും സ്തോത്രം ചെയ്യാനുമുള്ള ശക്തി ലഭിക്കും. നിരാശയും ഭയവും ആശങ്കകളും സംശയങ്ങളും പമ്പകടക്കും. പിന്മാറ്റമോ ആത്മഹത്യയോ ഒരിക്കലും പരിഹാരമായിരിക്കുകയില്ല. അവ നാശത്തിലെത്തിക്കുകയേയുള്ളൂ. കൃപയാലെ, വിശ്വാസംമൂലം കർത്താവായ യേശുക്രിസ്തുവിനെ നിങ്ങളുടെ ഹൃദയത്തിൽ കർത്താവും രക്ഷിതാവുമായി അംഗീകരിച്ചിട്ടില്ലെങ്കിൽ ഇന്നുതന്നെ നിങ്ങളുടെ ഹൃദയം കർത്താവിനായി സമർപ്പിച്ച് നിത്യജീവന്റെ, നിത്യസൗഭാഗ്യത്തിന്റെ അവകാശികളായി പിതാവായ ദൈവഭവനത്തിൽ ദൈവമക്കളായി വീണ്ടും ജനിച്ച് സ്വർഗ്ഗീയാവകാശികളായിത്തീരുവാൻ പരമാധികാരിയായ സർവ്വശക്തൻ നിങ്ങളെ സഹായിക്കട്ടെ.

# കമ്പനികൾ ബിജെപിക്ക് 335 കോടി നല്കിയെന്ന് കോൺഗ്രസ്

ന്യൂഡൽഹി: ബിജെപിക്ക് സംഭാവന പിരിക്കാനായി അന്വേഷണ ഏജൻസികളെ കേന്ദ്രസർക്കാർ ദുരുപയോഗം ചെയ്യുകയാണെന്നും സുപ്രീം കോടതിയുടെ മേൽനോട്ടത്തിൽ അതേക്കുറിച്ച് അന്വേഷിക്കണമെന്നും കോൺഗ്രസ്.

2018-19 മുതൽ 2022-23 വരെയുള്ള നാല് സാമ്പത്തിക വർഷങ്ങളിൽ ഇത്തരത്തിൽ അന്വേഷണം നേരിട്ട 30 കമ്പനികൾ ബിജെപിക്ക് 335 കോടി സംഭാവന നല്കിയതായി കോൺഗ്രസ് ദേശീയ ജനറൽ സെക്രട്ടറി ജയറാം രമേശ് പത്രസമ്മേളനത്തിൽ പറഞ്ഞു.

വിഷയത്തിൽ ഒന്നും മറച്ചുവെക്കാനില്ലെങ്കിൽ ഈ കമ്പനികളിൽ നിന്ന് ബിജെപി സംഭാവന പിരിച്ചതിന്റെ വിവരങ്ങൾ വെളിപ്പെടുത്തണമെന്നും ഇതേക്കുറിച്ച് ധവളപത്രം പുറത്തിറക്കണമെന്നും ആവശ്യപ്പെട്ട് സംഘടനാ ചുമതലയുള്ള ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ ധനമന്ത്രി നിർമലാ സീതാരാമന് കത്തയച്ചതായും അദ്ദേഹം വ്യക്തമാക്കി.

കണക്കു പുറത്തുവിടാൻ താല്പര്യമില്ലെങ്കിൽ സുപ്രീം കോടതിയുടെ അന്വേഷണ സമിതിക്കു മുമ്പാകെ കണക്കുകൾ നല്കണമെന്നും കത്തിൽ ആവശ്യപ്പെട്ടു.

30 കമ്പനികളിൽ 187.58 കോടി നല്കിയ 23 കമ്പനികൾ 2014-ലോ റെയ്ഡ് ചെയ്യപ്പെട്ട വർഷം വരെയോ ബിജെപിക്ക് സംഭാവന നല്കിയിരുന്നില്ല. ഇതിൽ നാല് കമ്പനികൾ അന്വേഷണ ഏജൻസികൾ സന്ദർശിച്ച് നാലു മാസത്തിനുള്ളിലാണ് 9.05 കോടി കൈമാറിയത്.

ബിജെപിക്ക് സംഭാവന നല്കിയിരുന്ന ആറ് കമ്പനികൾ ഏജൻസികൾ സന്ദർശിച്ചതോടെ സംഭാവന കൂട്ടി. ബിജെപിക്ക് സംഭാവന നല്കിക്കൊണ്ടിരുന്നശേഷം നിർത്തിയ ആറ് കമ്പനികളും അന്വേഷണം നേരിട്ടു: കത്തിൽ വേണുഗോപാൽ ചൂണ്ടിക്കാട്ടി.

# ഡ്രൈവിംഗ് ടെസ്റ്റിൽ അടിമുടി പരിഷ്കാരം

തിരുവനന്തപുരം: സംസ്ഥാനത്തെ ഡ്രൈവിംഗ് ടെസ്റ്റ് പരിഷ്കരിച്ചുകൊണ്ട് മോട്ടോർ വാഹന വകുപ്പ് പുതിയ സർക്കുലർ പുറത്തിറക്കി. പുതിയ മാറ്റങ്ങൾ മെയ് ഒന്നു മുതൽ പ്രാബല്യത്തിൽ വരും. ഇരുചക്ര വാഹനങ്ങളുടെ ടെസ്റ്റിന് കാലിൽ ഗിയറുള്ള വാഹനം ഉപയോഗിക്കണമെന്നും കാർ ലൈസൻസിന് ഓട്ടോമാറ്റിക് ഗിയറുള്ള കാർ ഉപയോഗിക്കാൻ പാടില്ലെന്നും പുതിയ സർക്കുലറിൽ പറയുന്നു. ഗിയറുള്ള കാറിൽ മാത്രമേ ടെസ്റ്റ് നടത്താവൂ എന്നാണ് പുതിയ നിർദേശം. കാർ ടെസ്റ്റിനു നേരത്തെ ഉണ്ടായിരുന്ന എച്ച് ആകൃതിയിൽ വാഹനം ഓടിക്കൽ ഒഴിവാക്കും. 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള വാഹനങ്ങൾ ടെസ്റ്റിന് ഉപയോഗിക്കാൻ പാടില്ലെന്നും നിർദേശത്തിൽ വ്യക്തമാക്കുന്നു.

വാഹനങ്ങളുടെ റോഡ് ടെസ്റ്റ് റോഡിൽ തന്നെ നടത്തണമെന്നും സർക്കുലറിൽ പറയുന്നു. ടെസ്റ്റ് കേന്ദ്രങ്ങളിൽ തന്നെ റോഡ് ടെസ്റ്റ് നടത്തുന്നത് നിയമവിരുദ്ധമാണെന്നും സർക്കുലറിൽ വ്യക്തമാക്കുന്നു. വിവിധ തരത്തിൽ വാഹനം പാർക്ക് ചെയ്യാനുള്ള പരിശോധനയും അതോടൊപ്പം കൊണ്ടുവന്നു. ഇരുചക്ര വാഹനങ്ങളുടെ ടെസ്റ്റ് റെക്കോർഡ് ചെയ്ത് സൂക്ഷിക്കണം. ഡ്രൈവിംഗ് സ്കൂളുകൾ കൊണ്ടുവരുന്ന കാറുകൾക്ക് ഡാഷ് കാമറ നിർബന്ധമാകും. ടെസ്റ്റ് കാമറയിൽ റെക്കോർഡ് ചെയ്യണം. ലൈസൻസ് ടെസ്റ്റിനു ശേഷം ഈ കാമറയുടെ മെമ്മറി കാർഡ് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വാങ്ങി വീഡിയോ സേവ് ചെയ്ത് സൂക്ഷിക്കണമെന്നും സർക്കുലറിൽ പറയുന്നു.

SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______

- ❑ Enclosing $ 200.00 for five years.
- ❑ Enclosing my subscription of $ 54.00 for one year.
- ❑ Enclosing my subscription of $99.00 for two years.
- ❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ______

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ______

CARD ACCOUNT NUMBER

SEC. CODE:


Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076

630 728 7956 FAX : 773 304 1917

Subscription fee non-refundable


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


MIDWEST
WINDOWS & DOORS
45% OFF FOR WINDOWS
40% OFF FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


കൈരളി ടി. വി.
KAIRALI
THE MALAYALAM CHANNEL
ഒരു ജനതയുടെ ആത്മാവിഷ്ക്കാരം
എന്നും ജനങ്ങളോടൊപ്പം
KAIRALI
KAIRALI NEWS
WE
ARABIA
Mammootty
Chairman, Kairali TV
John Brittas
Managing Director, Kairali TV
+VE VIBES
@INDIANA
Jose Kadapuram
Director in USA
Tel: 914 954 9586
email: kairalitvny@gmail.com
Jose Plackatt,
Director - Production
Tel: 972 839 9080
AMERICAN CAFE
Call:1855-734-0444
Time: SUNDAY - 9.00PM to 10.00PM.
Eastern time zone (New York)
American Cafe
AMERICAN FOCUS
Time: SUNDAY 8.30PM to 9.00PM
Eastern time zone (New York)
AMERICAN Focus
KAIRALI NEWS USA
Time: SATURDAY 8.30PM to 9.00PM
Eastern time zone (New York)
USA WEEKLY NEWS
PRODUCTION TEAM
New York:- Binu Thomas Tel: 516 322 3919.
New York:- Jacob Manuel Tel: 516 418 8406
Houston:- Abyson Abraham Tel: 914 439 6715.
Chicago:- Dominic Chollampel Tel: 847 436 6199
Pennsylvania:- Giji. Tel: 215 820 2125.
KAIRALI
THE MALAYALAM CHANNEL
dish NETWORK
Tel:1-888-605-7572
WATCH LIVE MALAYALAM CHANNELS 1 (888) 363-1777
sling മലയാളം
TELEVISION

# FOKANA's 21st National Convention 2024

## July 18 to 20

**Venue: Montgomery County Conference Center, 5701 Marinelli Rd, North Bethesda, MD 20852**

We invite you to be a part of this historic event by taking advantage of our early bird registration fees:

- **Family (2 adults and kids): $999**
- **2 Adults: $699**
- **Individual: $599**

Please note that the early bird registration deadline is January 31, 2024. After Jan 31st, registration fees:

- **Family (2 adults and kids): $1499**
- **2 Adults: $1099**
- **Individual: $899**

**ONE FOKANA Forever**



DR. BABU STEPHEN
**President**



DR. KALA SHAHI, MD.PHD
**General Secretary**



MR. BIJU JOHN
**Treasurer**



JOHNSON THANKACHAN
**Convention Chair**

| Kala Shahi | Biju John | Johnson Thankachan |
|---|---|---|
| Secretary | Treasurer | Convention Chair |
| 2023598427 | (516) 445-1873 | 8049311265 |

Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**